തൃശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ കാർഷിക രംഗത്ത് ഏറ്റവും കൂടുതൽ അറിയപ്പെടുന്ന പഞ്ചായത്തായിരുന്നു ചേലക്കര . പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം എന്നത് 5975.8643 ഹെക്ടർ . 3844.6422 ഹെക്ടർ സ്ഥലവും കൃഷിയും , 2073.1557 ഹെക്ടർ സ്ഥലം വനപ്രദേശമാണ് . അന്ന് ആകെയുള്ള 6350 കുടുംബങ്ങളിൽ 85 ശതമാനവും കാർഷിക കുടുംബങ്ങളാണ് .ചേലക്കര ഗ്രാമപഞ്ചായത്ത് മധ്യ കാർഷിക മേഖലയിൽ ഉൾപ്പെട്ടിരുന്നു . ഈർപ്പമുള്ള ഉഷ്ണ മേഖല കാലാവസ്ഥയാണ് പൊതുവിൽ അനുഭവപ്പെടുന്നത് . വർഷത്തിൽ ശരാശരി 25.67 MM മഴയും , ശരാശരി കൂടിയ അന്തരീക്ഷ താപനില 32.3 ഡിഗ്രി സെന്റീഗ്രേഡും ആണ് . ചെറുകിട കർഷ ക കുടുംബങ്ങൾ –3048 പരിമിത കർഷക കുടുംബങ്ങൾ –1930 വലിയ കർഷക കുടുംബങ്ങൾ –102	ജില്ലയിൽ കാർഷിക രംഗത്ത് ഏറ്റവും കൂടുതൽ അറിയപ്പെടുന്ന പഞ്ചായത്താണ് ഇന്ന് ചേലക്കര . പഞ്ചായത്തിന്റെ 5975.8 Hr വരുന്ന വിസ്തീർണത്തിൽ 2951 Hr സ്ഥലം കൃഷിയാണ് . ആകെയുള്ള 11115 കുടുംബങ്ങളിൽ 78% കർഷതക കുടുംബങ്ങളാണ് . പ്രധാനമായും മഴയെ ആശ്രയിച്ചു കൃഷി ചെയ്യുന്ന രീതിയാണ് ഭൂരിപക്ഷം കർഷകരും സ്വീകരിച്ചു വരുന്നത് . കുറഞ്ഞ ശതമാനം കർഷകർക്ക് ജലസേചന പദ്ധതികൾ ഒരുക്കുന്നതിന് ജന പങ്കാളിത്ത വികസനം വഴി ഇതിനകം കഴിഞ്ഞിട്ടുണ്ട് . കാലാവസ്ഥ വ്യതിയാനം കർഷകരുടെ ഉത്പാദനത്തെ ബാധിക്കുന്ന അവസ്ഥ പല വർഷങ്ങളിലും അനുഭവപ്പെടുന്നുണ്ട് . സർക്കാരിന്റെ വിവിധ ധനസഹായ പദ്ധതികളാണ് കർഷകർക്ക് ചെറിയ ഒരാശ്വാസം . ഇത്തരം ധന സഹായ പദ്ധതികൾ വഴി കർഷകർക്ക് വരും കാലങ്ങളിൽ മുന്നോട്ടു പോകാൻ കഴിയില്ല. ആയതിന് സ്ഥായിയായ പരിഹാരം കാണുന്ന സുസ്ഥിര വികസന പദ്ധതികൾ അനിവാര്യമാണ്. വരുംകാല പഞ്ചവത്സര പദ്ധതികളിൽ വെള്ള പൊക്കം നേരിടുന്നതിനും , വരൾച്ച നേരിടുന്നതിനും ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ വികസന തന്ത്രങ്ങൾ നടപ്പാക്കേണ്ടതുണ്ട് . പുതയിടുന്നത് വിളകളുടെ ജലസേചന ആവശ്യം 75% കുറയ്ക്കുവാൻ ഉപകരിക്കുന്ന ഒരു മാർഗ്ഗമാണ്. ഇതുവഴി മണ്ണിലെ ജല സംഭരണികളുടെ ശേഷി കൂടുകയും അതുവഴി വിളകളുടെ വരൾച്ച അതി ജീവിക്കാനുള്ള കഴിവിനെ വർദ്ധി പ്പിക്കുവാനും ആകും . ആവരണ വിളകൾ ഉൾപ്പെടുത്താൻ കഴിഞ്ഞാൽ മണ്ണിൽ നിന്നുള്ള ജല നഷ്ടം കുറച്ച് , കൂടുതൽ വെള്ളം സംഭരിക്കുന്നതിനു കഴിയും . കുടുംബങ്ങളിലും , കൃഷിയിടങ്ങളിലും ജല ബഡ്ജറ്റ് ശീലം വളർത്താൻ ശ്രമിക്കേണ്ടതുണ്ട്. മണ്ണിന്റെ ഉപരിതലത്തിൽ ഇലകൾ, പുല്ല് , ചകിരി, തേങ്ങ തൊണ്ട് എന്നിവ ഉപയോഗിച്ച് പുതയിടുന്നത് വഴി മണ്ണിന്റെ താപ നില 3 ഡിഗ്രി സെല്ഷ്യസ് വരെ കുറക്കാൻ കഴിഞ്ഞേക്കും . മുമ്പ് കൃഷിക്കാർ സ്വീകരിച്ചിരുന്ന , ഈ രീതി നിലവിൽ കുറഞ്ഞു വരുന്നതായി കാണുന്നു. ഈ രീതി തുടങ്ങുവാൻ കർഷകർ തയ്യാറെടുക്കേണ്ടതുണ്ട്. പഞ്ചായത്തിലെ വിവിധ തോടുകളിൽ നിർമിച്ചിട്ടുള്ള 10 ചീർപ്പു കൾ മൂലം അതാതു പ്രദേശത്തെ നെൽ പാടങ്ങളിൽ രണ്ടാം വിള ഉണങ്ങാതെ വിളവ് എടുക്കുന്നതിന് ഒരു പരിധി വരെ ഉപകരിക്കുന്നുണ്ട് . ഇനിയും ഇത്തരത്തിലുള്ള ചീർപ്പുകളുടെ നിർമ്മാണം നെൽകൃഷി മേഖലക്ക് ആവശ്യമാണ് . പരക്കാട് ജില്ല കൃഷിതോട്ടത്തിലെ ചെക്ക് ഡാമിൽ നിന്നും വെങ്ങനെല്ലൂർ വില്ലേജിലെ രണ്ട് പാടശേഖര

	സമിതികളിലായി വരുന്ന 305 ഓളം കർഷകർക്ക് ജലസേചനത്തിനായി വെള്ളം ഉപയോഗിച്ച് വരുന്നു. തോടിന്റെ സൈഡ് കെട്ടി സംരക്ഷണം ഉറപ്പാക്കേണ്ടത് ജല ശോഷണത്തിനു അത്യാവശ്യമാണ് . അസുരൻ കുണ്ട് ഡാം സ്ഥിതി ചെയ്യുന്നത് മുള്ളുർക്കര പഞ്ചായത്തിൽ ആണെങ്കിലും ഈ ഡാമിലെ വെള്ളം തോന്നൂർക്കര വില്ലേജിലെ 2 പാടശേഖരങ്ങളിൽ വരുന്ന മുഴുവൻ നെൽ കർഷകർക്കും ഈ പ്രദേശത്തെ നേന്ത്ര വാഴ കർഷകർക്കും , പച്ചക്കറി കർഷകർക്കും ജല സേചനത്തിന് ഉപയോഗിച്ച് വരുന്നു. ജല സേചന കനാൽ പുതിയതായി നിർമിച്ച് ജല ശോഷണം നടത്തേണ്ടത് കർഷകരുടെ അത്യാവശ്യമാണ് . കാർഷിക മേഖലയിലെ ഉത്പാദനങ്ങൾ ശേഖരിക്കുന്നത്തിനും , സംഭരിക്കുന്നതിനും , വിൽപ്പന നടത്തുന്നതിനും പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു സ്ഥാപനം തുടങ്ങേണ്ടത് കർഷ കരെ കച്ചവടക്കാരുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനും , ന്യായവില ലഭിക്കുന്നതിനും ആവശ്യമാണ്

നെൽകൃഷി	
അന്ന്	ഇന്ന്
പഞ്ചായത്തിൽ നെൽകൃഷി ചെയ്യുന്നത് , മുണ്ടകൻ , വിരിപ്പ് , വിരിപ്പ് + മുണ്ടകൻ , വിരിപ്പ് + മുണ്ടകൻ + പച്ചക്കറി , മുണ്ടകൻ + പച്ചക്കറി തുടങ്ങി വ്യത്യസ്ഥ വിള സംബ്രദായങ്ങൾ നിലവിലുണ്ട് . വിവിധ ചെറു നീർ തടങ്ങളിലായി വയലിൽ പച്ചക്കറി കൃഷിയും , വളരെ കുറച്ചു ഭാഗങ്ങളിൽ വയലിൽ വാഴ , പൈനാപ്പിൾ മുതലായവയും കൃഷി ചെയ്യുന്നുണ്ട്. 1047 ഹെക്ടർ സ്ഥലത്ത് വിരിപ്പും , 944 ഹെക്ടർ സ്ഥലത്ത് മുണ്ടകൻ കൃഷിയും ചെയ്തു വന്നിരുന്നു . കൃഷി പ്രോത്സാഹനത്തിന് ഹെക്ടറിന് 250 രൂപ നിരക്കിൽ അന്ന് ഉൽപാദന ബോണസ് നൽകിയിരുന്നു. അന്ന് പഞ്ചായത്തിൽ 17 പാടശേഖര സമിതികൾ ഉണ്ടായിരുന്നു	ചേലക്കര ഗ്രാമ പഞ്ചായത്തിൽ 600 ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ചെയ്തു വരുന്നത് . വിരിപ്പ് കൃഷി (150 ഹെക്ടർ) 90 ശതമാനം പൊടിവിദ രീതിയിലാണ് കൃഷി ചെയ്യുന്നത് . മുണ്ടകൻ കൃഷി (450 ഹെക്ടർ) നടീൽ സമ്പ്രദായത്തിൽ ചെയ്തു വരുന്നു . ചേലക്കര ടൗണിന്റെ വികസനവും , പാർപ്പി ടങ്ങളുടെ വർദ്ധ നവും നേരിട്ടും അല്ലാതെയും നെൽകൃഷിയുടെ വിസ്തീർണം കുറയുന്നതിന് കാരണമായിട്ടുണ്ട് . നിലവിലെ ഉത്പാദന ക്ഷമത 2200 കിലോയാണ് . സബ്സീഡി നിരക്കിൽ ഹൈബ്രിഡ് ഇനം നെൽവിത്ത് ലഭ്യമാക്കിയും , ഹെക്ടറിന് 5000 എന്ന നിരക്കിൽ സബ്സീഡി ലഭ്യമാക്കിയും നെൽകൃഷി നഷ്ട്ടത്തിലാകാതെ കർഷകനെ സാഹായിക്കുന്നു . കൂടാതെ സർക്കാർ താങ്ങ് വില നൽകി നെല്ല് സംഭരിക്കുകയും ചെയ്യുന്നു . കെട്ടിടങ്ങൾക്കും , പാർപ്പിടങ്ങൾക്കും വേണ്ടി പാടങ്ങൾ നികത്തിയതും , തോടുകൾ , നീർച്ചാലുകൾ എന്നിവയിൽ പലതും മൂടി നശിച്ചു പോയതും നെൽകൃഷിയെ ബാധിച്ചിട്ടുണ്ട് . കാലാവസ്ഥ വ്യതിയാനം മൂലമുള്ള മഴയും, വരൾച്ചയും , വെള്ളപൊക്കവും കൃഷിയെ പലതവണ നഷ്ടത്തിലാക്കി കർഷകനെ കടക്കെണിയിൽ തള്ളിവിടുന്ന സാഹചര്യവും നിലനിൽക്കുന്നുണ്ട് . ആയതിനെ ഒരു പരിധിവരെ സഹായിക്കുവാൻ വിള ഇൻഷുറൻസ് പദ്ധതിയും പ്രകൃതിക്ഷോപ നഷ്ടപരിഹാരവും കർഷകരെ സഹായിക്കുന്നു . അതുപോലെ തന്നെ താങ്ങ് വില നല്കി യുള്ള നെല്ല് സംഭരണം കരകർഷകർക്ക് സഹായകരമാണെങ്കിലും കൃത്യസമയത്ത് പണം കയ്യിൽ ലഭികാത്തത് കാരണം നേരിയ ശതമാനം കർഷകർ പ്രാദേശിക നെല്ല് കച്ചവടക്കാർക്ക് കുറഞ്ഞ വിലക്ക് നെല്ല് വിൽക്കുന്ന അവസ്ഥയും നില നിൽക്കുന്നു. പ്രാദേശികമായി നെല്ല് സംഭരണത്തിനും , സംസ്കരണത്തിനും സജ്ജീകരണങ്ങൾ ഒരുക്കേണ്ടാതാണ് എന്ന് മനസിലാക്കുന്നു. കാട്ടു മൃഗങ്ങളുടെ ആക്രമണം ആണ് കർഷകർ നേരിടുന്ന മറ്റൊരു വലിയ പ്രശ്നം. സോളാർ വൈദ്യുതി വേലി പോലുള്ള മാർഗങ്ങൾ മാത്രമാണ് ഒരു പരിധിവരെയെങ്കിലും ഇതിന് ഒരു പരിഹാരമാകുന്നുള്ളൂ. മഴയെ ആശ്രയിച്ച് മാത്രം കൃഷി ചെയ്യുന്ന ഭൂപ്രദേശമാണ് ചേലക്കര. ആയതിനാൽ തോടുകളുടെയും , കുളങ്ങളുടെയും സംരക്ഷണം ഉറപ്പ് വരുത്തുന്നത് വഴി മാത്രമേ ജലസേചനം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

	ഉയർന്നു വരുന്ന താപനില വിളയുടെ പൂർണ വളർച്ച സമയം കുറക്കുന്നത് വഴി നെല്ലുൽപാദന ക്ഷമതയും കുറക്കുന്നു. താപനിലയിലെ വർദ്ധനവ് നെൽച്ചെടികളിലെ ശൂന്യമായ ചെറിയ കതിരുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നു. വിവിധ പ്രദേശങ്ങളിൽ കണ്ടു വരുന്ന ചെറിയ കീടങ്ങൾ പ്രധാന കീടങ്ങളായി മാറി നെൽകൃഷിയെ നശിപ്പിക്കുകയും ഉയർന്ന താപനില പുതിയ രോഗബാധകൾ ഉണ്ടാക്കുകയും ചെയ്യും .ജ്യോതി, രോഹിണി, ഉമ, ഭവാനി, പൊന്മണി, പൂജ്യംപത്ത് എന്നീ നെൽഇനങ്ങളാണ് നിലവിൽ കൃഷി ചെയ്തുവരുന്നത്.

പൊട്ടൻചിറ പാടശേഖരം

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

പാടശേഖര സമിതി വിവരങ്ങൾ

ക്രമ നമ്പർ	പാടശേഖരത്തിന്റെ പേര്	അന്ന്		ഇന്ന്	
		വിസ്തീർണ്ണം ഹെക്ടറിൽ	കർഷകരുടെ എണ്ണം	വിസ്തീർണ്ണം ഹെക്ടറിൽ	കർഷകരുടെ എണ്ണം
1	കുട്ടാടൻ കരിങ്കുളം നെല്ലുല്പാതക സമിതി. R.NO 465/93	75	195	71	184
2	മലംബാടം പാടശേഖര സമിതി. R.NO 414/92	40	75	----	----
3	ചേലക്കര പത്തുകുടി നെല്ലുപാതക സമിതി R.No 351/93	47	55	45	50
4	പരക്കാട് മെതുക് പാടശേഖര നെല്ലുൽ പാതക സമിതി R.No 282/93	60	40	50	35
5	പാലിയംപാടം ഗ്രൂപ്പ് ഫാമിംഗ് സമിതി R.No 643/90	60	120	----	----
6	കളപ്പാറ-മങ്ങാട് പാടശേഖര സമിതി R.NO 51894	65	100	55	79
7	നാട്ട്യൻചിറ പാടശേഖര ഗ്രൂപ്പ് ഫാമിംഗ് സമിതി R.No 542/94	50	115	45	102
8	ആര്യംപാടം-വെങ്ങാനെല്ലൂർ നെല്ലുൽപാതക സമിതി R.No 553/94	80	145	75	131
9	വട്ടുള്ളി മലയോര പാടശേഖര സമിതി R.No 29/94	50	75	46	69
10	തോന്നൂർക്കര കുമ്പഴ പാടശേഖര നെല്ലുൽപാതക സമിതി R.No 92/94	50	220	43	189
11	ചേലക്കര-കോളത്തൂർ നെല്ലുൽപാതക സമിതി R.No 567/94	30	120	28	112
12	കുറുമല പാടശേഖര നെല്ലുൽപാതക സമിതി R.No 28891	65	205	60	180
13	അടക്കോട് പാടശേഖര നെല്ലുൽപാതക സമിതി R.No 363/93	60	90	40	60
14	തോന്നൂർക്കര-പടിഞ്ഞാറ്റുറി പാടശേഖര നെല്ലുൽപാതക സമിതി R.No 351/94	60	165	41	153
15	പങ്ങാരപ്പിള്ളി പാടശേഖര നെല്ലുൽപാതക സമിതി R.No 519/91	100	290	80	243
16	പുലാക്കോട്-വടക്കുമുറി പാടശേഖര നെല്ലുൽപാതക സമിതി R.No 308/96	75	240	68	208
17	വെങ്ങാനെല്ലൂർ നെല്ലുൽപാതക സമിതി R.No 64/94	80	160	71	137
	ആകെ	1047	2410	818	1937

കൃഷികളുടെ പേരും പട്ടികയും

ക്രമ	വിള	വിസ്തീർണ്ണം		മൊത്തം ഉത്പാദനം		ഉത്പാദന ക്ഷമത ഹെക്ടറിൽ	
		അന്ന്	ഇന്ന്	അന്ന്	ഇന്ന്	അന്ന്	ഇന്ന്
1	നെല്ല്(വിരിപ്പ്) നെല്ല് (മുണ്ടകൻ)	1047 944	150 450	2617.5 MT 2265.6 MT	525 MT 1800 MT	2500 Kg 3250 Kg	3500 Kg 4000 Kg
2	പയർ	25	35	50 MT	87.5 MT	2000 Kg	2500 Kg
3	എള്ള്	22	15	4.4 MT	3.30 MT	200 Kg	200 Kg
4	പച്ചക്കറികൾ	40	90	15 MT	120 MT	375 Kg	1335 Kg
5	തെങ്ങ്	723	783	6326 ദശലക്ഷം	6500 ദശലക്ഷം	14000 എണ്ണം	20000 എണ്ണം
6	വാഴ	115	106	1437.5 MT	1590 MT	12500 KG	15000 KG
7	മരച്ചീനി	71	15	2942.0 MT	750 MT	41.43 MT	50 MT
8	കുരുമുളക്	120	225	54 MT	135 MT	450 KG	600 KG
9	പ്ലാവ്	10	02	വിവരങ്ങൾ ലഭ്യമല്ല	2.2 MT	വിവരങ്ങൾ ലഭ്യമല്ല	1100 Kg
10	കശുമാവ്	60	3	57.6 MT	3.07 MT	900 KG	1025 KG
11	റബ്ബർ	1500	1055	1350 MT	11605 MT	900 KG	1100 KG
12	കവുങ്ങ്	15	132	26 MT	250.8 MT	1733 KG	1900 KG
13	ഇഞ്ചി	40	20	160 MT	100 MT	4000 KG	5000 KG
14	മഞ്ഞൾ	5	4	17.5 MT	16 MT	3500 KG	4000 KG
15	മറ്റു കൃഷികൾ	26	38	വിവരങ്ങൾ ലഭ്യമല്ല	വിവരങ്ങൾ ലഭ്യമല്ല	വിവരങ്ങൾ ലഭ്യമല്ല	വിവരങ്ങൾ ലഭ്യമല്ല

നടീൽ തൈകളുടെ വിതരണം

ക്രമ നമ്പർ	ഇനം	അന്ന്	ഇന്ന്
1	തെങ്ങ്	332 എണ്ണം	675 എണ്ണം
2	കശുമാവ്	650 എണ്ണം	250 എണ്ണം
3	കുരുമുളക്	15000	17000 വള്ളികൾ
4	കവുങ്ങ്	വിവരങ്ങൾ ലഭ്യമല്ല	1500 തൈകൾ
5	പയർവർഗങ്ങൾ	200	1350 തൈകൾ
6	നെൽ വിത്ത്	1000	4000 കി.ഗ്രാം
7	മാവ്	വിവരങ്ങൾ ലഭ്യമല്ല	650 എണ്ണം
8	ഫലവർഗ്ഗങ്ങൾ	160	1100 എണ്ണം
9	കൊക്കോ	220	വിവരങ്ങൾ ലഭ്യമല്ല
10	പച്ചക്കറി വിത്തുകൾ	വിവരങ്ങൾ ലഭ്യമല്ല	9.700 കി.ഗ്രാം

കാർഷിക ഉപകരണങ്ങളുടെ പേരും പട്ടികയും

ക്രമ നമ്പർ	ഉപകരണം	അന്ന്	ഇന്ന്
1	ട്രാക്ടർ	12	പ്രവർത്തന ക്ഷമമായ ഒന്നുമില്ല
2	റോക്സ് സ്പ്രേ	36	88
3	മെതിയന്ത്രം	2	19
4	തെങ്ങ് കയറ്റ യന്ത്രം	19	126
5	പോർടബിൾ പമ്പ്സെറ്റ്	188	312
6	വൈദ്യുതി പമ്പ് സെറ്റ്	12	392
7	കാട് വെട്ട് യന്ത്രം	0	298

തെങ്ങ്	
അന്ന്	ഇന്ന്
പഞ്ചായത്തിലെ 723 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്തിരുന്നു. വയലിനോട് ചേർന്ന കരഭൂമിയിലും, ചെരിവുള്ള പ്രദേശങ്ങളിലുമാണ് അന്ന് വ്യാപകമായി തെങ്ങ് കൃഷി ചെയ്തിരുന്നത്. അതുപോലെ തന്നെ ചില സ്ഥലങ്ങളിൽ നെൽപാടങ്ങൾ നികത്തി തെങ്ങു കൃഷി ചെയ്തു വരുന്നുണ്ടായിരുന്നു.	നിലവിൽ 783 ഹെക്ടർ സ്ഥലത്താണ് തെങ്ങ് കൃഷി ചെയ്യുന്നത്. നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ ഉൽപാദിപ്പിക്കുന്ന കാർഷിക വിളയാണ് നാളികേരം. തെങ്ങ് അനേക വർഷം നിലനിൽക്കുന്ന വിളയാണ്. വിവിധ തരം മണ്ണും കാലാവസ്ഥയുമുള്ള പ്രദേശങ്ങളിൽ തെങ്ങ് വളരുന്നു. വർഷത്തിൽ പരക്കെ ലഭിക്കുന്ന മഴയാണ് തെങ്ങിന്റെ ശരിയായ വളർച്ചക്കും, പരമാവധി ഉൽപാദനത്തിനും ഉത്തമം മുമ്പ് തെങ്ങ് മാത്രം കൃഷി ചെയ്തു വന്നിരുന്ന ഭൂമിയിൽ പലരും കൂടുതൽ വരുമാനം പ്രതീക്ഷിച്ച് റബ്ബർ കൃഷി ചെയ്യുന്ന രീതി പഞ്ചായത്തിലെ പല പ്രദേശങ്ങളിലും നിലനിൽക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഗുണമേന്മയുള്ള തൈകൾ ആണ് ഇപ്പോൾ കർഷകർ നടാൻ ഉപയോഗിക്കുന്നത്. അത് കൊണ്ട് തന്നെ തേങ്ങയുടെ ഉൽപാദനക്ഷമത കഴിഞ്ഞ കാലങ്ങളിൽ നിന്നും വർദ്ധിക്കുന്നതിന് ഇടയായിട്ടുണ്ട്. മാത്രമല്ല മുൻ കാലങ്ങളിൽ വീടിനോട് ചേർന്ന പുരയിടങ്ങലിൽ മാത്രമാണ് തെങ്ങ് കൃഷിക്ക് ജലസേചനം നടത്തിയിരുന്നത്. എന്നാൽ ഇന്ന് തുറസ്സായ കിണറുകളിലെയും, കുളങ്ങളിലെയും ജല ലഭ്യത കുറഞ്ഞിട്ടുണ്ട്. എങ്കിലും ഭൂരിഭാഗം കർഷകരും കുഴൽ കിണർ നിർമ്മിച്ച് ജലസേചനം നടത്തുന്നത് ഉൽപാദന ക്ഷമത വർദ്ധിക്കാൻ ഇടയായിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ പല കർഷകരും ചെറിയ തോതിൽ ഉയരം കുറഞ്ഞ വിഭാഗത്തിൽ പെടുന്ന കുള്ളൻ ഇനത്തിൽപ്പെട്ട തൈകൾ നടുന്നത് ശീലമാക്കിയിട്ടുണ്ട് വരും കാലങ്ങളിൽ തെങ്ങിൻ തൈകൾ നടുമ്പോഴും വിതരണം ചെയ്യുമ്പോഴും ഇളനീർ ഉപയോഗത്തിന് പറ്റിയതരം തൈകൾ കൂടി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. തെങ്ങ് കൃഷി വികസനത്തിനുവേണ്ടി നിരവധി പദ്ധതികളാണ് പഞ്ചായത്ത് നടത്തിവരുന്നത്. ഇത് പരമാവധി ഉപയോഗിക്കാൻ കർഷകർക്ക് കഴിയേണ്ടതുണ്ട്. സങ്കരയിനം തെങ്ങിൻ തൈകൾ ഉൾപെട്ടിട്ടുള്ള തെങ്ങിൻ തോട്ടങ്ങൾ നിലവിൽ നിലനിൽക്കുന്നു. തെങ്ങിന് ജൈവ വളത്തിന് സബ്സിഡി അനുവദിക്കുന്ന പഞ്ചായത്ത് പദ്ധതി കർഷകർക്ക് ഒരു കൈത്താങ്ങാണ്. തെങ്ങ് കയറ്റക്കാരുടെ ദൗർലഭ്യവും മലയണ്ണാൻ, കുരങ്ങൻ തുടങ്ങിയ മൃഗങ്ങളുടെ ശല്യം തെങ്ങ് കൃഷിയെ കാര്യമായി ബാധിച്ചിട്ടുണ്ട്. സങ്കരയിനം തൈകൾ ഉൽപാദന വർദ്ധനവിന് സഹായിച്ചെങ്കിലും കീട രോഗബാധ കൂടുതലാണെന്നതും പ്രശ്നമായി നിലനിൽക്കുന്നു. നിലവിലെ സാഹചര്യത്തിൽ സർക്കാർ താങ്ങ് വിലയും നാളികേര സംഭരണവും സമയ ബന്ധിതമായി നടപ്പിലാക്കേണ്ടതുണ്ട്.

	ഹെക്ടറിൽ 20000 എണ്ണം നാളികേരമാണ് ഇപ്പോഴത്തെ ഉൽപാദനം 693 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിക്ക് നിലവിൽ ജലസേചന സൗകര്യം ലഭ്യമാണ്. കുറ്റ്യാടി TNXD, നാടൻ, കുള്ളൻ എന്നീ ഇനത്തിൽ പെട്ട തൈകളാണ് കർഷകർ പ്രധാനമായും ഉപയോഗിച്ചുവരുന്നത്. ജാതി, കൊക്കോ, കുരുമുളക് എന്നിവ ഇടവിളയായി കൃഷി ചെയ്യുന്നതിന് പ്രോത്സാഹനവും സബ്സിഡിയും നൽകുന്നതിനാണ് വരും പദ്ധതിയിൽ ലക്ഷ്യമിടുന്നത്. തേങ്ങയിൽ നിന്നും മൂല്യ വർദ്ധിത ഉൽപന്നങ്ങൾ നിർമ്മീക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് സർക്കാരിന്റെ നേതൃത്വത്തിൽ പരക്കാട് ജില്ലാ കൃഷി തോട്ടത്തിൽ 25 ഏക്കർ സ്ഥലത്ത് പ്രവർത്തനം ആരംഭിക്കാനിരിക്കുന്ന കേരബയോ പാർക്ക് തെങ്ങ് കർഷകരുടെ പ്രതീക്ഷക്ക് ഉതകുന്ന സ്ഥാപനമാണ്.

കവുങ്ങ്	
അന്ന്	ഇന്ന്
15 ഹെക്ടർ സ്ഥലത്താണ് കവുങ്ങ് കൃഷി ചെയ്തിരുന്നത്. അന്ന് 20 കൊല്ലത്തിനിടയിൽ കൂടുതൽ കർഷകർ ഈ രംഗത്തേക്ക് വ്യാപകമായി വന്നത് കൂടുതലായും അത്യുൽപാദന ശേഷിയുള്ള മംഗള, സുമംഗള കാസർകോടന് ഇനങ്ങളാണ് കൃഷി ചെയ്തിരുന്നത്.	132 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷി ചെയ്തു വരുന്നു. അടുത്ത കാലത്ത് പാടങ്ങളിൽ പലതിലും കവുങ്ങ് കൃഷി ആരംഭിച്ചതും വിസ്തീർണ്ണം കൂടാൻ ഇടയായിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ കർഷകർ ഈ രംഗത്തേക്ക് കടന്നു വരുന്നതായി കാണാൻ കഴിയും. മുമ്പ് നെല്ല് കൃഷി ചെയ്തിരുന്ന പല ഭൂമികളിലും തൊഴിലാളികളുടെ കുറവും കാട്ടു മൃഗങ്ങളുടെ ശല്യവും, കാലാവസ്ഥ വ്യതിയാനവും മൂലം പല കർഷകരും ഇന്ന് കവുങ്ങ് കൃഷിയാണ് ചെയ്ത് വരുന്നത്. എന്നാൽ ഈ ഇനങ്ങൾ ദീർഘകാല ആദായത്തിന് ഗുണകരമല്ല എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ഭൂരിഭാഗം കർഷകരും ഈ ഇനം നടാൻ ഉപയോഗിക്കുന്നില്ല പകരമായി അത്യുൽപാദന ശേഷിയുള്ള മോഹിത് നഗർ, കോസർകോടൻ ഇനങ്ങളാണ് കൃഷി ചെയ്തുവരുന്നത്. ഉൽപാദനം കൂടുന്നതിനോടൊപ്പം തന്നെ ഗുണമേന്മയുള്ള ഇനങ്ങളാണ് ഇവ എന്നത് കർഷകരെ ഇത്തരം ഒരു കൃഷിരീതി സ്വീകരിക്കുന്നതിനായി പ്രേരിപ്പിക്കുന്നു. ഇന്ന് ഹെക്ടറിന് 1900 കിലോ ആണ് ഉൽപാദന ക്ഷമത.

കശുമാവ്	
അന്ന്	ഇന്ന്
60 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്തിരുന്നു. വ്യവസായികാടിസ്ഥാനത്തിൽ കൃഷി കുറവായിരുന്നു	നിലവിൽ 13 ഹെക്ടർ ഭൂമിയിൽ മാത്രമേ കശുമാവ് കൃഷി നിലനിൽക്കുന്നുള്ളു. കൂടുതൽ ലാഭകരമായ ധാന്യവിളകൾ ചെയ്യുവാൻ വേണ്ടി കശുമാവ് കൃഷി ഉപേക്ഷിക്കുന്ന അവസ്ഥ നിലവിലുണ്ട്. പ്രാദേശികമായി സംഭരണം, സംസ്കരണം എന്നിവ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഇതിനായി മറ്റ് കൃഷികളെ പോലെ തന്നെ പദ്ധതികൾ വഴി അനുകൂല്യങ്ങൾ നൽകേണ്ടതാണ്.മറ്റു കൃഷികൾക്ക് സാധ്യമല്ലാത്ത തരിശുഭൂമിയിൽ കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാണ് വരും പദ്ധതിയിൽ ലക്ഷ്യമിടുന്നത്.

റബ്ബർ	
അന്ന്	ഇന്ന്
1500 ഹെക്ടർ സ്ഥലത്ത് റബർ കൃഷി ചെയുതിരുന്നു . മലയോര പ്രദേശങ്ങളിൽ 40% വും റബർ കൃഷിയാണ് . കർഷകരുടെ സാമ്പത്തിക സാംസ്കാരിക ഉന്നമനത്തിൽ റബർ ഒരു സുപ്രധാന പങ്കു വഹിച്ചിരുന്നു	1055 ഹെക്ടർ ഭൂമിയിലാണ് റബർ കൃഷി ചെയ്തു വരുന്നത് . മലയോര പ്രദേശത്തും കാടിനോടു ചേർന്നുള്ള പ്രദേശങ്ങളിലും വന്യ മൃഗ ശല്യം രൂക്ഷമായതിനെ തുടർന്ന് മറ്റു കൃഷികൾ സാധ്യമാകാത്ത സാഹചര്യതിൽ ഈ പ്രദേശങ്ങളിലെ റബ്ബർ കൃഷി കൂടിയിട്ടുണ്ട്. റബ്ബർ കർഷകർക്ക് വില സ്ഥിരത ലഭിക്കുന്നില്ല എന്നത് അവരെ വലക്കുന്ന ഒരു പ്രശ്നമാണ്. അത്യുൽപാദന ശേഷിയുള്ള 105, 600 ഇനത്തിൽപ്പെട്ട ബഡ് തൈകളാണ് പ്രധാനമായും റബ്ബർ മേഖലയിൽ കൃഷി ചെയ്തുവരുന്നത്. കാലാവസ്ഥയിൽ വന്നിട്ടുള്ള മാറ്റങ്ങൾ മൂലം പല കർഷകരും ഇന്ന് കൂടതൈകൾക്ക് പകരം ഫീൽഡ്യ ബഡ് എന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. ഈ രീതി ഉണക്കിൽ നിന്നും ഒരു പരിധി വരെ രക്ഷ നേടുന്നതിന് ഇടയാകുന്നുണ്ട് എന്നാണ് വിദഗ്ധ ഉപദേശം. കർഷകരുടെ സാമ്പത്തിക സ്ഥിതിയെ ആശ്രയിച്ചിരിക്കുന്ന ഘടകങ്ങളിൽ ഒന്നാണ് റബ്ബർ കൃഷി. പഞ്ചായത്തിലെ ഭൂപ്രകൃതിയും കാലാവസ്ഥയും റബ്ബർ ഉത്പാദനത്തിന്റെ വർദ്ധനനവിന് അനുയോജ്യമായതാണ്. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിൽ ഇല്ല എന്നത് ഒരു കുറവായി കാണുന്നു.

വാഴ

അന്ന്	ഇന്ന്
വാഴ കൃഷിക്ക് പേരുകേട്ട സ്ഥലമായിരുന്നു ചേലക്കര . ഏകദേശം 115 ഹെക്ട്ടർ സ്ഥലത്ത് വാഴ കൃഷി ചെയ്തിരുന്നു . നേന്ത്ര വാഴ കൃഷിയാണ് പ്രധാനാമായി കണ്ടു വരുന്നത് . 200 കുടുംബങ്ങൾ വാഴ കൃഷി മേഖലയിൽ മാത്രം പണി എടുത്തിരുന്നു .	വാഴ കൃഷി 106 ഹെക്ടറിൽ ചെയ്തു വരുന്നു . ചേലക്കര മേഖലയിലെ ചങ്ങാലികോടൻ ഇനത്തിൽപ്പെട്ട നേന്ത്രവാഴ കുലകൾ സംസ്ഥാനത്തുതന്നെ പേരുകേട്ടിട്ടുള്ളതാണ്. കുന്നംകുളം മാർക്കറ്റിലും ഗുരുവായൂർ മേഖലകളിലും കാഴ്ച്ചകുലകളായി വിൽപന നടന്നിരുന്നത് ചേലക്കര ഗ്രാമപഞ്ചായത്തിലെ തോന്നൂർക്കര മേഖലയിലെ നേന്ത്രകുലകളാണ്. ഇന്നും തോന്നൂർക്കര മേഖലയിൽ വ്യാപകമായി നേത്രവാഴകൃഷി നടന്നുവരുന്നു. ഈ പ്രദേശത്തെ കർഷകർ വാഴയുടെ ജലസേചനത്തിന് അസുരൻകുണ്ട് ഡാമിലെ വെള്ളമാണ് പ്രധാനമായും ഉപയോഗിച്ചുവരുന്നത്. പലവിധ രോഗങ്ങൾ ഈ മേഖലയിലെ കൃഷിയെ സാരമായി ബാധിക്കുന്നുണ്ട് എങ്കിലും ഓണത്തിനോടനുബന്ധിച്ച് വില്പയന നടത്തുന്നതിന് വേണ്ടി നേന്ത്രവാഴ കൃഷി ചെയ്യുന്ന കർഷകർ തോന്നൂർക്കര മേഖല പോലെത്തന്നെ കളപ്പാറ, മങ്ങാട്, കാളിയാറോഡ് എന്നീ പ്രദേശങ്ങളിലും നിരവധിയായുണ്ട്. ചങ്ങാലികോടൻ, നെടുനേന്ത്രൻ, പൊടിവാഴ എന്നീ ഇനത്തിൽപ്പെട്ട വാഴകളാണ് പ്രധാനമായും കൃഷി ചെയ്തുവരുന്നത്. പൊടിവാഴ എന്നത് ജലസേചന സൗകര്യം ഇല്ലാത്ത പറമ്പുകളിലാണ് കൃഷി ചെയ്തുവരുന്നത്. എന്നാൽ നെടുനേന്ത്രൻ, ചങ്ങാലികോടൻ എന്നിവയ്ക്ക് ജലസേചനം നിർബന്ധമാണ്. ചില കർഷകരെങ്കിലും ഈ മൂന്ന് ഇനത്തിലും പെടാത്ത കിന്റൽ വാഴ എന്ന പതിനാല് മാസം മൂപ്പുള്ള ഇനവും കൃഷി ചെയ്തുവരുന്നു. ഓണക്കാലത്തിനോട് അനുബന്ധിച്ച് വിളവെടുപ്പ് നടത്തുമ്പോൾ മാത്രമാണ് കർഷകർക്ക് ലാഭം ഉണ്ടാക്കുന്നുള്ളൂ. ബാക്കി സമയങ്ങളിൽ കർഷകർക്ക് അർഹമായ വില ലഭിക്കുന്നില്ല . കഴിഞ്ഞ വർഷങ്ങളിലായി വാഴ കൃഷിക്ക് വളത്തിന് സബ്സീടി നൽകുന്ന പദ്ധതി നടത്തി വരുന്നുണ്ട്. നേന്ത്രകായ ഉപയോഗിച്ചുകൊണ്ടുള്ള വിവിധ ഉത്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കേണ്ടത് നേന്ത്രവാഴ കർഷകർക്ക് സ്ഥിരം ന്യായവില ലഭിക്കുന്നതിന് ആവശ്യമാണ്.

ഇഞ്ചി-മഞ്ഞൾ	
അന്ന്	ഇന്ന്
പഞ്ചായത്തിൽ ഏകദേശം ഇഞ്ചി കൃഷി 40 ഹെക്ടർ , മഞ്ഞൾ 5 ഹെകടർ കൃഷിയും ഉണ്ടായിരുന്നു . ഇഞ്ചി പ്രധാനമായും പാടങ്ങളിലും , തെങ്ങിൻ തോട്ടങ്ങളിലും ഇടവിളയായും കൃഷി ചെയ്തിരുന്നു .	20 ഹെകടർ സ്ഥലത്ത് നിലവിൽ ഇഞ്ചി – മഞ്ഞൾ കൃഷി ചെയ്തുവരുന്നു . കുമിൾ രോഗങ്ങൾ വ്യാപകമായി പടരുന്നത് ഇഞ്ചി – മഞ്ഞൾ കൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്. രോഗപ്രതിരോധ ശേഷി ഉള്ളതും , ഭൂഘടനക്ക് അനുയോജ്യമായാതുമായ വിത്തുകൾ വിതരണം ചെയ്യാൻ സാധ്യമാകുന്ന പദ്ധതികൾ ആവശ്യമാണ്. കൃത്യ സമയത്ത് പ്രാദേശിക തലത്തിൽ സംഭരണം കൂടി ഉറപ്പുവരുത്തണം. ഇഞ്ചി കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ഇടവിളയായി പച്ചമുളക് കാന്താരി മുളക് വെണ്ട എന്നിവയും കൃഷി ചെയ്തുവരുന്നു.

പച്ചക്കറികൾ	
അന്ന്	ഇന്ന്
40 ഹെകടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തു വന്നിരുന്നു . പാവൽ . കുമ്പളം , വെള്ളരി , മത്തൻ , പയർ , വെണ്ട , പടവലം , ചീര എന്നിവ വ്യാപകമായ തോതിൽ കൃഷി ചെയ്തിരുന്നു .	നിലവിൽ 200 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തു വരുന്നു . പഞ്ചായത്തിൽ പച്ചക്കറി കർഷകർക്ക് ഉത്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനും കുറഞ്ഞ വിലയിൽ രാസവളങ്ങളും, വിത്തിനങ്ങളും, കീടനാശിനികളും ലഭിക്കുന്നതിനായി രണ്ട് കെ.എച്ച്.ഡി.പി സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. ഈ സംഘങ്ങളിൽ പ്രവർത്തിച്ചുവരുന്ന കർഷകർക്ക് ആവശ്യമായ ഗുണമേന്മയുള്ള വിത്തിനങ്ങൾ സംഘങ്ങൾ വഴി ലഭ്യമാക്കുന്നതോടൊപ്പം കർഷകരുടെ ഉത്പന്നങ്ങൾ ശേഖരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കച്ചവടക്കാർക്കന നൽകുകയും ചെയ്തുവരുന്നു. കേരളത്തിൽ തന്നെ പച്ചക്കറി കൃഷി മേഖലയിൽ പേരുകേട്ട മേഖലയാണ് പഞ്ചായത്തിലെ കളപ്പാറ, കാളിയാറോഡ്, മങ്ങാട്, പങ്ങാരപ്പിള്ളി പ്രദേശങ്ങൾ. പടവലം, പാവൽ, പയർ, എളവൻ, മത്തൻ, കോവൽ, വെള്ളരി, വെണ്ട, ചീര എന്നിവയാണ് കർഷകർ കൃഷി ചെയ്തുവരുന്ന പച്ചക്കറി ഇനങ്ങൾ. ഇരുപ്പ് പാടത്തും ഓണത്തോട് അനുബന്ധിച്ച് വിളവെടുക്കുന്നതിനുമാണ് കൂടുതൽ പച്ചക്കറി കൃഷി ചെയ്തു വരുന്നത് .ഹൈബ്രീട് വിത്തിനങ്ങൾ ഉപയോഗിച്ചുള്ള കൃഷിയാണ് കൂടുതലായും കണ്ട് വരുന്നത് . ക്ലസ്റ്റർ അടിസ്ഥാനത്തിൽ ചെയ്യുന്ന കൃഷി ഹെക്ടറിന് 25,000 രൂപവരെ സബ്സീടി നൽകി വരുന്നു .

മരച്ചീനി	
അന്ന്	ഇന്ന്
പഞ്ചായത്തിൽ 71 ഹെക്ടർ സ്ഥലത്ത് മരച്ചീനി കൃഷി ചെയ്തിരുന്നു. സാധാരണക്കാരന്റെ പ്രധാന ഭക്ഷണ ഇനമായ മരച്ചീനി പ്രധാനമായും മലയോര പ്രദേശങ്ങളിലാണ് അന്ന് കൃഷി ചെയ്തിരുന്നത് .	15 ഹെകടറിൽ മരച്ചീനി കൃഷി ചെയ്തുവരുന്നു. കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്ഥമായി പറമ്പുകളേക്കാൾ കൂടുതൽ പാടങ്ങളാണ് മരച്ചീനി കൃഷിയ്ക്ക് ഉപയോഗിച്ചുവരുന്നത്. പറമ്പുകളിലെ കൃഷി ഭൂരിഭാഗം കർഷകരും കാട്ടുമൃഗങ്ങളുടെ ശല്യം മൂലം അവസാനിപ്പിച്ചിരിക്കുകയാണ്. ഇതിനു ഒരു പരിഹാരമാർഗമായി സോളാർ ഫെൻസിംഗ് പരിഗണിക്കേണ്ടതാണ്. പാടങ്ങളിലെ നേന്ത്രവാഴ കൃഷിയിടങ്ങളിൽ വാഴകുല വെട്ടിയതിന് ശേഷം മരച്ചീനി കൃഷി ചെയ്തുവരുന്നു. ഇങ്ങനെ ചെയ്യുന്ന മരച്ചീനി കൃഷിയ്ക്ക് ജലസേചന സൗകര്യങ്ങളും ലഭിക്കുന്നു. അതുമൂലം കൃഷിയിടത്തിന്റെ വിസ്തൃതിയിൽ കുറവ് വന്നിട്ടുണ്ട് എങ്കിലും ഉത്പാദന ക്ഷമത വർദ്ധിച്ചതായി കാണാം. കർഷകർ നേരിടുന്ന വിലക്കുറവ് പരിഹരിക്കുന്നതിന് യഥാസമയം പ്രാദേശികമായി സംഭരണം സംസ്കരണം എന്നിവ ഉറപ്പാക്കേണ്ടതുണ്ട്.

മാവ്,പ്ലാവ് തുടങ്ങിയ ഫല വൃക്ഷങ്ങൾ	
അന്ന്	ഇന്ന്
പഞ്ചായത്തിലെ ബഹുഭൂരിഭാഗം വരുന്ന കർഷകരുടെ വീട്ടു വളപ്പിൽ മാവ് , പ്ലാവ് , പേര തുടങ്ങിയ ഫല വൃക്ഷങ്ങൾ കൃഷി ചെയ്തിരുന്നു. മിക്കവാറും ഇവയെല്ലാം , നാടൻ ഇനത്തിൽ പെട്ടതാണ്. വിളവെടുപ്പ് സീസണിൽ ധാരാളം മാങ്ങ ഈ പഞ്ചായത്തിൽ നിന്നും അന്യ സംസ്ഥാനങ്ങളിലേക്ക് കയറ്റി അയക്കുമായിരുന്നു. മൂന്ന് മാങ്ങ സംഭരണ ശാലകൾ തന്നെ അന്ന് പ്രവർത്തിച്ചിരുന്നു. പ്ലാവിന്റെ കാര്യത്തിൽ ഒരു സംഭരണ ശൃംഖല ഇല്ലെങ്കിലും സീസണിൽ ചക്കയുടെ വിൽപ്പനയും ധാരാളമായി നടന്നിരുന്നു. ഓമക്കായ , കൈതച്ചക്ക , പേര തുടങ്ങിയ ഫല വൃക്ഷങ്ങൾ മിക്കവാറും കർഷകർ കൃഷി ചെയ്തിരുന്നു എങ്കിലും വ്യാവസായിക അടിസ്ഥാനതിലായിരുന്നില്ല	പഞ്ചായത്തിലെ ബഹുഭൂരിഭാഗം വരുന്ന കുടുംബങ്ങളുടേയും വീട്ടുവളപ്പിൽ മുൻപ് മാവും, പ്ലാവും ധാരാളമായി ഉണ്ടായിരുന്നു. എങ്കിൽ ഇന്ന് അതെല്ലാം ഒരു പരിധിവരെ മുറിച്ചു മാറ്റി റബ്ബർ കൃഷിയാണ് ചെയ്തുവരുന്നത്. അപൂർവ്വമായി ചില പുരയിടങ്ങളിൽ മാത്രമാണ് പഴയതുപോലെ ഇത്തരം മരങ്ങൾ നിലനിൽക്കു ന്നത്. അതെല്ലാം നാടൻ ഇനത്തിൽ പെടുന്നവയാണ്. എന്നാൽ കൃഷിഭവൻ വഴി നൽകിവരുന്ന ഫലവൃക്ഷ തൈകളിൽ നല്ലയിനം മാവിൻ തൈകളും പ്ലാവിൻ തൈകളും ഉൾപ്പെടുത്തി നൽകുന്നതിന് ഭരണസമിതിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. എല്ലാ വീട്ടിലും ഇത്തരത്തിൽ വിതരണം ചെയ്യുന്ന തൈകൾ വെച്ചുപിടിപ്പിക്കുവാൻ ജനങ്ങൾ താത്പര്യം കാണിക്കുന്നുണ്ട്. ഇത്തരം തൈകൾ നട്ട് മൂന്നുവർഷത്തിനകം കായ്ക്കുവാൻ തുടങ്ങും എന്നത് ഒരു സവിശേഷതയാണ്. ഇത്തരത്തിൽ ഉത്പാദിപ്പിക്കുന്നതും നിലവിലുള്ളതുമായ മാങ്ങയും ചക്കയും ശേഖരിക്കുന്നതിന് കോൾഡ് സ്റ്റോറേജ് പഞ്ചായത്ത് തലത്തിൽ ആവശ്യമാണ്. ഇത്തരത്തിൽ സംഭരിക്കുന്ന ഉത്പന്നങ്ങൾ ഉപയോഗിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന കേന്ദ്രവും ആവശ്യമാണ്.

ജില്ല കൃഷിത്തോട്ടം	
അന്ന്	ഇന്ന്
ജില്ല കൃഷി തോട്ടം ഈ പഞ്ചായത്തിൽ ആണ് പ്രവർത്തിച്ചു വരുന്നത് . വെങ്ങാനെല്ലൂർ ജലസേചന പദ്ധതിക്ക് വേണ്ടി സർക്കാർ ഏറ്റെടുത്ത 119 ഏക്കർ സ്ഥലം, കൃഷി വകുപ്പിന് കൈമാറുകയാണ് ഉണ്ടായത് . ഈ സ്ഥലത്താണ് ജില്ല കൃഷി തോട്ടം പ്രവർത്തിക്കുന്നത് . വിസ്തൃത ഈ കൃഷിത്തോട്ടത്തിൽ 15 തൊഴിലാളികൾ മാത്രമാണ് അന്ന് ഉണ്ടായിരുന്നത് . തെങ്ങിൻ തൈ ഉത്പാദനം മാത്രമാണ് അന്ന് ചെയ്തിരുന്ന പ്രവർത്തി.	ജില്ല കൃഷിത്തോട്ടം മൊത്തം ഉണ്ടായിരുന്ന 119 ഏക്കർ സ്ഥലത്ത് നിന്നും , 2.5 ഏക്കർ സ്ഥലം , 1998 ൽ ആരംഭിച്ച റൈസ് പാർക്കിനും , 25 ഏക്കർ സ്ഥലം 2019 ൽ ബയോ കേര പാർക്കിനും , 10 ഏക്കർ സ്ഥലം പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന റൈസ് പാർക്കിനും കൈമാറ്റം ചെയ്തിട്ടുണ്ട് . വെങ്ങാനെല്ലൂർ , കിള്ളിമംഗലം പ്രദേശത്തെ കർഷകർക്ക് ജലസേചനത്തിന് വേണ്ടി മുൻപ് നിർമിച്ച ചെക്ക് ഡാം മൂലം , 25 ഏക്കർ സ്ഥലം വെള്ളം കെട്ടികിടക്കുന്ന സ്ഥലമാണ് . ബാക്കി വരുന്ന സ്ഥലത്ത് പച്ചക്കറി നടീൽ വസ്തുക്കളും , വിവിധതരം ഫല വൃക്ഷ തൈകളും , തെങ്ങിൻ തൈകളും ഉത്പാദിപ്പിച്ച് കൃഷി ഭവനുകൾ വഴി കർഷകർക്ക് വിതരണം ചെയ്യുന്ന പ്രവർത്തികൾ നടന്നു വരുന്നത്. പത്ത് ഏക്കറോളം സ്ഥലത്ത് ഒരു വിള നെൽ വിത്ത് ഉത്പാദനവും നടക്കുന്നു . ചെക്ക് ഡാമിലും , കൃഷി തോട്ടത്തിലുള്ള മൂന്ന് കുളങ്ങളിലും മത്സ്യം വളർത്തുന്ന പ്രവർത്തിയും നടന്നു വരുന്നുണ്ട്. സ്ഥിരം തൊഴിലാളികളും , താൽകാലിക തൊഴിലാളികളുമായി 38 പേർ നിലവിൽ ജോലി ചെയ്തു വരുന്നു . കൂടുതൽ തൊഴിലാളികളെ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് വഴി നിയമിക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നുണ്ട് . സൂപ്രണ്ട് ഉൾപ്പടെ 9 ഉദ്യോഗസ്ഥന്മാരും ഇവിടെ ജോലി ചെയ്തു വരുന്നു . സ്ഥിരം തൊഴിലാളികൾക്കും, താൽകാലിക തൊഴിലാളികൾക്കും തൊഴിൽ നഷ്ട്ടപെടാതെ തൊഴിലുറപ്പ് തൊഴിലാളികളെ കൊണ്ട് നിയമാനുസരണം ചെയ്യാവുന്ന പ്രവർത്തികൾ നടപ്പാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കാറുണ്ട് .

തൃശ്ശൂർ ജില്ലാ പഞ്ചായത്ത്
കാർഷിക വികസന കർഷക ക്ഷേമവകുപ്പ്
ജില്ലാ കൃഷിതോട്ടം, ചേലക്കര

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

ജലസേചനം	
അന്ന്	ഇന്ന്
കാർഷിക വളർച്ചയുടെ അടിസ്ഥാന ഘടകങ്ങളാണ് മണ്ണും, ജലവും . ഇതുകൊണ്ട് തന്നെയാണ് ഏതൊരു കാർഷിക വികസന നയത്തിന്റെയും കാതലായ ഭാഗം മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കും , ജല സംരക്ഷണ പ്രവർത്തനങ്ങൾക്കും നീക്കി വെച്ചിരുന്നത് . പഞ്ചായത്തിലെ അന്ന് മൊത്തം കൃഷി ചെയ്തിരുന്ന സ്ഥലത്തിന്റെ 75 ശതമാനവും മഴയെ ആശ്രയിച്ചാണ് കൃഷി ചെയ്തിരുന്നത് . 25 ശതമാനം ജല സേചനത്തെ ആശ്രയിച്ച് കൃഷി ചെയ്തിരുന്നു . ഭാരതപുഴയുടെ തീരത്തോട് ചേർന്ന് , സ്ഥിതി ചെയ്യുന്ന പ്രദേശമായിരുന്നത് കൊണ്ട് , വർഷകാലങ്ങളിൽ അളവിൽ കൂടുതൽ ലഭിക്കുന്ന മഴ വെള്ളം മുഴുവനും ഒഴുകി പോവുകയാണ് ഉണ്ടായിരുന്നത്	കാർഷിക മേഖലയിലെ ജലസേചന പ്രവർത്തന രംഗത്ത് കഴിഞ്ഞ 25 വർഷത്തെ ജനപങ്കാളിത്ത പ്രവർത്തനങ്ങൾ വഴി ഒട്ടേറെ പുരോഗതി കൈവരിക്കുവാൻ ഇതിനകം കഴിഞ്ഞിട്ടുണ്ട് . ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് മുഴുവൻ പരിഹാരമായിട്ടില്ല എങ്കിലും , ഒട്ടേറെ ജല സേചന പദ്ധതികൾ ഇതിനകം നടപ്പാക്കി കഴിഞ്ഞു . ഇത് പ്രകാരം പഞ്ചായത്തിലെ 5 , 2 , 1 വാർഡുകളിലെ കർഷകർക്കും പാഞ്ഞാൾ പഞ്ചായത്തിലെ അഞ്ചാം വാർഡിലെ കർഷകർക്കും ജല സേചനത്തിനു ഉപകരിക്കുന്ന ഒരു പദ്ധതിയാണ് ജില്ല കൃഷി തോട്ടത്തിൽ നിർമിച്ച ചെക്ക് ഡാം . സാധ്യതകൾക്കനുസരിച്ച് നിർമാണം പൂർത്തീകരിച്ച ചീർപ്പുകളും , ജല സേചന കനാലുകളും കർഷകർക്ക് ഒരു പരിധി വരെ ആശ്വാസമായിട്ടുണ്ട് . മുൻകാലങ്ങളിൽ കർഷകർ നേന്ത്രവാഴയ്ക്കും, പച്ചക്കറിയ്ക്കും, തെങ്ങ്, കവുങ്ങ് എന്നിവയ്ക്കും ജലസേചനം നടത്തിയിരുന്നത് പ്രധാനമായും കിണറുകളുടേയും കുളങ്ങളുടേയും അടുത്തു നിർമ്മിക്കുന്ന താത്കാലിക സംവിധാനങ്ങൾ വഴി (ഏത്തം) മനുഷ്യ അധ്വാനം മൂലമായിരുന്നു പ്രവർത്തിച്ചു വന്നിരുന്നത്. എന്നാൽ ചില കർഷകർ പോത്തുകളേയും കാളകളേയും ഉപയോഗിച്ചും ഡീസൽ എഞ്ചിനുകൾ ഉപയോഗിച്ചും ജലസേചനം നടത്തിയിരുന്നു. ഇന്ന് എല്ലാ പ്രദേശങ്ങളിലും വൈദ്യുതി എത്തിയതുമൂലം വൈദ്യുത പമ്പുകളാണ് ജലസേചനത്തിന് ഉപയോഗിച്ചുവരുന്നത്. ഇതുമൂലം കുഴൽകിണറുകളിൽ നിന്നുള്ള ജലസേചനവും വ്യാപകമായി നടക്കുന്നുണ്ട്. കാർഷികാവശ്യത്തിനുള്ള വൈദ്യുതി സർക്കാർ സൗജന്യമാക്കിയത് ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. കുളങ്ങൾ പൊതുമേഖലയിൽ മാറ്റങ്ങളില്ലാതെതന്നെ നിലനിൽക്കുന്നുണ്ട്. ഇവയിൽ രണ്ട് കുളങ്ങളുടെ സംരക്ഷണത്തിന് നടപ്പ് സാമ്പത്തിക വർഷം 6.19 കോടി രൂപയാണ് നബാർഡ് വഴി അനുവദിച്ചിട്ടുള്ളത്. ഘട്ടം ഘട്ടമായി പൊതുകുളങ്ങളുടെ സംരക്ഷണം നടപ്പിലാക്കുകയാണ് ഭരണസമിതി ലക്ഷ്യമിടുന്നത്.

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.
PARAKKAD CHECK DAM

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.
PULIKKAL CHEERPPU
KURUMALA

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

ASURANKUDU DAM

അസുരൻകുണ്ട് ഡാം

ചേലക്കര പഞ്ചായത്തിലെ വിവിധ
പ്രദേശങ്ങളിലായി നിലവിലുള്ള
നീർമറി പ്രദേശങ്ങളുടെ രൂപരേഖയാണ്
ക്യൂആർ കോഡ് രൂപത്തിൽ താഴെ കൊടുത്തിട്ടുള്ളത്.
(കാണുന്നതിനായി ക്യൂആർ കോഡ് സ്കാൻ ചെയ്യുക)

SOIL

INTERVENTION

LANDFORMS

LANDUSE

RELIEF

ADMINISTRATIVE MAP

CADASTRAL MAP 2

CADASTRAL MAP

DRAINAGE

INTERVENTION

Kaliyaroad Drainage

Kaliyaroad Interventions

Kaliyaroad Landforms

Kaliyaroad Landuse

Kaliyaroad Soil

Land forms

Landforms

Landuse

Micro watershed

Relief

Soil

മൃഗസംരക്ഷണം

അന്ന്	ഇന്ന്
ചേലക്കര ഗ്രാമ പഞ്ചായത്തിൽ 6900 കന്നുകാലികൾ അന്ന് നിലവിൽ ഉണ്ടായിരുന്നു . ഇവയുടെ മൊത്തം പാലുൽപാദന വരുമാനം വർഷത്തിൽ രണ്ടു കോടിയോളം രൂപയായിരുന്നു . പാൽ സംഭരണ വിതരണ രംഗത്ത് , അന്ന് പഞ്ചായത്തിൽ വെങ്ങാനെല്ലൂർ , കുറുമല , തോന്നൂർക്കര , പുലാക്കോട് എന്നിവിടങ്ങളിലായി നാല് ക്ഷീരോൽപന്ന സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവന്നിരുന്നു . ആട് വളർത്തൽ ലാഭകരമായ ഒരു തൊഴിലായിരുന്നു എങ്കിലും , വ്യാവസായികാടിസ്ഥാനത്തിൽ ആട് വളർത്തുന്നതിനുള്ള സംരഭങ്ങൾ ഒന്നും അന്ന് ഉണ്ടായിരുന്നില്ല . വ്യാവസായികാടിസ്ഥാനത്തിൽ ഇറച്ചി കോഴികളെ വളർത്തുന്ന ഏതാനും ചെറിയ യൂണിറ്റുകൾ അന്ന് പഞ്ചായത്തിൽ ഉണ്ടായിരുന്നു . മുട്ട കോഴികളെ വളർത്തുന്നത് തീരെ കുറവായിരുന്നു . എന്നാൽ മിക്കവാറും എല്ലാ വീടുകളിലും നാടൻ കോഴികളെ ധാരാളമായി വളർത്തിയിരുന്നു . പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ നാടൻ പന്നി വളർത്തുന്ന യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നു . വളരെ ലാഭകരമായി നടത്താവുന്ന ഒരു തൊഴിലായിരുന്നു അന്ന് പന്നി വളർത്തൽ . പഞ്ചായത്തിൽ ചേലക്കര ടൗണിലും, പുലാക്കോട് പ്രദേശത്തുമായി രണ്ടു മൃഗാശുപത്രികൾ പ്രവർത്തിച്ചിരുന്നു . ചേലക്കര മൃഗാശുപത്രി 1939 ൽ ഒരു വെറ്റിനറി സബ് സെന്റർ ആയിട്ടാണ് , സ്ഥാപിതമായത് 85 ൽ ഇത്	ചേലക്കര ഗ്രാമ പഞ്ചായത്തിൽ കന്നുകാലികൾ 5956 , കോഴികൾ 29583 , താറാവ് 579 , ടർക്കിന 7, മറ്റുപക്ഷികൾ 1013 എണ്ണവും നിലവിൽ ഉണ്ട് . കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 7178 കേസുകൾ വളർത്തുമൃഗങ്ങൾക്ക് മൃഗാശുപത്രി വഴി ചികിത്സ നൽകുകയുണ്ടായി . കൂടാതെ കൃത്രിമ ബീജധാരണത്തിന് 1394 ഉരുക്കളെ വിധേയമാക്കി . 255 നായകളെ പേവിഷ ബാധ കുത്തിവെപ്പുകളും നടത്തുകയുണ്ടായി . ചേലക്കര ഗ്രാമ പഞ്ചായത്തിൽ അഞ്ഞൂറിൽ പരം ക്ഷീര കർഷകരാണ് ഉള്ളത്. ഇവരിൽ ക്ഷീര സംഘങ്ങളിൽ പാലളക്കുന്നത് 270 ആളുകളാണ് . വെങ്ങാനെല്ലൂർ , കുറുമല , പുലാക്കോട് , തോന്നൂർക്കര എന്നിവിടങ്ങളിലായി നാല് ക്ഷീര സഹകരണ സംഘങ്ങൾ നിലവിൽ ഉണ്ട് . വർധിച്ചുവരുന്ന കാലിത്തീറ്റ വിലയും , ഉത്പാദന ചെലവും കൊണ്ട് ക്ഷീര കർഷകർ പൊറുതി മുട്ടി. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ക്ഷീര കർഷകർക്കായി കാലിത്തീറ്റ സബ്സീഡി പദ്ധതി നടപ്പിലാക്കിയത് അവർക്ക് കൈത്താങ്ങായി . അത് പോലെ പഞ്ചായത്ത് വഴി നടപ്പിലാക്കിയ മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിയും ഉത്പാദന ചെലവു കുറക്കാൻ ഒരു പരിധി വരെ സഹായിച്ചു . തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകരുടെ നാല് മുതൽ ആറു മാസക്കാലം വരെയുള്ള കന്നുകുട്ടികൾക്കായി " കന്നുകൂട്ടി പരിപാലനം'' പദ്ധതി നടപ്പിലാക്കുക വഴി കന്നുകുട്ടികളുടെ പോഷകാഹാര കുറവ് പരിഹരിച്ച് ഉരുക്കൾ വേഗം പ്രായപൂർത്തി എത്തി ഗർഭധാരണം നടക്കുന്നതിനും അതുവഴി പാലുൽപാദനം വർദ്ധിക്കാനും സഹായിച്ചു . നിലവിൽ പഞ്ചായത്തിൽ ജനിക്കുന്ന 30 ശതമാനം പശുകുട്ടികൾക്ക് ആനുകൂല്യം ലഭിക്കുന്നുള്ളൂ . ആയതിനാൽ ഇതിനായി നൂറ് കന്നുകുട്ടികൾക്കെങ്കിലും തുക വക ഇരുത്തുന്നതിനാണ് ഭരണസമിതി ലക്ഷ്യമിടുന്നത്. തീറ്റ പുല്ലിന്റെയും വൈക്കോലിന്റെയും ലഭ്യതക്കുറവ് ക്ഷീര കർഷകർക്ക് ഇപ്പോഴും വെല്ലുവിളിയാണ് . തരിശു ഭൂമിയുടെ ശരിയായ ഉപയോഗവും , തീറ്റ പുൽ കൃഷി പ്രോത്സാഹിപ്പിക്കലും ഇതിനൊരു പരിധിവരെ പരിഹാരമാണ് . പോഷകാഹാരക്കുറവ് , തീറ്റപുൽ , വൈക്കോൽ ദൗർലഭ്യം , വന്ധ്യത പ്രശ്നം , മൃഗങ്ങളിലെ രോഗങ്ങളും ക്ഷീര മേഖലയിലെ കുതിച്ചു ചാട്ടത്തിന് തടസ്സമായി തുടരുന്നു . തരിശുഭൂമിയിൽ തീറ്റപ്പുൽ കൃഷി , കൂടുതൽ ഗുണഭോക്താക്കൾക്ക് പാലിന് സബ്സീഡി സ്കീം, എല്ലാ കന്നുകാലികൾക്കും സബ്സീഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കൽ , കറവ പശുക്കൾക്ക് ധാതുലവണ മിശ്രിതം നൽകൽ , മൃഗാശുപത്രി വഴി പാലുൽപാദന വർദ്ധനവിന് ഉതകുന്ന മരുന്ന് വാങ്ങി നൽകൽ എന്നിവ ഇതിനുള്ള പരിഹാര മാർഗങ്ങളായി ഭരണസമിതി വിലയിരുത്തുന്നു.

സ്ഥാപിതമായത് 85 ൽ ഇത് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്തു . 1954 ൽ പുലാക്കോട് ആരംഭിച്ച വെറ്റിനറി സബ് സെന്റർ 96 ൽ മൃഗശുപത്രിയായി അപ്ഗ്രേഡ് ചെയ്തു . അവിടെ ഒരു ഡോക്ട്ടറുടെ സേവനം ലഭ്യമാക്കാൻ കഴിയാത്തത് കൊണ്ട് , സബ് സെന്ററിൽ ലഭിച്ചിരുന്ന സേവനം പോലും 96 ൽ ലഭിച്ചിരുന്നില്ല .

പഞ്ചായത്ത് വകയായി ഒരു അറവു ശാല ടൗണിൽ പ്രവർത്തിച്ചിരുന്നു . ദിവസ്സംത്തോറും നാലഞ്ചു മാടുകളെയും , അഞ്ചു ആറു ആടുകളെയും ഇവിടെ കശാപ്പ് ചെയ്തു വിൽപ്പന നടത്തിയിരുന്നു . പഞ്ചായത്ത് അറവുശാലയുടെ അവസ്ഥ വളരെ ശോചനീയമായിരുന്നു .

വാങ്ങി നൽകൽ എന്നിവ ഇതിനുള്ള പരിഹാര മാർഗങ്ങളായി ഭരണസമിതി വിലയിരുത്തുന്നു.

അടുക്കള മുറ്റത്തെ കോഴിവളർത്തൽ പദ്ധതി നടപ്പിലാക്കുക വഴി മുട്ട ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനും അത് വഴി മാംസ്യ ഉത്പാദന വർദ്ധനവിനും ലക്ഷ്യമിടുന്നു. ആട് വളർത്തൽ പദ്ധതി നടപ്പിലാക്കുന്നുണ്ട് എങ്കിലും വേണ്ടത്ര ഗുണഭോക്താക്കൾ മുന്നോട്ട് വരാത്ത സാഹചര്യം ആണ് നിലവിൽ ഉള്ളത് . ശാസ്ത്രീയ പരിപാലനമുറകളുടെ അറിവില്ലായ്മയും വലിയ പോരായ്മയായി കരുതപ്പെടുന്നു .

ഇറച്ചി കോഴി വളർത്തൽ യൂണിറ്റുകൾ സ്വതന്ത്രമായി പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു . പന്നി വളർത്തലും ചിലയിടങ്ങളിൽ ഉണ്ട് . ശാസ്ത്രീയമായ അറവു ശാലയുടെ അഭാവം ഒരു വലിയ വെല്ലുവിളിയാണ് . ശുദ്ധവും ഗുണനിലവാരവും ഉള്ള മാംസ ഉത്പാദനത്തിന് ശാസ്ത്രീയ അറവുശാല വളരെ അത്യാവശ്യമാണ്. ശാസത്രീയ രീതിയിലുള്ള തൊഴുത്തുകൾ ആട്ടിൻകൂടുകൾ എന്നിവയുടെ നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും നടന്നുവരുന്നു.

ക്ഷീര വികസനം

ചേലക്കര ഗ്രാമ പഞ്ചായത്തിൽ ക്ഷീര മേഖലക്ക് നൽകുന്ന പ്രാധാന്യവും വകുപ്പ് തലത്തിൽ നടത്തുന്ന പദ്ധതി പ്രവർത്തനങ്ങളും ത്രിതല പഞ്ചായത്തുകളും നടത്തുന്ന ഇടപെടലുകളും മൂലം സ്ഥായിയായ പുരോഗതി ഓരോ വർഷളും ഉണ്ടായിട്ടുള്ളതാണ് . നിലവിൽ 4 ക്ഷീര സംഘങ്ങൾ ആണ് പഞ്ചായത്തിലെ 22 വാർഡുകളിലായി പ്രവർത്തിക്കുന്നത് . പഞ്ചായത്തിലെ ആകെ പ്രതിദിന പാലുൽപാദനം 7150 ലിറ്റർ ആണ് . നിലവിൽ 270 ക്ഷീര കർഷകർ നാല് ക്ഷീര സംഘങ്ങളിലായി പാൽ അളക്കുന്നു . ആകെ സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ 14 ശതമാനം പ്രാദേശിക വിൽപ്പനയായും , 86 ശതമാനം മേഖല യൂണിറ്റിനും നൽകുന്നു .

ജനകീയാസൂത്രണ വഴി നടപ്പിലാക്കുന്ന പദ്ധതികളുടെയും , ക്ഷീര വികസന വകുപ്പിന്റെയും ഇടപെടലുകളുടെ ഭാഗമായി 2010 ൽ ഉണ്ടായിരുന്ന പ്രതിദിന പാൽ സംഭരണം 732 ലിറ്ററിൽ നിന്നും , 2016 ൽ 1063 ലിറ്ററിലേക്കും , 2021 ൽ 57 ശതമാനം വർദ്ധനവോടെ 1854 ലിറ്ററിലേക്കും എത്തിക്കുവാൻ സാധിച്ചിട്ടുണ്ട് .

പഞ്ചായത്തിന്റെ പരിധിയിൽ നിലവിൽ 15 ഹെക്ടറോളം സ്ഥലത്ത് തീറ്റ പുൽ കൃഷിയും നടത്തുന്നുണ്ട് . പാലുൽപന്നങ്ങളുടെ നിർമ്മാണത്തിനാവശ്യമായ ഒരു കേന്ദ്രം പഞ്ചായത്ത് തലത്തിൽ ആരംഭിക്കേണ്ടത് ക്ഷീര മേഖലയുടെ പുരോഗതിക്ക് ആവശ്യമാണെന്ന് ഭരണസമിതി വിലയിരുത്തുന്നു.

ഗവ: വെറ്ററിനറി
ഡിസ്പെൻസറി,
പുലോക്കോട്

മത്സ്യബന്ധനം	
അന്ന്	ഇന്ന്
ഉൾനാടൻ മത്സ്യബന്ധനം ഉപജീവനമാക്കിയ 12 കുടുംബങ്ങൾ പഞ്ചായത്തിൽ ഉണ്ടായിരുന്നു . പഞ്ചായത്തിൽ ഒരു മത്സ്യ മാർക്കറ്റ് പ്രവർത്തിക്കുന്നുണ്ട് .	പുഴകളിൽ നിന്നും, തോടുകളിൽ നിന്നും , കുളങ്ങളിൽ നിന്നും മത്സ്യം പിടിച്ചു വിൽപ്പന നടത്തി ജീവിക്കുന്ന 15 കുടുംബങ്ങൾ പഞ്ചായത്തിൽ നിലവിലുണ്ട് . കൂടാതെ മത്സ്യം വളർത്തി വരുമാനം നേടുന്ന നിരവധി കർഷകർ ഇന്ന് പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 22 കുളങ്ങൾ ലേലത്തിൽ എടുത്ത് മത്സ്യം വളർത്തുന്ന കർഷകരും പഞ്ചായത്തിൽ ഉണ്ട്. ലേലം ചെയ്യാത്ത 14 പൊതു കുളങ്ങളിലും ലേലം ചെയ്ത 22 കുളങ്ങളിലുമായി 67,800 മത്സ്യ കുഞ്ഞുങ്ങളെ , മത്സ്യ വികസന വകുപ്പിന്റെ സഹകരണത്തോടെ വളർത്തുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തിൽ കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല മുൻ കാലങ്ങളെ അപേക്ഷിച്ച് പുതിയ മാർഗങ്ങൾ വഴിയും കർഷകർ മത്സ്യം വളർത്തി ഉപജീവനം നടത്തി വരുന്നുണ്ട്. പടുതാകുളം , ബയോഫ്ലോക്ക് എന്നിവയാണ് കർഷകർ മത്സ്യം വളർത്തുന്നതിനു ഉപയോഗിക്കുന്ന നൂതന മാർഗങ്ങൾ. ഇത്തരം കർഷകർക്കും ചെറു കുളങ്ങളുള്ള 248 കർഷകർക്കുമായി 77,900 മത്സ്യ കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനും ഈ വർഷം പഞ്ചായത്തിന് സാധിച്ചു. ജില്ല കൃഷി തോട്ടത്തിൽ നിലവിലുള്ള ചെക്ക് ഡാമിൽ 8250 മത്സ്യ കുഞ്ഞുങ്ങളെയും ഈ വർഷം വളർത്തുന്നുണ്ട്. പഞ്ചായത്തിലെ ലേലം ചെയ്ത കുളങ്ങളിലും, ലേലം ചെയ്യാത്ത കുളങ്ങളിലും, സ്വകാര്യ ഫാമുകളിലും , സ്വകാര്യ കുളങ്ങളിലും , പടുതാ കുളങ്ങളിലും , ടാങ്കുകളിലും , ചെക്ക് ഡാമിലും മത്സ്യം വളർത്തുന്നതിനാവശ്യമായ മത്സ്യ കുഞ്ഞുങ്ങളെ സംസ്ഥാന മത്സ്യ വികസന വകുപ്പിന്റെ സഹകരണത്തോടെ പൂർണ്ണമായും സൗജന്യമായി നൽകിവരുന്നു കൂടാതെ നല്ല നിലയിൽ മത്സ്യം വളർത്തുന്ന പടുതാകുളം , ബയോഫ്ലോക്ക് കർഷകർക്ക് പരമാവധി 1,20,000 രൂപ വരെ ധനസഹായവും നൽകിവരുന്നു. കർഷകരുടെ വരുമാനം വർദ്ധിക്കുന്നതോടെപ്പം , മായം കലരാത്ത ശുദ്ധമായ മത്സ്യം ലഭ്യമാക്കുന്നത് വഴി സ്വയം പര്യാപ്തത നേടുക എന്നതാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്.

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

MALAKULAM
KURUMALA

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

KANDAMKULAM
PANGARAPPILLY

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

CHANDRAPUSHKARNI
THALIKULAM

വിദ്യാഭ്യാസം

അന്ന്	ഇന്ന്
പതിനായിരത്തിൽപരം വിദ്യാർത്ഥികളും അവരെ പഠിപ്പിക്കുന്നതിനായി , 450 അദ്ധ്യാപിക അധ്യാപകന്മാരും പഞ്ചായത്തിൽ ഉണ്ടായിരുന്നു . രണ്ടു ഗവ:സ്കൂളുകളും എട്ടു എയ്ഡഡ് സ്കൂളുകളും , ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ അടക്കം എൽ പി തലത്തിൽ പഞ്ചായത്തിൽ പ്രവത്തിച്ചിരുന്നു . ഒരു ഗവ: സ്കൂളും മൂന്ന് എയ്ഡഡ് സ്കൂളുകളും , ഒരു അൺ എയ്ഡഡ് സ്കൂളുമാണ് അപ്പർ പ്രൈമറി തലത്തിൽ അന്ന് ഉണ്ടായിരുന്നത്. 1160 വിദ്യാർഥികൾ പഠിച്ചിരുന്ന സർക്കാർ സ്കൂളായ എസ് എം ടി എച് എസ്സിൽ കുട്ടികൾ ഭൂരിഭാഗവും നിലത്തിരുന്നാണ് പഠിച്ചിരുന്നത് . അധ്യാപകരുടെ കുറവ് അധ്യായന നിലവാരത്തെ പ്രതികൂലമായി ബാധിച്ചിരുന്നു . ഒരു ഗവ സ്കൂളും രണ്ട് എയ്ഡഡ് സ്കൂളും , ഒരു അൺ എയ്ഡഡ് സ്കൂളും ആണ് ഹൈസ്കൂൾ നിലവാരത്തിൽ ഉണ്ടായിരുന്നത് . ആവശ്യമായ പഠന സൗകര്യങ്ങളുടെ പകുതി പോലും ഇല്ലാതിരുന്ന സർക്കാർ സ്കൂളിന്റെ അവസ്ഥ അത്യന്തം ശോചനീയാമായിരുന്നു . മറ്റ് പഞ്ചായത്തുകളുടെ ഹൈസ്കൂളുകൾ പത്താം ക്ലാസ് പരീക്ഷകളിൽ ഉയർന്ന വിജയം കരസ്ഥമാക്കുമ്പോൾ പരാധീനതകളുടെ നടുകയത്തിൽ തളർന്നു പോകുന്ന അവസ്ഥയാണ് പഞ്ചായത്തിലെ സർക്കാർ സ്കൂളുകൾക്ക് ഉണ്ടായിരുന്നത്.	ജനകീയാസൂത്രണ പ്രസ്ഥാനം കഴിഞ്ഞ 25 വൾഷങ്ങളിലായി വളർത്തിയെടുത്ത പ്രാദേശീക സർക്കാർ എന്ന സങ്കൽപ്പത്തിനും അത് ഒരുക്കി എടുത്ത വികേന്ദ്രീകൃതാസൂത്രണത്തിന്റെയും , നിർവഹണത്തിന്റെയും രീതി ശാസ്ത്രത്തിലും , അത് വഴി കൈവന്ന അനുഭവ സമ്പത്തുകളിലേക്കുമാണ് 2016 ൽ ചുമതലയേറ്റ സർക്കാർ 2017 ൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചത്. വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്നും, അത് സർക്കാരിന്റെ കടമയാണ് എന്നും , സാമൂഹ്യ നീതിയും അവസര സമത്വവും തുല്യതയും അടിത്തറയായുള്ള എല്ലാവരെയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും നൽകണം എന്നുള്ള ജനകീയ വിദ്യാഭ്യാസ കാഴ്ച്ചപ്പാടോടും കൂടിയാണ് , പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം തുടക്കം കുറിച്ചത്. മുഴുവൻ കുട്ടികൾക്കും സ്കൂളിൽ പഠന കാര്യങ്ങളിൽ നീതി ഉറപ്പാക്കി കൊണ്ട് മാത്രമേ എല്ലാവരും ഉൾച്ചേരുന്ന ഗുണമേന്മ വിദ്യാഭ്യാസം കൈവരിക്കാൻ കഴിയുകയുള്ളൂ . അതിന് കഴിയണമെങ്കിൽ വികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കേണ്ടതുണ്ട് . ഇതിന് പ്രാദേശിക സർക്കാരുകൾ അതി നിർണ്ണായകമായ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതുണ്ട് . ഓരോ നാടിന്റെയും സമൂഹത്തിന്റെയും സാമൂഹിക സാംസ്കാരിക പശ്ചാത്തലവും പരിതാവസ്ഥയും കണക്കിലെടുത്ത്കൊണ്ടുള്ള ഏറ്റവും മികച്ച വിദ്യാഭ്യാസ പ്രവർത്തന പദ്ധതികൾ രൂപീകരിക്കാൻ വിദ്യാലങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കഴിയണം . അതനസുരിച്ച് പൊതു വിദ്യാഭ്യാസം ഇന്ന് നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കന്നതിന് അർത്ഥപൂർണമായ വികേന്ദ്രീകരണത്തിലൂടെ സമഗ്ര ശിക്ഷ അഭിയാൻ വഴി വിദ്യാഭ്യാസ ഘടനയിൽ വന്ന മാറ്റം പ്രശംസനീയമാണ് . ഇതിന്റെ ഭാഗമായി വന്ന നവകേരള മിഷനിലൂടെ സംസ്ഥാന സർക്കാർ മുന്നോട്ട് വെച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസ രംഗത്ത് കാണുന്ന ഉണർവിന്റെ അടിസ്ഥാനമാണ്. ഔപചാരിക – അനൗപചാരിക വിദ്യാഭ്യാസ സംവിധാനതിന്റെ ഏറെക്കുറെ കാര്യക്ഷമമായ പ്രവർത്തനത്തിൽ സുദൃഢമായ ഒരു ബോധന ശൃംഖല നമ്മുടെ പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട് . പതിനയ്യായിരത്തിൽ പരം വിദ്യാർത്ഥികളും ആയിരത്തോളം അധ്യാപകരുമായി പതിനയ്യായിരത്തോളം രക്ഷകർത്താക്കളും അടങ്ങുന്ന ഈ സംഘടിത ശക്തി ക്രിയാത്മകമായി ഉപയോഗപ്പെടുത്തിയാൽ വികസന സംസ്ക്കാരത്തിന്റെ പുത്തൻ സാദ്ധ്യതകൾ കണ്ടെത്താവുന്നതാണ് .

	ഗവ : സ്കൂളുകൾ 2, എയ്ഡഡ് സ്കൂളുകൾ 6, അൺ എയ്ഡഡ് സ്കൂളുകൾ 5 (ഇംഗ്ലീഷ് മീഡിയം ഉൾപ്പടെ) എണ്ണവുമാണ് എൽ പി തലത്തിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് . പ്രീ പ്രൈമറി വിദ്യാഭ്യാസം വ്യാപകമായി ഉണ്ടെങ്കിലും യഥാർതത്തിലുള്ള അക്ഷര പഠനം ആരംഭിക്കുന്നത് ഒന്നാം ക്ലാസിൽ നിന്നാണല്ലോ . പഠനം ആഹ്ലാദകരമായ ഒരു അനുഭവമാക്കിമാറ്റാൻ കഴിഞ്ഞാലേ നമുക്ക് ഒന്നാം തരം മികവുറ്റതാക്കാൻ സാധിക്കുകയുള്ളൂ . വീട്ടുകാരിൽ നിന്ന് വിട്ട് നിൽക്കുന്ന അഞ്ചു വയസുകാരന് സ്നേഹ സമ്പന്നമായ സ്കൂൾ അന്തരീക്ഷം ആവശ്യമാണ് . ഇതിനു കുട്ടികളുടെ മന:ശ്ശാസ്ത്രം ശാസ്ത്രീയമായി മനസ്സിലാക്കുന്ന വിദഗ്ദ്ധരായ അധ്യാപകരുടെ സേവനവും സ്കൂളിന് മതിയായ ഭൗതിക സൗകര്യങ്ങളും അത്യന്താപേക്ഷിതമാണ് . ഒരു ഗവ: സ്കൂളും , മൂന്ന് എയ്ഡഡ് സ്കൂളുകളും , ഒരു അൺ എയ്ഡഡ് (ഇംഗ്ലീഷ് മീഡിയം) സ്കൂളും ആണ് അപ്പർ പ്രൈമറി തലത്തിൽ ഉള്ളത് . പഠന കാര്യങ്ങളിലും ഭൗതിക കാര്യങ്ങളിലും പഞ്ചായത്തിലെ സ്കൂളുകൾ മുൻ നിരയിൽ തന്നെയാണ് . 1996 ലെ കണക്ക് പ്രകരം ഉള്ള സ്കൂളിന്റെ അന്തരീക്ഷം പാടെ മാറിയിരിക്കുന്നു . എല്ലാ സ്കൂളുകളും ഹൈടെക് ആയിരിക്കുകയാണ് . 1996 ൽ വെറും അമ്പത് കുട്ടികൾ മാത്രം ഉണ്ടായിരുന്ന പഞ്ചായത്തിന്റെ ഘടക സ്ഥാപനമായ ഗവ:എൽ പി സ്കൂളിൽ ഇന്ന് 360 കുട്ടികൾ പഠിക്കുന്ന ഒരു സ്ഥാപനമായി മാറിയിരിക്കുന്നു . പഞ്ചായത്തിലെ ഓരോ വ്യക്തിയും ഒത്തൊരുമിച്ചു നിന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഇത് . വളരെ ചെറിയ ഫിറ്റ്നസ് പോലും ലഭിക്കാൻ ബുദ്ധിമുട്ടിയിരുന്ന ചേലക്കര ജി.എൽ.പി സ്കൂൾ കെട്ടിടം ഇന്ന് കാണുന്ന മനോഹരമായ കെട്ടിടമായി മാറിയത് മുൻ എം.എൽ.എ ശ്രീ. യു.ആർ.പ്രദീപിന്റെ പ്രവർത്തനഫലമാണ്. സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഇനിയും ഒട്ടേറെ നിർമ്മാണ പ്രവർത്തികൾ ആവശ്യമാണ്. ആയതിന് നിലവിലെ സ്ഥലം എം.എൽ.എ ബഹു. മന്ത്രി ശ്രീ.കെ.രാധാകൃഷ്ണൻ 1.5 കോടി രൂപയാണ് നടപ്പ് സാമ്പത്തിക വർഷം. അനുവദിച്ചിട്ടുള്ളത്. കുട്ടികൾക്ക് ഹൈ ടെക് പഠനം ഉറപ്പാക്കുന്നതിന് സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനാണ് ഈ തുക അനുവദിച്ചിരിക്കുന്നത്. ആയതിന്റെ പ്രവർത്തനം ഇതിനകം ആരംഭിച്ചു കഴിഞ്ഞു. പഴയ രീതിയിലുള്ള ബഞ്ചും ,ഡസ്ക്കും ഒഴിവാക്കി പുതിയവ വന്നതോടെ ക്ലാസ് മുറികളുടെ മുഖച്ഛായ തന്നെ മാറി. പഞ്ചായത്തിന്റെ മറ്റൊരു ഘടക സ്ഥാപനമായ ജി എൽ പി എസ് കുറുമലയിലും കുട്ടികളുടെ എണ്ണത്തിൽ ഓരോ അധ്യായന വർഷത്തിലും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ സ്കൂളിലും സ്മാർട്ട് ക്ലാസ് മുറികൾക്കായി പുതിയ കെട്ടിട നിർമ്മാണവും

മുൻ എം.എൽ.എ ശ്രീ.യു.ആർ.പ്രദീപ് അവറകളുടെ പ്രാദേശിക ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുകൊണ്ട് പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇനിയും കുറുമല ജി.എൽ.പി.എസിന്റെ വികസനത്തിന് ആവശ്യമായ കെട്ടിട നിർമ്മാണത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി സ്ഥലം എം.എൽ.എ ബഹു. മന്ത്രി ശ്രീ.കെ.രാധാകൃഷ്ണന് സമർപ്പിച്ച് പ്രതീക്ഷയോടെ കാത്തിരിക്കുന്നു. പഞ്ചായത്തിന് കീഴിലുള്ള മൂന്ന് ഗവ: സ്കൂളുകളും വളരെ മെച്ചപ്പെട്ട നിലവാരം പുലർത്തുന്നവയാണ് . 1996 ലെ കണക്ക് പ്രകാരം പിറകിൽ നിന്നിരുന്ന SMT ഹൈ സ്കൂൾ ഇന്ന് കേരളത്തിലെ തന്നെ മികച്ച ഹയർസെക്കണ്ടറി സ്കൂൾ ആയി മാറിയിരിക്കുന്നു . സാധാരണക്കാരിൽ സാധാരണക്കാരുടെ മക്കൾ മാത്രം പഠിക്കുന്ന ഈ സ്കൂൾ പഠന നിലവാരത്തിനും മറ്റ് അൺ അക്കാഡമിക കാര്യങ്ങളിലും വളരെ ഉയർന്ന നിലവാരത്തിലാണുള്ളത്.

1996 ൽ വളരെ ഇടുങ്ങിയ ക്ലാസ് മുറികളും കുട്ടികൾക്ക് പഠിക്കാൻ വേണ്ട ഭൗതിക സാഹചര്യങ്ങളും ഇല്ലാതിരുന്ന എസ്.എം.ടി.ജി.എച്ച്.എസ്.എസ് ഇന്ന് ഭൂരിപക്ഷം ക്ലാസ് മുറികളും ഹൈ ടെക് നിലവാരത്തിലേക്ക് മാറിയിരിക്കുന്നു. ഹൈടെക് ക്ലാസ് മുറികളും അത്യാധുനിക സൗകര്യങ്ങളുമാണ് ഇന്ന് കുട്ടികൾക്ക് ലഭിക്കുന്നത് . സ്കൂളിലെ പഴയ ക്ലാസ് മുറികൾ പൊളിച്ചു മാറ്റി ധാരാളം വെട്ടവും വെളിച്ചവുമുള്ള വലിയ ക്ലാസ് മുറികളും പൂന്തോട്ടവും പ്രഗൽഭരായ അധ്യാപകരുടെ സേവനവും കൊണ്ട് സമ്പന്നമാണ് ഇന്ന് ഈ സ്കൂൾ.

പഞ്ചായത്തിൽ നിന്നും വിദ്ധ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, പഠാനോപകരണങ്ങൾ, ലാപ്ടോപ്, പഠന ധനസഹായം തുടങ്ങിയ ധാരാളം പ്രോത്സാഹനങ്ങൾ നൽകുന്നുണ്ട് . ഇത് കുട്ടികളുടെ പഠനമുന്നേറ്റത്തിനും സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തി നേടുന്നതിനും സഹായിക്കുന്നു .പരീക്ഷ എഴുതി സർട്ടിഫിക്കറ്റ് നേടുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള പദ്ധതികൾ വരുംകാല വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

SMTGHSS ചേലക്കര

1891 ൽ ചേലക്കരയിൽ സ്ഥാപിതമായ ഈ സരസ്വതി ക്ഷേത്രം പ്രൈമറി , അപ്പർ പ്രൈമറി സ്റ്റേജുകൾ കടന്ന് ഒരു ഹൈസ്കൂൾ ആയി മാറിയത് 1931 ൽ ആണ് . ശ്രീമൂലം തിരുന്നാൾ മഹാരാജാവിന്റെ കാലത്താണ് ഇതൊരു ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടത് . ഹയർസെക്കണ്ടറി ബാച്ച് ലഭിച്ചത് 1997 ലാണ് . അദ്ധേഹത്തിന്റെ ഓർമ്മക്കായിട്ടാണ് ഈ സ്ഥാപനത്തിന് ശ്രീമൂലം തിരുന്നാൾ ഹയർസെക്കണ്ടറി സ്കൂൾ എന്ന പേര് നൽകിയത് . ശക്തൻ തമ്പുരാൻ നിർമിച്ച പഴയ കൊട്ടാരത്തിന്റെ അതിരുകൾക്കുള്ളിൽ വ്യാപിച്ചു കിടക്കുന്ന ഈ സ്കൂളിൽ നിന്നും ഭരണ സൗകര്യത്തിനായി 1961 ൽ LP വിഭാഗം വേർ തിരിക്കപ്പെട്ടു .ഈ അധ്യായന വർഷത്തിൽ 54 ഡിവിഷനുകളിലായി

	2245 വിദ്യാർത്ഥികൾ യു പി , ഹൈസ്കൂൾ , ഹയർസെക്കണ്ടറി വിഭാഗങ്ങളിലായി പഠിക്കുന്നു . ഈ മൂന്ന് വിഭാഗങ്ങളിലായി 76 അധ്യാപകർ ഈ സ്കൂളിൽ സേവനമാനുഷ്ഠിക്കുന്നു . ഒരു കാലത്ത് ചോർന്നൊലിക്കുന്ന കെട്ടിടങ്ങളിൽ അധ്യയനം നടത്തിയിരുന്ന ഈ സ്കൂൾ , ഈ സ്കൂൾ , ഇന്ന് ഹൈടെക് സംവിധാനങ്ങളോട് കൂടിയ ബഹുനില കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് . പ്രഗൽഭരായ അധ്യാപകരുടെ നിസ്വാർത്ഥ സേവനം മൂലം പാഠ്യ പാഠ്യേതര വിഷയങ്ങളിൽ മികച്ച പ്രകടനങ്ങൾ കാഴ്ച വെക്കാൻ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്ക് കഴിയുന്നുണ്ട് . കുട്ടികളുടെ കായികവും മാനസികവും സമൂഹികവും ആരോഗ്യപരവുമായ വികസനത്തിനുതകുന്ന NCC , SPC , NSS , Little Kites Atal Tinkering Lab , കരാത്തെ എന്നിവ വർഷങ്ങളായി സ്കൂളിൽ പ്രവർത്തിച്ചു വരുന്നു . കുട്ടികളിൽ അച്ചടക്കബോധം വളർത്തുന്നതിന് ഈ യൂണിറ്റുകൾ ഒരു പ്രധാന പങ്കു വഹിക്കുന്നു . ഭിന്നശേഷിക്കരായ വിദ്യാർത്ഥികൾക്കുവേണ്ടി റിസോഴ്സ് ടീച്ചറുടെ സഹായത്തോടു കൂടി കുട്ടികളുടെ ഉന്നമനത്തിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു . സ്കൂളിലെ ഉച്ചഭക്ഷണം പദ്ധതി മികവുറ്റ രീതിയിൽ നടന്നു വരുന്നു . പരിമിതമായ സ്ഥലം പ്രയോജനപ്പെടുത്തി കാർഷിക പ്രവർത്തനങ്ങളും ചെയ്യുന്നുണ്ട്. കളിമുറ്റം ഒരുക്കുന്നതിന്റെ ഭാഗമായി 40 വൃക്ഷ തൈകളും ചെറിയ രീതിയിൽ ഒരു ഉദ്യാനവും ഒരുക്കിയിട്ടുണ്ട് . കൊട്ടാരത്തിന്റെ ഭാഗമായ നാലുകെട്ടും , നടുമുറ്റവും അതിന്റെ പഴമയും പ്രൗഢിയും ഒട്ടും ചോർന്നു പോകാത്ത രീതിയിൽ പരിപാലിക്കുന്നതിൽ ഇവിടത്തെ അധ്യാപകരും അനധ്യാപകരും പ്രത്യേകം ശ്രദ്ധിച്ചുവരുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

വാർഡ്	സ്കൂളുകളുടെ എണ്ണം															
	ഹൈസ്കൂൾ				യു.പി				എൽ.പി				നഴ്സറി			
	സർക്കാർ	എയ്ഡഡ്	മറ്റുള്ളവ	ആകെ	സർക്കാർ	എയ്ഡഡ്	മറ്റുള്ളവ	ആകെ	സർക്കാർ	എയ്ഡഡ്	മറ്റുള്ളവ	ആകെ	സർക്കാർ	എയ്ഡഡ്	മറ്റുള്ളവ	ആകെ
1	0	0	0	0	0	0	0	0	0	0	0	0	0	0	0	0
2	0	0	0	0	0	0	0	0	0	0	0	0	0	0	0	0
3	0	0	0	0	0	0	0	0	0	0	0	0	0	0	0	0
4	0	0	0	0	0	0	0	0	0	0	0	0	0	0	0	0
5	0	0	0	0	0	0	0	0	0	1	0	1	0	1	0	1
6	0	0	0	0	0	0	1	1	0	0	1	1	0	0	1	1
7	0	0	0	0	0	0	0	0	0	0	0	0	0	0	0	0
8	0	0	0	0	0	0	0	0	0	1	0	1	0	0	0	0
9	0	0	0	0	0	0	0	0	0	0	0	0	0	0	0	0
10	0	0	0	0	0	0	0	0	0	0	0	0	0	0	0	0
11	0	0	0	0	0	0	0	0	0	1	0	1	0	0	0	0
12	0	0	0	0	0	1	0	1	0	1	0	1	0	0	0	0
13	0	0	0	0	0	0	0	0	0	0	0	0	0	0	0	0
14	0	0	0	0	0	0	0	0	0	1	0	1	0	1	0	1
15	0	0	0	0	0	0	0	0	1	0	0	1	1	0	0	1
16	0	0	0	0	0	0	0	0	0	0	0	0	0	0	0	0
17	0	0	0	0	0	0	0	0	0	0	0	0	0	0	0	0
18	0	0	1	1	0	1	1	2	0	1	1	2	0	1	0	1
19	0	0	0	0	0	0	0	0	0	0	0	0	0	0	0	0
20	0	0	0	0	0	0	0	0	0	0	0	0	0	0	0	0
21	1	1	0	2	1	1	0	2	1	1	0	2	1	1	1	3
22	0	0	10	1	0	0	1	1	0	0	1	1	0	0	1	1

വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും സംബന്ധിച്ച വിവരങ്ങൾ
പട്ടിക-2

സ്കൂളിന്റെ പേര് എൽ.പി. വിഭാഗം	വിദ്യാർത്ഥികളുടെ എണ്ണം			SC/ST വിദ്യാർത്ഥികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
ജി.എൽ.പി.എസ്.ചേലക്കര	124	76	200	28	22	50	1	8	9
ജി.എൽ.പി.എസ്.കുറുമല	50	35	85	16	6	22	0	4	4
എൽ.എഫ്.എൽ.പി. ചേലക്കര	257	590	847	18	51	69	0	22	22
സി.ജി.ഇ.എം.എസ്. ചേലക്കര	104	54	158	26	17	43	2	3	5
എ.എൽ.പി.എസ്. കാളിയറോട്	147	125	272	20	21	41	2	8	10
എൻ.എം.എൽ.പി. വെങ്ങാനെല്ലൂർ	75	95	170	17	24	41	0	9	9
എ.എൽ.പി.എസ്. പുലാക്കോട്	58	59	117	16	25	41	0	8	8
എ.എൽ.പി.എസ്. പങ്ങാരപ്പിള്ളി	72	76	148	9	9	18	1	4	5

വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും സംബന്ധിച്ച വിവരങ്ങൾ പട്ടിക-2									
സ്കൂളിന്റെ പേര് യു.പി. വിഭാഗം	വിദ്യാർത്ഥികളുടെ എണ്ണം			SC/ST വിദ്യാർത്ഥികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
എൽ.എഫ്.യു.പി.ചേലക്കര	0	966	966	0	81	81	0	16	16
സെന്റ് ജോസഫ് യു.പി.എസ്. പങ്ങാരപ്പിള്ളി	331	199	530	49	49	98	5	6	11
എ.യു.പി.എസ്. തോന്നൂർക്കര	166	108	274	40	26	66	4	13	17
എസ്.എം.ടി.എച്ച്.എസ്	566	198	764	89	73	162	4	17	21

വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും സംബന്ധിച്ച വിവരങ്ങൾ പട്ടിക-2									
സ്കൂളിന്റെ പേര് ഹൈസ്കൂൾ വിഭാഗം	വിദ്യാർത്ഥികളുടെ എണ്ണം			SC/ST വിദ്യാർത്ഥികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
എൽ.എഫ്.എച്ച്.എസ് ചേലക്കര	0	1091	1091	0	101	101	0	36	36
സെന്റ് ജോസഫ് എച്ച്.എസ് പങ്ങാരപ്പിള്ളി	365	219	584	44	38	82	6	13	19
എസ്.എം.ടി. ചേലക്കര	720	243	963	128	80	208	5	27	32

വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും സംബന്ധിച്ച വിവരങ്ങൾ പട്ടിക-2									
സ്കൂളിന്റെ പേര് ഹയർസെക്കണ്ടറി വിഭാഗം	വിദ്യാർത്ഥികളുടെ എണ്ണം			SC/ST വിദ്യാർത്ഥികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
എസ്.എം.റ്റി.എച്ച്.എസ്.ചേലക്കര	172	289	461	30	74	104	4	17	21
എൽ.എഫ്.എച്.എസ്.എസ്. ചേലക്കര	0	344	344	0	28	28	0	16	16

സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങളെ കുറിച്ചുള്ള വിവരം പട്ടിക-3									
സ്കൂളിന്റെ പേര്	ഡിവിഷൻ ആകെ	വേണ്ടത്ര ക്ലാസ്സ് മുറികളുണ്ടോ ?	ലബോറട്ടറി	സ്റ്റാഫ് റൂം	പാചകമുറി	മൂത്രപ്പുര	കക്കൂസ്	കളിസ്ഥലം	കുടിവെള്ള ലഭ്യത
ജി.എൽ.പി.ചേലക്കര സർക്കാർ സ്കൂൾ	4	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
ജി.എൽ.പി.കുറുമല സർക്കാർ സ്കൂൾ	8	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല
എസ്.എം.ടി.എച്ച്.എസ്. സർക്കാർ സ്കൂൾ	47	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
എസ്.എം.ടി.എച്ച്.എസ്.എസ്. ചേലക്കര സർക്കാർ സ്കൂൾ	9	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
എൽ.എഫ്.എൽ.പി.ചേലക്കര	20	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
സി.ജി.ഇഎം.എസ്.ചേലക്കര	4	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
എ.എൽ.പി.എസ്. ചേലക്കര	9	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
എൻ.എം.എൽ.പി. വെങ്ങാനെല്ലൂർ	8	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
എ.എൽ.പി.എസ്. പുലോക്കോട്	7	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
എ.എൽ.പി.എസ്. പങ്ങാരപ്പിള്ളി	4	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
എൽ.എഫ്.യു.പി.ചേലക്കര	20	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
സെന്റ് ജോസഫ് യു.പി.എ സ്.പങ്ങാരപ്പിള്ളി	6	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
എ.യു.പി.എസ്.തോന്നൂർക്കര	14	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
എൽ.എഫ്.എച്ച്.എസ്. ചേലക്കര	36	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
സെന്റ് ജോസഫ് എച്ച്എസ്. പങ്ങാരപ്പിള്ളി	12	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്

S.S.LC RESULT IN PERCENTAGE WISE.. IN THE YEAR 2017-18 SMTGHSS CHELAKKARA						
STANDARD	BELOW 30%	BET 30% & 40%	BET 40% & 50%	BET 50% & 60%	BET 60%	TOTAL
V	17	50	56	30	17	170
VIV	10	63	73	42	21	209
VII	12	69	81	46	23	231
VIII	14	84	97	56	28	279
IX	19	114	133	76	37	379
X	18	109	127	72	36	362
XII	9	7	14	10	197	237

S.S.LC RESULT IN PERCENTAGE WISE.. IN THE YEAR 2017-18 SMTGHSS CHELAKKARA						
STANDARD	BELOW 30%	BET 30% & 40%	BET 40% & 50%	BET 50% & 60%	BET 60%	TOTAL
V	10	61	71	40	20	202
VIV	12	63	74	42	20	210
VII	13	71	82	47	23	235
VIII	17	101	118	67	34	337
IX	15	89	103	59	29	295
X	19	130	74	112	37	372
XII	6	9	24	13	187	239

S.S.L.C RESULT IN PERCENTAGE WISE.. IN THE YEAR 2017-18 SMTGHSS CHELAKKARA						
STANDARD	BELOW 30%	BET 30% & 40%	BET 40% & 50%	BET 50% & 60%	BET 60%	TOTAL
V	12	68	80	46	22	228
VIV	11	67	68	45	34	225
VII	13	76	88	50	25	252
VIII	16	97	112	64	33	322
IX	19	112	130	74	37	372
X	13	80	93	53	27	266
XII	5	18	28	20	171	242

S.S.L.C RESULT IN PERCENTAGE WISE.. IN THE YEAR 2017-18 SMTGHSS CHELAKKARA						
STANDARD	BELOW 30%	BET 30% & 40%	BET 40% & 50%	BET 50% & 60%	BET 60%	TOTAL
V	11	68	80	46	23	228
VIV	12	72	84	48	25	241
VII	12	72	84	48	24	240
VIII	15	89	103	59	29	295
IX	16	99	115	66	33	329
X	19	111	130	74	37	371
XII	12	8	13	19	207	359

എസ്.എം.ടി.ജി.എച്ച്.എസ്.എസ്. ചേലക്കര

എൽ.എഫ്.ജി.എച്ച്.എസ്. ചേലക്കര

ജി.എൽ.പി.എസ്.കുറുമല

എസ്.എം.ടി.ജി.എച്ച്.എസ്.എസ്. ചേലക്കര

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

ചേലക്കര
പോളിടെക്നിക്

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

KURUMALA
LP SCHOOL

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

SMT HIGHER SECONDARY
SCHOOL

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

LITTLE FLOWER GIRLS
HIGHER SECONDARY SCHOOL

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

SMT HIGHER SECONDARY
SCHOOL GROUND

കുടിവെള്ളം

അന്ന്	ഇന്ന്
ചേലക്കര ഗ്രാമ പഞ്ചായത്ത് രൂക്ഷമായ ജലക്ഷാമം അനുഭവിക്കുന്ന ഒരു പ്രദേശമായിരുന്നു . വേനൽ കാലത്ത് വറ്റാത്ത പുഴകളോ തോടുകളോ ഒന്നും തന്നെയില്ല . 1966 ൽ തോട്ടിൽ മുസ്ലീം പള്ളിക്ക് സമീപം കുഴിച്ച ഒരു കിണറ്റിൽ നിന്നാണ് ആദ്യകാലത്ത് അങ്ങാടിയിൽ ശുദ്ധജല വിതരണം നടത്തിയിരുന്നത് . പിന്നീട് 1996 ൽ മറ്റൊരു ശുദ്ധജല വിതരണ പദ്ധതി കൂടി ചേലക്കര ഭൂതം കൊട്ടു കുളത്തിന് സമീപം ആരംഭിക്കുകയുണ്ടായി . 1980 ടു കൂടി അങ്ങാടിയിൽ നിലവിലുണ്ടായിരുന്ന ആദ്യകാല പദ്ധതിയും വെള്ളം കിട്ടാത്തതിനാൽ നിർത്തലാക്കി . ഇതോടു കൂടി ശുദ്ധജലത്തിന് കിണറുകളെ മാത്രം ആശ്രയിക്കേണ്ട സ്ഥിതി വന്നു . സുലഭമായി വെള്ളം കിട്ടുന്ന കിണറുകൾ പഞ്ചായത്തിൽ വളരെ കുറവായിരുന്നു . 1982 ൽ നിർമാണ പ്രവർത്തനം ആരംഭിച്ച വടക്കാഞ്ചേരി ശുദ്ധജല വിതരണ പദ്ധതിയിൽ ഈ പഞ്ചായത്തും ഉൾപ്പെട്ടിരുന്നു . ഇത് വലിയൊരളവോളം ചേലക്കരയിലെ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് അന്ന് അനുഗ്രഹമായി . 1992 പങ്ങാരപ്പിള്ളി ഏഴരക്കുന്ന് പട്ടികജാതി കോളനിയിലേക്ക് 7 ടാപ്പുകൾ ഉള്ള ഒരു ചെറിയ ശുദ്ധജല വിതരണ പദ്ധതി നിലവിൽ വന്നു . ഈ പദ്ധതിയുടെ ജല സ്രോതസ്സ് സെൻട്രൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കുഴിച്ച പങ്ങാരപ്പിള്ളിയിലെ കുഴൽ കിണറാണ്. ഏകദേശം അന്ന് 200 കുടുംബങ്ങൾക്ക് ഇത് മൂലം പ്രയോജനം ലഭിച്ചിരുന്നു . ഈ പദ്ധതികൾ കൂടാതെ 84 പൊതു കിണറുകളും , 32 കുഴൽ കിണറുകളും (ഹാൻഡ്ര പമ്പ് ഉപയോഗിച്ചാണ് വെള്ളം എടുത്തിരുന്നത്) പഞ്ചായത്തിൽ അന്നുണ്ടായിരുന്നു.	പഞ്ചായത്ത് കഴിഞ്ഞ 25 വർഷങ്ങളിലായി നടപ്പിലാക്കിയ വിവിധ കുടിവെള്ള പദ്ധതികൾ വഴി കുടിവെള്ള ക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരം കാണുന്നതിന് ഇതിനകം കഴിഞ്ഞിട്ടുണ്ട്. മുമ്പ് കുടിവെള്ള സ്രോതസ്സുകളായി ഉപയോഗിച്ചിരുന്നത് കിണറുകളായിരുന്നു എങ്കിലും കാലാവസ്ഥ വ്യതിയാനത്തിന്റെയും മഴക്കുറവിന്റെയും ഭാഗമായി ഇത്തരം കിണറുകളിൽ ഇന്ന് ആവശ്യത്തിന് കുടിവെള്ളം ലഭിക്കുന്നില്ല . 2002 ൽ ലോക ബാങ്ക് ധനസഹായത്തോടെ 51 ജലനിധി പദ്ധതികൾ പഞ്ചായത്തിൽ പ്രവര്ത്തഥനം ആരംഭിച്ചു. അതിൽ 9 പദ്ധതികൾ മതിയായ വെള്ളം ലഭിക്കാത്തതിനാൽ നിലവിൽ പ്രവർത്തിക്കുന്നില്ല . ബാക്കി 42 പദ്ധതികൾ വിജയകരമായി പ്രവർത്തിച്ചു വരുന്നു . 75 ശതമാനം തുക ലോക ബാങ്ക് ധന സഹായവും 15 ശതമാനം തുക പഞ്ചായത്ത് വിഹിതവും 10 ശതമാനം തുക ഗുണഭോക്തൃ വിഹിതവും ഉപയോഗിച്ചാണ് പദ്ധതികൾ നടപ്പിലാക്കിയത്. അതിന് ശേഷം പല വർഷങ്ങളിലായി ആരംഭിച്ച വിവിധ പദ്ധതികൾ ഉൾപ്പെടെ ഇന്ന് പഞ്ചായത്തിൽ 116 കുടിവെള്ള പദ്ധതികൾ നിലവിലുണ്ട് . ഇവയുടെ നടത്തിപ്പ് അതാത് സംഘങ്ങളിൽ നിന്നും തിരഞ്ഞെടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റികളാണ് . മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ 2981 ഗാർഹിക കണക്ഷനുകളും , 150 ഗാർഹികേതര കണക്ഷനുകളും വാട്ടർ അതോറിറ്റി വക പഞ്ചായത്തിൽ നിലവിലുണ്ട് . 2024 ലോട് കൂടി മുഴുവൻ കുടുംബങ്ങൾക്കും അണുവിമുക്തമായ കുടിവെള്ളം വീടുകളിൽ എത്തിക്കുക എന്ന ജലജീവൻ പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം 1500 പുതിയ ഗാർഹി ക കണക്ഷനുകൾ വാട്ടർ അതോറിറ്റി വഴി ഇതിനകം നൽകിയിട്ടുണ്ട് . ഈ പദ്ധതി പ്രകാരം ചെലവ് വരുന്ന തുകയുടെ 45 ശതമാനം തുക കേന്ദ്ര സർക്കാരും 30 ശതമാനം തുക കേരള സർക്കാരും 15 ശതമാനം തുക പഞ്ചായത്തും 10 ശതമാനം തുക ഗുണഭോക്തൃവിഹിതവും ഉപയോഗിച്ചാണ് പദ്ധതി പ്രാവർത്തികമാക്കുന്നത്. ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ ബാക്കി വരുന്ന കുടുംബങ്ങളിൽ 7211 കണക്ഷനുകൾ വരുന്ന സാമ്പത്തിക വർഷം നൽകുന്നതിന് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി നാട്ടിക പ്രോജക്ട് ഡിവിഷനിൽ നിന്നും തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പ്രകാരം 52.46 കോടി രൂപയാണ് പദ്ധതി ചെലവായി കണക്കാക്കുന്നത് . ആയതിന് കേന്ദ്ര സർക്കാരിൽ നിന്നും 23.61 കോടി രൂപയും , സംസ്ഥാന സർക്കാരിൽ നിന്നും 15.74 കോടി രൂപയും , പഞ്ചായത്ത് വിഹിതമായി 7.87 കോടി രൂപയും , ഗുണഭോക്തൃവിഹിതമായി 5.25 കോടി രൂപയുമാണ്

	കണക്കാക്കിയിട്ടുള്ളത്. നടത്തിപ്പിന് സൗകര്യം മുമ്പ് നടപ്പാക്കിയ " ജലനിധി കുടിവെള്ള പദ്ധതികൾ " പോലെ ചെറുകിട കുടിവെള്ള പദ്ധതികളാണ്. ജലജീവൻ പദ്ധതി നടത്തിപ്പുമായി മുഴുവൻ പഞ്ചായത്തുകളും സഹകരിക്കണമെന്ന സർക്കാർ നിലപാട് അനുസരിച്ചാണ് വികേന്ദ്രീകൃത കുടിവെള്ള പദ്ധതികൾ മറന്നു കൊണ്ട് , കേന്ദ്രീകൃത കുടിവെള്ള പദ്ധതിയായ ജലജീവൻ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത്.

ആരോഗ്യം

അന്ന്	ഇന്ന്
അലോപ്പതി ചികിത്സക്ക് വേണ്ടത്ര പ്രചരണം ലഭിക്കാതിരുന്ന ആദ്യകാലങ്ങളിൽ പാരമ്പര്യ വൈദ്യന്മാരെയും ആയുർവേദ ചികിത്സാ രീതികളേയുമാണ് പഞ്ചായത്തിലെ ആളുകൾ അന്ന് കൂടുതലായി ആശ്രയിച്ചിരുന്നത് . മൺമറഞ്ഞ മേച്ചിറ കുട്ടിരാമൻ വൈദ്യർ , പഞ്ചാൾ അയ്യപ്പൻ വൈദ്യർ എന്നിവർ ആയുർവേദ ചികിത്സ രംഗത്തെ പ്രഗത്ഭരായിരുന്നു . 1940 കളോട് കൂടി ആയുർവേദ ചികിത്സയോടൊപ്പം തന്നെ ആധുനിക ചികിത്സാ രീതികളുമായി ബന്ധപ്പെടുവാനുള്ള താൽപര്യവും ജനങ്ങളിൽ കൂടുതൽ പ്രകടമായി തുടങ്ങി . ആദ്യത്തെ സർക്കാർ ആരോഗ്യ കേന്ദ്രം, മാധവമേനോൻ ഡോക്ടറും , ശ്രീമതി ദേവകിയമ്മ മിഡ് വൈഫും , ഒരു സ്വീപ്പറുമായി ചേലക്കരയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു . പഞ്ചായത്തിന്റെ ധനസഹായത്തോടെ പ്രഗത്ഭരായ വിഷവൈദ്യൻ വലിയകത്ത് അബ്ദുൾ കാദർ നടത്തിവന്നിരുന്ന വിഷ ചികിത്സകേന്ദ്രവും വളരെ പ്രസിദ്ധമായിരുന്നു . അക്കാലത്ത് തന്നെ എളനാട് ഡിസ്പെൻസകറിയിലെ ഡോക്ടറായിരുന്ന അന്തോണി ഡോക്ടർ ചേലക്കരയിൽ താമസക്കാരനായിരുന്നതിനാൽ അദ്ദേഹത്തിന്റെ സേവനവും ഈ പഞ്ചായത്തിലുള്ളവർക്ക് അനുഗ്രഹമായിരുന്നു.	പഞ്ചായത്തിലെ ഭൂരിപക്ഷം ആളുകളും ചികിത്സക്ക് ആശ്രയിക്കുന്ന പൊതുമേഖല സ്ഥാപനമാണ് ചേലക്കര മുഖാരികുന്നത്ത് പ്രവർത്തിച്ചു വരുന്ന സർക്കാർ താലൂക്ക് ആശുപത്രി. കഴിഞ്ഞകാല വികസന പ്രവർത്തനങ്ങൾ വഴി ആശുപത്രിയുടെ സൗകര്യങ്ങൾ ഇന്ന് വളരെയേറെ വർദ്ധിച്ചിട്ടുണ്ട് . മുൻ MP ശ്രീ ഡോ:പി.കെ.ബിജു അനുവദിച്ച ഫണ്ട് ഉപയോഗിച്ചാണ് നിലവിലെ കെട്ടിടങ്ങളുടെ ഭൂരിഭാഗം പണി പൂർത്തീകരിച്ചത് . മുൻ MLA ശ്രീ യു.ആർ. പ്രദീപിന്റെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമാണ പ്രവർത്തനങ്ങൾ നടന്ന് വരുന്നു. വികസന പ്രവർത്തനങ്ങളുടെ ഭാഗമായി നിർമിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങളുടെ ആവിശ്യത്തിന് കോബൗണ്ടിനോട് ചേർന്ന് കിടക്കുന്ന സ്വകാര്യവ്യക്തികളുടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നതായിട്ടാണ് അറിയുവാൻ കഴിയുന്നത്. മുഖാരികുന്ന് താലൂക്ക് ആശുപത്രിയിൽ ഒരു സിവിൽ സർജനും , 5 അസിസ്റ്റന്റ് സർജന്മാരും , 2 ഗൈനകോളജി വിഭാഗം ഡോകടർമാരും ഓർത്തോ വിഭാഗത്തിനും പ്രീഡിയാട്രിക് വിഭാഗത്തിലും ഓരോ ഡോകടർമാർ വീതവും 1 ഡെന്റൽ സർജനും 7 നഴ്സ് മാരും 8 മെഡിക്കൽ സ്റ്റാഫുകളും ഇവിടെ സേവനമനുഷ്ഠിച്ചുവരുന്നു. നിലവിൽ ഒ.പി വിഭാഗവും ഐ.പി വിഭാഗവും നല്ല രീതിയിൽ നടന്നു വരുന്നു. കൂടാതെ ECG ,Xray , ആംബുലൻസ് സേവനം, മൊബൈൽ ഫ്രീസർ , ഡെന്റൽ , ഇമ്മ്യൂണൈസേഷൻ , മെന്റൽ ഹെൽത്ത് , NCD , പാലിയേറ്റീവ്, ഐ വിഷൻ ലാബ് , 24 മണിക്കൂറും പ്രവർത്തിയ്ക്കുന്ന കാഷ്വാലിറ്റി എന്നീ സേവനങ്ങളും ഇവിടെ ലഭ്യമാണ്. ആരോഗ്യ മേഖലയിൽ മറ്റൊരു പ്രധാന സ്ഥാപനമാണ് തോന്നൂർക്കര FHC. 1975 ൽ ഡിസ്പെൻസറി ആയി ആരംഭിച്ച് 1988 ൽ പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തപ്പെട്ട ഈ കേന്ദ്രം 2021 ൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി . 2 അസിസ്റ്റന്റ് സർജന്മാരും, സ്റ്റാഫ് നേഴ്സും ഉൾപ്പെടെ 22 പേർ വിവിധ തസ്തികകളിലായി ഈ കേന്ദ്രത്തിന്റെ കീഴിൽ

ചേലക്കര സർക്കാർ ആശുപത്രി

1953 ൽ മോഡൽ പഞ്ചായത്ത് സഹകരണ സംഘം പ്രവർത്തിച്ചിരുന്ന കെട്ടിടം, അന്നത്തെ പഞ്ചായത്ത് കമ്മിറ്റി മുൻകൈതയെടുത്ത് സർക്കാരിലേക്ക് വിട്ടു കൊടുത്തതിനെ തുടർന്നാണ് , അന്ന് നിലവിലുള്ള സ്ഥലത്ത് സർക്കാർ ഡിസ്പെൻസറി പ്രവർത്തനം തുടങ്ങിയത് . ഡിസ്പെൻസറി ആയിരിക്കുമ്പോൾ തന്നെ ഇവിടെ രോഗികളെ കിടത്തി ചികിത്സിക്കാൻ തുടങ്ങിയിരുന്നു . അന്തരിച്ച ശ്രീ കന്തസാമി ചെട്ടിയാർ പണികഴിപ്പിച്ചു നൽകിയ വാർഡിലാണ് രോഗികളെ കിടത്തി ചികിത്സിച്ചിരുന്നത് . 1973 ൽ ഒരു പുതിയ വാർഡ് കൂടി ആശുപത്രിക്ക് വേണ്ടി സർക്കാർ പണികഴിപ്പിക്കുകയുണ്ടായി . ആ വാർഡിന്റെ ഉദ്ഘാടന ചടങ്ങിൽ ഇത് ആശുപത്രിയായി ഉയർത്തിയതായി ആരോഗ്യ മന്ത്രി പ്രഖ്യാപിച്ചെങ്കിലും, 32 രോഗികളെ കിടത്തി ചികിത്സിക്കുന്ന ഈ ആശുപത്രിയിൽ ഒരു ആശുപത്രിക്ക് വേണ്ടതായ സൗകര്യങ്ങൾ ഒന്നും തന്നെ അന്ന് ഉണ്ടായിരുന്നില്ല .

തോന്നൂർക്കര പ്രൈമറി ഹെൽത്ത് സെന്റർ

തോന്നൂർക്കര പ്രൈമറി ഹെൽത്ത് സെന്റർ 1973 ൽ ഒരു ഡിസ്പെൻസറി ആയി ആരംഭിച്ചിട്ടുള്ളതാണ് . ഈ ഡിസ്പെൻസറിക്ക് വേണ്ടിയുള്ള സ്ഥലം കൊന്നനാത്ത് രാമനാരായണ മേനോനും , നിലവിലുള്ള കെട്ടിടം ഗോപാലകൃഷ്ണ മേനോനും സംഭാവനയായി സർക്കാരിലേക്ക് നൽകിയിട്ടുള്ളതാണ് . 1988 ൽ ഇത് ഒരു PHC ആയി ഉയർത്തി . , 2 സ്റ്റാഫ്നേഴ്സും ഉൾപ്പെടെ 22 പേർ വിവിധ തസ്തികകളിലായി ഈ കേന്ദ്രത്തിന്റെ കീഴിൽ ജോലി ചെയ്ത് വരുന്നു. കൂടാതെ കുറുമല , പങ്ങാരപ്പിള്ളി , അന്തിമഹാകാളൻ കാവ് , വെങ്ങാനെല്ലൂർ , പുലാക്കോട് , തോന്നൂർക്കര എന്നിവിടങ്ങളിൽ സബ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു . എല്ലാ സബ് സെന്ററുകളും സ്വന്തം സ്ഥലത്ത് നിർമിച്ചിട്ടുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത് . ഈ സബ് സെന്ററുകൾ വഴി ഗർഭിണികൾക്കും , കുട്ടികൾക്കും ആവശ്യമായ പ്രതിരോധ കുത്തിവെപ്പുകൾ നൽകി വരുന്നുണ്ട്. കൂടാതെ ഗർഭിണികൾക്കായി ആന്റിനന്റൽ ക്ലീനിക്കുകളും അതുവഴി അവർക്ക് ആവശ്യമായ അയേൺ , കാത്സ്യം ഗുളികകളും എല്ലാ ആഴ്ച്ചകളിലും നൽകി വരുന്നുണ്ട്. ഈ സബ് സെന്ററുകളുടെ കീഴിലായി 38ആശാ പ്രവർത്തകരുടെ സേവനം വഴി ആരോഗ്യ വകുപ്പ് നിർദേശിക്കുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഒന്നും രണ്ടും ഘട്ടങ്ങളിലായി പഞ്ചായത്ത് അഭിമുഖീകരിക്കേണ്ടിവന്ന കൊവിഡ് 19 എന്ന മഹാമാരിയെ പ്രതിരോധിക്കുന്നതിന് ആശ പ്രവർത്തകരും, ആരോഗ്യ പ്രവർത്തകരും ഒത്തൊരുമിച്ച് നടത്തിയ പ്രവർത്തനങ്ങൾ പ്രശംസനീയമാണ് . ഇപ്പോഴും നമ്മുടെ പഞ്ചായത്തിൽ നിലനിൽക്കുന്ന COIVD 19 പ്രതിരോധത്തിന് ആരോഗ്യപ്രർവത്തകരും, ആശ പ്രവർത്തകരും ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.

ആശാ പ്രവർത്തകർക്ക് ആദ്യ കാലങ്ങളിൽ 500 രൂപയാണ് ഹോണറേറിയമായി ലഭിച്ചിരുന്നത് . എന്നാൽ ഇന്ന് സംസ്ഥാന സർക്കാ ർ 5000 രൂപയും , കേന്ദ്ര സർക്കാറിന്റെ 2000 രൂപയുമടക്കം 7000 രൂപ വീതം
ഹോണറേറിയം ലഭിച്ചു വരുന്നു. കൂടാതെ COIVID 19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നവർ എന്ന നിലക്ക് ആയിരം രൂപ വീതം കേന്ദ്ര സർക്കാരിൽ നിന്നും പ്രത്യേക അലവൻസും ഓരോ ആശ പ്രവർത്തകരുടേയും പ്രവർത്തനങ്ങൾക്കനുസരിച്ചുള്ള ഇൻസെന്റീവും ലഭിച്ചു വരുന്നു. 2013 മുതൽ പഞ്ചായത്തിന്റെ കീഴിൽ തോന്നൂർക്കര കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തി വരുന്ന സാന്ത്വന പരിചരണം പ്രശംസനീയമാണ് . നാളിതുവരെ 1300 കിടപ്പ് രോഗികൾക്കാണ് പദ്ധതി വഴി പരിചരണം നൽകാൻ കഴിഞ്ഞിട്ടുള്ളത് . മാസത്തിൽ ഒരു ദിവസം വീടുകളിൽ എത്തി ആവിശ്യമായ പരിച്ചരണങ്ങളും മരുന്നും നൽകിതവരുന്നു . മുമ്പ് മരുന്നുകൾ ലഭിക്കുന്നതിന് ഒരു പ്രത്യേക ദിവസം മാത്രമാണ് അവസരം ഉണ്ടായിരുന്നത് . അത് മൂലം രോഗികൾക്ക് മരുന്ന് ലഭിക്കുവാനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിലവിൽ എല്ലാ ദിവസവും പാലിയേറ്റീവ് രോഗികൾക്ക് മരുന്നുകൾ ലഭിക്കുന്നതിനുള്ള അവസരമാണ് ഒരുക്കിയിരിക്കുന്നത്. എല്ലാ വർഷവും പാലിയേറ്റീവ് പരിചരണ ദിനാചരണത്തിന്റെ ഭാഗമായി രോഗികൾക്ക് ആവശ്യമായ പോഷകാഹാര കിറ്റും നൽകിവരുന്നു. പാലിയേറ്റീവ് രോഗികൾക്ക് മരുന്നുകൾ ആവശ്യമായി വരുമ്പോൾ അതതു മേഖലയിൽ

ചേലക്കര
ആയുർവേദ ആശുപത്രി

1962 ലാണ് ചേലക്കരയിൽ ആദ്യമായി സർക്കാർ ആയുർവേദ ഡിസ്പെൻസറി ആരംഭിക്കുന്നത് . ചെറുതുരുത്തിയിൽ പഞ്ചകർമ്മ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചപ്പോൾ അതുവരെ അവിടെ പ്രവർത്തിച്ചിരുന്ന ആയുർവേദ ആശുപത്രി നിർത്തലാക്കുകയുണ്ടായി . ഈ അവസരം ഉപയോഗിച്ച് ചേലക്കര പഞ്ചായത്ത് കമ്മിറ്റി മുൻകൈ എടുത്ത് പ്രവർത്തിച്ചതിന്റെ ഫലമായി , ചേലക്കരയിൽ നിലവിലുള്ള ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തപ്പെടുകയുണ്ടായി . 20 കിടക്കകളുള്ള ചേലക്കര ആയുർവേദ ആശുപത്രി പഞ്ചായത്ത് വാടകക്കെടുത്ത ശ്രീ വാഴപ്പിള്ളി വർഗീസിന്റെ കെട്ടിടത്തിലാണ് 1971 മുതൽ പ്രവർത്തനം തുടങ്ങിയത് . അന്ന് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വന്നിരുന്നു . 20 രോഗികളെ കിടത്തി ചികിത്സ നടത്താവുന്ന ആശുപത്രിയാണെങ്കിലും അന്ന് 15 കട്ടിലും 10 കിടക്കകളുമാണ് ഉണ്ടായിരുന്നത് .

ചുമതലയുള്ള ആശ പ്രവർത്തകരെ ബന്ധപ്പെടുകയും ആശ പ്രവർത്തകർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ചെന്ന് മരുന്നുകൾ വാങ്ങി കിടപ്പ് രോഗികൾക്ക് എത്തിച്ചു കൊടുക്കുകയും ചെയ്യുന്നു. ഈ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് പഞ്ചായത്ത് പ്രസിഡന്റും , മെഡിക്കൽ ഓഫീസറും ഉൾപ്പെടുന്ന പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി 3 മാസം കൂടുമ്പോൾ യോഗം ചേരുന്നു. പാലിയേറ്റീവ് രോഗികൾക്ക് ആവശ്യമായി വരുന്ന എയർ ബെഡ് , വാട്ടർ ബെഡ് , വാക്കിംഗ് സ്റ്റിക്ക് എന്നിവ പോലുള്ള സഹായ ഉപകരണങ്ങളും പഞ്ചായത്ത് /ജില്ല പഞ്ചായത്ത് ഫണ്ടുകൾ ഉപയോഗിച്ച് നൽകിവരുന്നു. കാൻസർ രോഗികൾക്കും , കിഡ്നി രോഗികൾക്കും , അവരെ പരിച്ചരിക്കുന്നവർക്കും പെൻഷൻ ലഭിക്കുന്നതിനു ആവശ്യമായ സഹായങ്ങൾ ചെയ്തു വരുന്നു. അപകടം മൂലമോ മറ്റു കാരണങ്ങളാലോ നടക്കുവാൻ കഴിയാത്ത രോഗികൾക്ക് പുനരധിവാസ തൊഴിൽ പരിശീലനങ്ങളും നൽകിവരുന്നു. വീട്ടിൽ പോയി നടത്തി വരുന്ന പാലിയേറ്റീവ് പരിചരണത്തിന് ഒരു ഡോക്റ്ററുടെ കൂടി സേവനം വരും കാലങ്ങളിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി ആലോചിച്ചു വരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ വിഹിതമായി 6,00,000 രൂപയും, ജില്ല പഞ്ചായത്തിന്റെ വിഹിതമായി 3,00,000 രൂപയും, ജില്ല പഞ്ചായത്തിന്റെ സ്പില്ലോവർ ഫണ്ടായി 240059 രൂപയും ഉൾപ്പടെ ആകെ 1140059 രൂപയുമാണ് ഈ പദ്ധതി വഴി പഞ്ചായത്തിൽ ചെലവഴിച്ചത്. COVID 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിലെ മുഴുവൻ കിടപ്പ് രോഗികൾക്കും വീടുകളിൽ എത്തി രണ്ട് ഡോസ് പ്രതിരോധ വാക്സിൻ നൽകുന്നതിനും ഇതിനകം കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ പാലിയേറ്റീവ് പ്രവർത്തിനങ്ങൾക്ക് സ്വന്തമായി വാഹന സൗകര്യം ഇല്ല എന്നുള്ളത് വലിയ കുറവായി നിലനിൽക്കുന്നു. എന്നാൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്കുള്ള ആംബുലൻസ് മുൻ MLA ശ്രീ. യു.ആർ പ്രദീപ് അവറുകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ചു നൽകിയിട്ടുണ്ട്. ആംബുലൻസിന്റെ രജിസ്ട്രേഷനും മറ്റു ചിലവുകൾക്കും ആവശ്യമായി വരുന്ന തുക പഞ്ചായത്ത് പദ്ധതി വിഹിതത്തിൽ നിന്നും നടപ്പു സാമ്പത്തിക വർഷം വകയിരുതിയിട്ടുണ്ട്. ഏതാനും ദിവസങ്ങൾക്കുള്ളിൽ ആംബുലൻസിന്റെ സേവനം പഞ്ചായത്തിലെ ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾക്ക് ലഭിക്കും. COVID19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകരായ RRT അംഗങ്ങൾ നൽകിയ സേവനം വരും തലമുറയ്ക്ക്പോലും മാതൃകയാകുന്ന മഹനീയ പ്രവർത്തനമാകുന്നു.

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

KUDUMBA AROGYA KENDRAM
THONOORKKARA

വ്യവസായം

അന്ന്	ഇന്ന്
പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തിയത് 1956 ൽ ആണ് . അതിനു മുമ്പ് പ്രധാന കവലകളിൽ തെരുവ് വിളക്കുകളായി, വിളക്ക് മാടവും , പാനിഷ് വിളക്കുകൾ ആണ് ഉണ്ടായിരുന്നത് . ആദ്യ കാലങ്ങളിൽ വീടുകളിൽ മാടമ്പി വിളക്കുകളും , കൊട്ടെണ്ണ വിളക്കുകളും ഉണ്ടായിരുന്നു . പാചകത്തിന് മുഖ്യമായും വിറക് അടുപ്പുകൾ തന്നെയാണ് ഉപയോഗിച്ചിരുന്നത് . ജലസേചനത്തിനും , എണ്ണ ആട്ടുന്നതിനും , കാളകളെ ഉപയോഗിച്ചിരുന്നു . ചരക്ക് ഗതാഗതത്തിന് കാള വണ്ടികളെ ആണ് അന്ന് ഉപയോഗിച്ചിരുന്നത് . അന്ന് പഞ്ചായത്തിൽ ആകെ 7267 വീടുകൾ ആണ് ഉണ്ടായിരുന്നത്. അതിൽ 3225 വീടുകൾ വൈദ്യുതികരിച്ചിരുന്നു . പഞ്ചായത്തിൽ ആകെ 55 പട്ടികജാതി കോളനികൾ ഉണ്ടായിരുന്നു . ഇതിൽ 48 കോളനികളും വൈദ്യുതികരിച്ചിരുന്നു . കൃഷി ആവശ്യത്തിന് 450 പമ്പ് സെറ്റുകൾ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിച്ചിരുന്നു . പഞ്ചായത്തിലെ പ്രധാന റോഡുകളിലും , പട്ടികജാതി കോളനികളിലും തെരുവ് വിളക്കുകൾ അന്ന് സ്ഥാപിച്ചിരുന്നു . എന്നാൽ അപൂർവം ദിവസ്സങ്ങളിൽ മാത്രമേ ഇവ കത്താറുണ്ടായിരുന്നുള്ളൂ . വോൾട്ടേജ് കുറവും , വിതരണ തടസ്സവും പുതിയ കണക്ഷനുകൾ നൽകുന്നതിനുള്ള ഊർജ്ജ കുറവും , അന്നുണ്ടായിരുന്നു . വടക്കാഞ്ചേരി സബ് സ്റ്റേഷനിൽ നിന്നും ഒരു ഫീഡർ വഴി മാത്രമാണ് ചേലക്കരയിലേക്ക് വൈദ്യുതി എത്തിയിരുന്നത് . വൈദ്യുതി വിതരണത്തിനായി 25 ട്രാൻസ്ഫോർമറുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ചിരുന്നു . എന്നിരുന്നാലും വോൾട്ടേജ് ക്ഷാമം ഊർജ്ജമേഖലയിലെ ഒരു പ്രധാന പ്രതിസന്ധിയായി അന്ന് അനുഭവപ്പെട്ടിരുന്നു .	വ്യവസായ രംഗത്ത് കഴിഞ്ഞ 25 വർഷത്തിനുള്ളിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ ചിലത് ആരംഭിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ യുവതി യുവാക്കളുടെ തൊഴിലില്ലായ്മക്ക് , പരിഹാരമാകുന്ന സാഹചര്യം ഇന്നും പഞ്ചായത്തിൽ നിലവിലില്ല. വ്യവസായ രംഗത്ത് പുതിയ പദ്ധതികൾ ആരംഭിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അത് വഴി തൊഴിലില്ലായ്മക്ക് പരിഹാരം കാണുന്നതോടൊപ്പം , സാമ്പത്തിക വളർച്ച ശക്തിപ്പെടുത്തുന്നതിനും നമുക്ക് കഴിയും. 1996 ൽ ജന പങ്കാളിത്ത വികസനം ആരംഭിച്ചതിനു ശേഷം നാളിതുവരെയും വ്യവസായ സംരംഭങ്ങളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുകൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. കാർഷിക മേഖലക്ക് പ്രാധാന്യം ഉള്ള ഒരു പഞ്ചായത്താണ് ചേലക്കര എങ്കിലും കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് പലരും കാർഷിക മേഖലയിൽ നിന്നും മാറുന്നത് നമ്മൾ കാണാതിരുന്നുകൂട. അത്കൊണ്ട് തന്നെ പഞ്ചായത്തിന്റെ സാമ്പത്തിക വളർച്ചക്ക് വ്യവസായിക മേഖലയുടെ വളർച്ച അത്യന്താപേക്ഷിതമാണ്. അത് കൊണ്ട് തന്നെ വരുന്ന 5 വർഷത്തിനുള്ളിൽ കൂടുതൽ യുവതിയുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്ന വ്യവസായിക സംരംഭങ്ങൾ ആരംഭിക്കേണ്ടതുണ്ട്. നിലവിൽ പഞ്ചായത്തിൽ • 4 ഹോളോബ്രിക്സ് കമ്പനികൾ • കസേര നിർമ്മാണ കമ്പനി • ഗ്ലൗസ്, റബർ ബാന്റ് നിർമ്മാണ കമ്പനി • 6 പി.വി.സി. പൈപ്പ് ബെന്റ് നിർമ്മാണ കമ്പനി • 4 പ്രസ്സുകൾ • 3 റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ ശാല • 1 ഓട്ടുപാത്ര നിർമ്മാണ ശാല • 1 മൺപാത്ര നിർമ്മാണ ശാല • അലുമിനിയം പാത്ര നിർമ്മാണശാല • ബേക്കറി നിർമ്മാണ യൂണിറ്റ് • കേക്ക് നിർമ്മാണ യൂണിറ്റ് • 3 ഫർണീച്ചർ നിർമ്മാണ യുണിറ്റ് • 4 അച്ചാർ കമ്പനികൾ

അന്ന്	ഇന്ന്
	വനിതാ തൊഴിൽ സംരംഭമായ ജൂട്ട് ബാഗ് നിർമാണം 2 യൂണിറ്റുകൾ ലാഭകരമായ രീതിയിൽ പ്രവർത്തിച്ചു വരുന്നു എന്നത് പ്രശംസനീയമാണ് . ഇവർ ഉത്പാദിപ്പിക്കുന്ന ബാഗുകൾ അന്താരഷ്ട്ര നിലവാരത്തിൽ തന്നെ ശ്രദ്ധനേടിയ ഒരു ഉത്പന്നമാണ്. ആയതിന്റെ ഭാഗമായി കിലയും മറ്റു സ്ഥാപനങ്ങളെ പോലെ ഈ ബാഗ് ഉപയോഗിച്ചു വരുന്നു . വിവിധ വാർഡുകളിലായി കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ഉത്പന്ന നിർമ്മാണ യൂണിറ്റുകളും സോപ്പ് നിർമ്മാണ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിൽ പ്രവർത്തിയ്ക്കുന്ന യൂണിറ്റുകൾക്ക് കുടുംബശ്രീ സി.ഡി.എസ് വഴി സബ്സിഡിയും നൽകിവരുന്നുണ്ട്

പൊതുമാരാമത്ത്-ഊർജം

അന്ന്	ഇന്ന്
പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തിയത് 1956 ൽ ആണ് . അതിനു മുമ്പ് പ്രധാന കവലകളിൽ തെരുവ് വിളിക്കുകളായി, വിളക്ക് മാടവും , പാനിഷ് വിളക്കുകൾ ആണ് ഉണ്ടായിരുന്നത് . ആദ്യ കാലങ്ങളിൽ വീടുകളിൽ മാടമ്പി വിലക്കുകളും , കൊട്ടെണ്ണ വിളക്കുകളും ഉണ്ടായിരുന്നു . പാചകത്തിന് മുഖ്യമായും വിറക് അടുപ്പുകൾ തന്നെയാണ് ഉപയോഗിച്ചിരുന്നത് . ജലസേചനത്തിനും , എണ്ണ ആട്ടുന്നതിനും , കാളകളെ ഉപയോഗിച്ചിരുന്നു . ചരക്ക് ഗതാഗതത്തിന് കാള വണ്ടികളെ ആണ് അന്ന് ഉപയോഗിച്ചിരുന്നത് . അന്ന് പഞ്ചായത്തിൽ ആകെ 7267 വീടുകൾ ആണ് ഉണ്ടായിരുന്നത് . അതിൽ 3225 വീടുകൾ വൈദ്യുതികരിച്ചിരുന്നു . പഞ്ചായത്തിൽ ആകെ 55 പട്ടികജാതി കോളനികൾ ഉണ്ടായിരുന്നു . ഇതിൽ 48 കോളനികളും വൈദ്യുതികരിച്ചിരുന്നു . കൃഷി ആവിശ്യത്തിന് 450 പമ്പ് സെറ്റുകൾ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിച്ചിരുന്നു . പഞ്ചായത്തിലെ പ്രധാന റോഡുകളിലും , പട്ടികജാതി കോളനികളിലും തെരുവ് വിളക്കുകൾ അന്ന് സ്ഥാപിച്ചിരുന്നു . എന്നാൽ അപൂർവം ദിവസ്സങ്ങളിൽ മാത്രമേ ഇവ കത്താറുണ്ടായിരുന്നുള്ളൂ . വോൾട്ടേജ് കുറവും , വിതരണ തടസ്സവും പുതിയ കണക്ഷനുകൾ നൽകുന്നതിനുള്ള ഊർജ കുറവും , അന്നുണ്ടായിരുന്നു . വടക്കാഞ്ചേരി സബ് സ്റ്റേഷനിൽ നിന്നും ഒരു ഫീഡർ വഴി മാത്രമാണ് ചേലക്കരയിലേക്ക് വൈദ്യുതി എത്തിയിരുന്നത് . വൈദ്യുതി വിതരണത്തിനായി 25 ട്രാൻസ്ഫോർമറുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ചിരുന്നു . എന്നിരുന്നാലും വോൾട്ടേജ് ക്ഷാമം ഊർജ മേഖലയിലെ ഒരു പ്രധാന പ്രതിസന്ധിയായി അന്ന് അനുഭവപ്പെട്ടിരുന്നു	പൊതുമരാമത്ത് മേഖലയിൽ കഴിഞ്ഞ 25 വർഷക്കാലത്തെ ജനപങ്കാളിത്ത പ്രവർത്തനങ്ങൾ വഴി അഭിനന്ദനീയമായ പുരോഗതിയാണ് കൈവരിക്കുവാൻ കഴിഞ്ഞിരിക്കുന്നത്. ഭൂരിഭാഗം പ്രദേശങ്ങളിലും നടപ്പിലാക്കിയ റോഡ് നിർമാണവും , കലിങ്ക് നിർമാണവും , കാന നിർമാണവും വഴി പഞ്ചായത്തിന്റെ മുഖച്ഛായ മാറുന്ന അവസ്ഥ കൈവരിക്കുവാൻ പൊതുമരാമത്ത് മേഖലയിൽ കഴിഞ്ഞിട്ടുണ്ട് . പഞ്ചായത്തിലെ നിലവിലെ കണക്കനുസരിച്ച് വിവിധ തരത്തിലുള്ള 594 റോഡുകൾ നിലവിലുണ്ട്. ഇവ പൂർണമായും ഭാഗികമായും പണി പൂർത്തീകരിക്കുവാൻ ഇതിനകം കഴിഞ്ഞിട്ടുണ്ട്. ആവശ്യമായ സ്ഥലങ്ങളിലെല്ലാം പാലങ്ങളും , കലിങ്കുകളും നിർമ്മിച്ചത് മൂലം ഭൂരിഭാഗം പ്രദേശത്തും വാഹന ഗതാഗതം ഇന്ന് സാധ്യമാണ് . പഞ്ചായത്തിൽ 344 റോഡുകളിലായി 222.45 കി.മി നീളവും 1.1339 ച.കി.മീ വിസ്തൃതിയുള്ള റോഡുകൾ ടാറിംഗ് പൂർത്തീകരിച്ചവയാണ്. 18.05 കി.മീ നീളവും 0.05 ച.കി.മി വിസ്തീർണമുള്ള 138 റോഡുകൾ പഞ്ചായത്തിൽ വാഹന ഗതാഗതത്തിന് ഉപയോഗിക്കാവുന്ന തരത്തിൽ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ 43.99 കി.മി നീളവും , 0.2168 ച.കി.മി. വിസ്തീർണമുള്ള 115 റോഡുകൾ മെറ്റലിംഗ് പൂർത്തീകരിച്ചവയാണ് . ഈ റോഡുകൾ പതിനാലാം പഞ്ചവത്സര പദ്ധതി ആരംഭിക്കുന്ന ആദ്യ സാമ്പത്തിക വർഷം തന്നെ ടാറിംഗ് പൂർത്തീകരിക്കുന്നതിനാണ് ഭരണ സമിതി തീരുമാനിച്ചിരിക്കുന്നത് . ഇത് കൂടാതെ 0.612 കി.മി നീളവും 0.00178 ച.കി.മി വിസ്തീർണമുള്ള 3 റോഡുകൾ ഇന്റർലോക്ക് ചെയ്യുന്നതിനും ഇതുവരെ കഴിഞ്ഞിട്ടുണ്ട്. എന്നാൽ 55.9 കി.മി നീളവും 0.2187 ച.കി.മി വിസ്തീർണമുള്ള 164 റോഡുകൾ പഞ്ചായത്തിൽ പുതിയതായി നിർമിച്ച മൺറോഡുകളാണ്. ഇത് സമയ ബന്ധിതമായി ടാറിങ്ങോ , കോൺക്രീറ്റിങ്ങോ ചെയ്ത് വാഹന ഗതാഗതത്തിന് അനുയോജ്യമാക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി നടപടികൾ ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങൾക്കും വോൾട്ടേജ് ലഭ്യത ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യത്തോട് കൂടി ആവശ്യമായ സ്ഥലങ്ങളിലെല്ലാം ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും ഇതിനകം കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല പല സ്ഥലങ്ങളിലും ഉപഭോക്താക്കളുടെ എണ്ണത്തിൽ വൻ വർദ്ധനനവ് പരിഗണിച്ച് സിംഗിൾ ഫേസ് ലൈൻ മാറ്റി ത്രി ഫേസ് ലൈൻ ആക്കി മാറ്റി സ്ഥാപിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ആയതിന് ആവശ്യമായ വിഹിതം അനുവദിക്കുന്നതിന് 96 മുതൽ നാളിതുവരെയുള്ള സ്ഥലം MLA മാരുടെ സേവനം ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

	ഊർജ സംരക്ഷണ മേഖലയിൽ സ്വയം പര്യാപ്തത നേടുക എന്ന ഉദ്ദേശത്തോട് കൂടി പതിനാലാം പഞ്ചവത്സര പദ്ധതി മുതൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ കെട്ടിടങ്ങളിലും സോളാർ പാനൽ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ മുന്നോടി എന്ന നിലക്ക് പഞ്ചായത്തിന്റെ ഓഫീസ് കെട്ടിടത്തിന്റെ മുകളിലും പഞ്ചായത്ത് ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിന് മുകളിലും 2022-23 സാമ്പത്തിക വർഷം നടപ്പാക്കണമെന്ന നിശ്ചയദാർഢ്യത്തോടെ കൂടിയുള്ള പദ്ധതി രൂപീകരണമാണ് നടത്തിയിട്ടുള്ളത്. റോഡുകൾക്ക്പുറമേ പൊതുമരാമത്ത് പ്രവർത്തികളിൽ വരുന്ന കുടിവെള്ളം, ശുചിത്വം , വിദ്യാഭ്യാസം , ആരോഗ്യം , ഉത്പാദനം എന്നീ മേഖലകളിലും ഇതിനകം നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.2020-21 വാർഷികപദ്ധതി പ്രകാരം 10,79,58,836 രൂപ പശ്ചാത്തല മേഖലയിൽ വിവിധ പ്രവർത്തനങ്ങൾക്ക് മാറ്റി വെക്കുന്നതിനും , ചിലവഴിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം പഞ്ചായത്ത് ബസ് സ്റ്റാന്റിനോട് ചേർന്ന്ആവശ്യമായ സൗകര്യങ്ങളോട് കൂടിയ പൊതു ശൗചാലയം പൂർത്തീകരിക്കുന്നതിന് 2020-21 സാമ്പത്തിക വർഷം കഴിഞ്ഞിട്ടുണ്ട്. മൃഗശുപത്രിയോടു ചേർന്ന് ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം നിർമിക്കുന്ന പൊതു ശൗചാലയത്തിന്റെ നിർമാണം അവസാന ഘട്ടത്തിലാണ്. സംസ്ഥാന സർക്കാരിന്റെ "ഇനി ഞാൻ ഒഴുകട്ടെ" എന്ന പ്രത്യേക പദ്ധതി പ്രകാരം ഉൽപ്പാദന മേഖലയുടെ സംരക്ഷണം ലക്ഷ്യമിട്ട് കൊണ്ട് നിരവധി തോടുകൾ ആഴം കൂട്ടി സൈഡ്കെട്ടി സംരക്ഷണം ഉറപ്പാക്കി ആവശ്യമായ സ്ഥലങ്ങളിൽ ചീർപ്പുകൾ സ്ഥാപിക്കുന്നതിനും ഇതിനകം കഴിഞ്ഞിട്ടുണ്ട് . ആരോഗ്യ മേഖലയിൽ ആവശ്യമായ കെട്ടിട നിർമാണം ഇതിനകം കഴിഞ്ഞിട്ടുണ്ട്. ഓരോ വർഷവും നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾവഴി ആരോഗ്യമേഖലയിൽ സൗകര്യങ്ങൾ മെച്ചപെട്ടിട്ടുണ്ട്. എങ്കിലും കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് നിരവധിയായ പ്രവർത്തികൾ ഇനിയും ആരോഗ്യമേഖലയിൽ പൊതുമരാമത്ത് വിഭാഗത്തിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടതുണ്ട്. അത്തരം പ്രവർത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനാണ് ഭരണ സമിതി ലക്ഷ്യമിടുന്നത്. ശുചിത്വമേഖലയിൽ പൊതുമരാമത്ത് പ്രവർത്തികൾ ഉൾപ്പെടുത്തി പഞ്ചായത്തിലെ പല പ്രദേശങ്ങളിലും ഡ്രൈനേജ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട് . എന്നിരുന്നാലും ഇനിയും പല പ്രദേശങ്ങളിലും നിരവധി പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കിയാലെ ശുചിത്വമുള്ള ചേലക്കര എന്ന ലക്ഷ്യത്തിലേക്ക് നമുക്ക് എത്തുവാൻ കഴിയുകയുള്ളൂ. നമ്മുടെ പഞ്ചായത്തിനെ മാലിന്യ വിമുക്ത പഞ്ചായത്താക്കി മാറ്റുക എന്ന ഉദ്ദേശത്തോടുകൂടി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പൊതു ശ്മശാനത്തിന്റെ കോമ്പൗണ്ടിൽ MCF നിർമാണം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്ന് വരുകയാണ് . അജൈവ മാലിന്യ ശേഖരണത്തിന് വാർഡ് തലത്തിൽ നിർമിക്കുവാൻ തീരുമാനിച്ച മിനി MCF ന്റെ നിർമാണം 3 വാർഡുകളിൽ പൂർത്തീകരിച്ചിട്ടുണ്ട് . മറ്റ് വാർഡുകളിൽ നിർമാണം ആരംഭിക്കുന്നതിനുള്ള നടപടി നടന്നു വരികയാണ്.

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.
CHELAKKARA TOWN

CHELAKKARA TOWN

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

MINI CIVIL STATION & PDW REST HOUSE

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

POLICE STATION

അങ്കണവാടികൾ, സാമൂഹ്യക്ഷേമം

അന്ന്	ഇന്ന്
പഞ്ചായത്തിൽ 37 അങ്കണവാടികൾ പ്രവർത്തിച്ചു വന്നിരുന്നു എങ്കിലും പതിനെട്ടോളം അങ്കണവാടികൾ വാടക മുറികളിലോ , ഷെഡ്കളിലോ ആണ് പ്രവർത്തിച്ചിരുന്നത് . കുട്ടികൾക്ക് നൽകേണ്ടതായ പോഷകകഹര വിതരണം യഥാ സമയം നടന്നിരുന്നില്ല . പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യം ദാരിദ്ര നിർമാർജനമാണ് . ആയതിന്റെ പ്രവർത്തനങ്ങൾക്ക് ആക്കം കൂടുന്നതിന് വേണ്ടിയാണ് , വികസന ബ്ലോക്കുകൾ ആരംഭിച്ചത് . 1996 വരെ നിരവധി പ്രവർത്തനങ്ങൾ വികസന ബ്ലോക്ക് വഴി നടത്തി എങ്കിലും , ദാരിദ്രം ഇല്ലായ്മ ചെയ്യുന്നതിന് കഴിഞ്ഞിരുന്നില്ല. 1996 ൽ പഞ്ചായത്തിൽ 3874 കുടുംബങ്ങൾ ആണ് ദാരിദ്ര രേഖക്ക് താഴെ ഉള്ളവരായി ഉണ്ടായിരുന്നത് . ഇതിൽ SC/ST വിഭാഗത്തിൽപ്പെട്ട 396 കുടുംബങ്ങൾ ഉണ്ടായിരുന്നു . 1996 വരെയുള്ള വിവിധ പ്രവർത്തനങ്ങൾ വഴി 355 കുടുംബങ്ങൾ ദാരിദ്ര രേഖക്ക് താഴെ ഉള്ളവരിൽ നിന്നും പുരോഗതി കൈ വരിച്ചതായി അന്നത്തെ കണക്കുകൾ പറയുന്നു . പഞ്ചായത്തിൽ പൊതു വിതരണ രംഗത്ത് 16 റേഷൻ ഷോപ്പുകളും , സിവിൽസപ്ലൈസ് കോർപ്പറേഷന്റെ ഒരു മാവേലി സ്റ്റോറും പ്രവർത്തിച്ചിരുന്നു . മാവേലി സ്റ്റോറിൽ ആവശ്യത്തിന് സാധനങ്ങൾ ലഭിക്കാത്ത അവസ്ഥയാണ് അന്ന് ഉണ്ടായിരുന്നത് . റേഷൻ കടകൾ വഴി ലഭിക്കുന്ന സാധനങ്ങൾക്ക് ഗുണനിലവാരക്കുരവ് ഉണ്ടായിരുന്നു .	സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പഞ്ചായത്തിൽ 43 അങ്കണവാടികൾ പ്രവർത്തിച്ചു വരുന്നു. സ്ത്രീകളുടെയും , കുട്ടികളുടെയും , ഗർഭിണികളുടെയും ക്ഷേമത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് അങ്കണവാടികൾ വഴി നടക്കുന്നത്. ഇതുവഴി ശിശു മരണ നിരക്ക് കുറയ്ക്കുന്നതിന് ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. വിവിധ വകുപ്പുകൾ സംയോജിപ്പിച്ച് കൊണ്ടുള്ള പ്രവർത്തനങ്ങളാണ് സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ നടന്നു വരുന്നത്. അങ്കണവാടികളുടെ പ്രവർത്തനം ആരംഭിച്ച ഘട്ടത്തിൽ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചു വന്നിരുന്നത്. എന്നാൽ ഇന്ന് 41 അങ്കണവാടികളും പ്രവർത്തിക്കുന്നത് സ്വന്തമായ കെട്ടിടങ്ങളിലാണ്. രണ്ട് അങ്കണവാടികളാണ് നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നത് അതിൽ ഒരു അങ്കണവാടി നിർമ്മിക്കുന്നതിനാവിശ്യമായ സ്ഥലം ഇതിനകം സംഭാവനയായി ലഭിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം ആ സ്ഥലത്ത് അങ്കണവാടി കെട്ടിടം നിർമിക്കുന്നതിനാണ് ഭരണ സമിതി തീരുമാനിച്ചിരിക്കുന്നത്. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 41 അംഗനവാടികളും ഓരോ പ്രദേശത്തെയും ഭൂവുടമകൾ സംഭാവനയായി നൽകിയ സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നത് എന്നത് അഭിനന്ദനാർഹമായ കാര്യമാണ് . ബാക്കി വരുന്ന ഒരു അങ്കണവാടി നിർമിക്കുന്നതിനുള്ള സ്ഥലം സംഭാവനയായി ലഭിക്കുന്നതിനാവിശ്യമായ ഇടപെടലുകൾ പഞ്ചായത്ത് ഭരണ സമിതി നടത്തിവരുന്നു. സ്വന്തമായി കെട്ടിടമുള്ള 41 അങ്കണവാടികളിൽ 40 എണ്ണത്തിലും കുടിവെള്ളം നിലവിൽ ഉണ്ട് . മുഴുവൻ അങ്കണവാടികള്ക്കും ചുറ്റുമതിൽ പൂർത്തീകരിച്ചിട്ടുണ്ട് . 34 അങ്കണവാടികൾ ആധുനിക രീതിയിൽ ടൈൽ ഇട്ടു പണി പൂർത്തീകരിച്ചവയാണ്. 3 അങ്കണവാടികളിൽ ശിശു സൗഹൃത ടോയ്‌ലറ്റുകൾ നിലവിൽ ഉണ്ട്. ഭൂരിഭാഗം അങ്കണവാടികളും കുട്ടികളെ ആകർഷിക്കുന്ന തരത്തിൽ ചുമർ ചിത്രങ്ങൾ വരച്ച് പണി പൂർത്തീകരിച്ചവയാണ് . അടുത്ത സാമ്പത്തിക വർഷം ശിശു സൗഹൃദ പദ്ധതിയിൽ ഉൾപ്പെടുത്തി പരമാവധി അങ്കണവാടികൾ ഹൈടെക് ആക്കുന്നതിനുള്ള തുകയും വകയിരുത്തിയിട്ടുണ്ട്. ചേലക്കര പഞ്ചായത്തിലെ 43 അങ്കണവാടി വഴി 220 ഗർഭിണികൾക്കും, 249 പാലൂട്ടുന്ന അമ്മമാർക്കും, 3 വയസ്സുവരെയുള്ള 549 കുട്ടികൾക്കും പോഷകാഹാരം നൽകി വരുന്നു. ആയതിലേക്ക് കേന്ദ്ര സർക്കാർ വിഹിതവും പഞ്ചായത്ത് പദ്ധതി വിഹിതവും ആണ് ഉപയോഗിച്ച് വരുന്നത് . നടപ്പു സാമ്പത്തിക വർഷം ജനറൽ വിഭാഗത്തിലെ 15 ലക്ഷം രൂപ പഞ്ചായത്ത് വിഹിതവും 25 ലക്ഷം രൂപ കേന്ദ്ര വിഹിതവും രെ വിഭാഗത്തിൽ 7.5 ലക്ഷം രൂപ പഞ്ചായത്ത് വിഹിതവും 7 ലക്ഷം രൂപ കേന്ദ്ര വിഹിതവും ഇതിനായി

	വിഹിതവും 7 ലക്ഷം രൂപ കേന്ദ്ര വിഹിതവും ഇതിനായി വിനിയോഗിച്ചു. ആദ്യകാലങ്ങളിൽ അങ്കണവാടികളിലെ വര്ക്കഗർ , ഹെൽപ്പർ തസ്തികയിലേക്ക് ആളുകളെ കണ്ടെത്തുക എന്നത് ശ്രമകരമായ ഒരു ജോലിയായിരുന്നു. അന്ന് വർക്കർക്ക് 220 രൂപയും ഹെൽപ്പർക്ക് 90 രൂപയും ആയിരുന്നു ഹോണറേറിയം ലഭിച്ചിരുന്നത്. എന്നാൽ ഇന്ന് കേന്ദ്ര വിഹിതമായി 4800 രൂപയും സംസ്ഥാന വിഹിതമായി 5000 രൂപയും പഞ്ചായത്ത് വിഹിതമായി 2200 രൂപയും ചേർത്ത് 12,000 രൂപയാണ് ഹോണറേറിയമായി ലഭിക്കുന്നത്. മറ്റു മേഖലയിലെ സർക്കാർ ജീവനക്കാരിൽ നിന്നും വ്യത്യസ്തമായി കൊണ്ട് 62 വയസ്സാണ് ഇവരുടെ പെൻഷൻ പ്രായം. പെൻഷൻ കാലാവധിയായി വിരമിക്കുന്ന വർക്കർമാർക്ക് പ്രതിമാസം 2000 രൂപ വീതവും ഹെൽപ്പർമാർക്ക് 1000 രൂപ വീതവും ക്ഷേമ പെൻഷനായി ലഭിക്കുന്നു. 43 അങ്കണവാടികളിലായി 36 വയസ്സിന് ഇടക്കുള്ള 671 ആൺകുട്ടികളും , 645 പെൺകുട്ടികളും ഈ സേവന മേഖലയിലെ ഗുണഭോക്താക്കൾ ആണ്. 6 മാസം മുതൽ 3 വയസുവരെയുള്ള 564 ആൺ കുട്ടികളും , 591 പെൺകുട്ടികളും വിവിധ ആനുകൂല്യങ്ങൾ പറ്റുന്നവരായി പഞ്ചായത്തിൽ ഉണ്ട് . അങ്കണവാടികൾ വഴി നടാപ്പിലാക്കി വരുന്ന ശ്രദ്ധേയമായ പദ്ധതിയാണ് "ആശ്വാസ കിരൺ പദ്ധതി ". ഇതുവഴി കിടപ്പിലായ രോഗികളെയും ഭിന്നശേഷിക്കാരായ കുട്ടികളെയും പരിച്ചരിക്കുന്നവർക്ക് ആയിരം രൂപ വീതം പെൻഷൻ ലഭിക്കുന്നു. ആദ്യ പ്രസവക്കാരായ ഗർഭിണികൾ രജിസ്റ്റർ ചെയ്താൽ മാതൃ വന്ദന യോജന പദ്ധതി പ്രകാരം മൂന്ന് ഘടുക്കൾ ആയി 5000 രൂപ നൽകുന്ന പദ്ധതി ഈ വകുപ്പുവഴി നടപ്പാക്കി വരുന്നു. വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായവും ഈ വകുപ്പ് വഴി നടത്തി വരുന്നു. 60 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് പല്ല് മാറ്റി വെക്കുന്നതിന് ധനസഹായം നൽകൽ , കാഴ്ച വൈകല്യം ഉള്ള അമ്മമാരുടെ മക്കൾക്ക് പഠിക്കുന്നതിന് ധനസഹായം നൽകുന്ന മാതൃ ജ്യോതി പദ്ധതി എന്നിവയും വകുപ്പ് വഴി നടപ്പിലാക്കുന്ന മറ്റ് പദ്ധതികളാണ്. അമ്മമാർക്കും , കൗമാര പ്രായക്കാർക്കും , കുട്ടികൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ , കുട്ടികളുടെ വൈകല്യങ്ങൾ നേരത്തെ കണ്ടുപിടിക്കുന്നതിനുള്ള ക്യാമ്പുകളും ഈ വകുപ്പിന് കീഴിൽ നടന്നു വരുന്നു. സ്ത്രീകൾക്കും , കുട്ടികൾക്കും വേണ്ടി സമ്പുഷ്ട കേരള പദ്ധതി പ്രകാരം നടത്തി വരുന്ന പോഷൺ ട്രാക്കർ , 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്കായി നടത്തുന്ന "കുഞ്ഞൂണ് "എന്ന പദ്ധതിയും,ദമ്പതികൾക്കായി സംഘടിപ്പിക്കുന്ന " ദമ്പതി സംഗമം " എന്ന പദ്ധതിയും , ശുചിത്വം , ആരോഗ്യം എന്ന വിഷയത്തെ ആസ്പദമാക്കി നടത്തുന്ന " വർണ്ണ സംഗമം " എന്നീ പ്രവർത്തനങ്ങളും ഈ വകുപ്പിന്റെ കീഴിലായി നടന്നു വരുന്നു.

ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനുവേണ്ടി എല്ലാ വർഷവും ഗ്രാമ സഭകളും മെഡിക്കൽ ക്യാമ്പും നടത്തി വരുന്നു. ഇത്തരത്തിൽ നടത്തി വരുന്ന ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വരുന്ന നിർദ്ദേശങ്ങളും മെഡിക്കൽ ക്യാമ്പിനു ശേഷം ലഭിക്കുന്ന ശുപാർശകളും ഉൾകൊണ്ടാണ് ഓരോ വാർഷിക പദ്ധതികളും തയ്യാറാക്കുന്നത്. ഇത് പ്രകാരം കഴിഞ്ഞ 25 വർഷത്തിനകം നിരവധി പദ്ധതികളാണ് ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി നടപ്പിലാക്കിയിട്ടുള്ളത് . മെഡിക്കൽ ക്യാമ്പുകളിൽ നിന്ന് ലഭിക്കുന്ന ശുപാർശകൾക്കനുസരിച്ച് വിവിധ തരം സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

പഞ്ചായത്തിൽ നൽകിവരുന്ന ക്ഷേമ പെൻഷനുകൾ (2022 ജനുവരി മാസം വരെ)

- വാർദ്ധക്യ കാല പെൻഷ ൻ 3822
- വിധവ പെൻഷൻ 2272
- കർഷ ക തൊഴിലാളി പെൻഷൻ 897
- വികലാംഗ പെൻഷൻ 512
- അവിവാഹിത പെൻഷൻ 303

എന്നീ സാമൂഹ്യ പെൻഷനുകൾ പഞ്ചായത്തിൽ നൽകി വരുന്നുണ്ട്. വൃദ്ധരുടെ ക്ഷേമത്തിനും , പുരോഗതിക്കും വേണ്ടി നിരവധി പദ്ധതികൾ വർഷം തോറും നടപ്പിലാക്കി വരുന്നുണ്ട്. വൃദ്ധരായ പുരുഷന്മാരുടെയും , സ്ത്രീകളുടെയും മാനസിക സംഘർഷം ഒഴിവാക്കി ഊർജസ്വലരാക്കുക എന്ന ഉദ്ദേശത്തിൽ അവർക്ക് ഒത്തു ചേരുന്നതിനും കഴിഞ്ഞകാല ജീവിതാനുഭവങ്ങൾ പങ്കു വെക്കുന്നതിനും വേണ്ടി 2019-20ൽ പണിപൂർത്തിയാക്കിയ "പകൽ വീട് " എന്ന കേന്ദ്രം ഈ മേഖലയിലെ തിളക്കമാർന്നു പ്രവർത്തനങ്ങളിൽ ഒന്നാണ്. തുടർച്ചയായ കൊവിഡ് 19ന്റെ വ്യാപനം മൂലം ഈ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എങ്കിലും ആവിശ്യമായ സൗകര്യങ്ങൾ നിലവിൽ ഒരുക്കിയിട്ടുണ്ട്. സാമൂഹ്യ ക്ഷേമ വകുപ്പിന് കീഴിൽ വരുന്ന പ്രവർത്തനങ്ങൾക്ക് പ്രത്യേക മുൻഗണനയാണ് പഞ്ചായത്ത് ഭരണ സമിതി നൽകി വരുന്നത്.

ഇ.എം.എസ് ഭവൻ
ചേലക്കര ഗ്രാമ പഞ്ചായത്ത്
ജനകീയാസൂത്രണ പദ്ധതി 2019-20
വനിത ശിശു വികസന വകുപ്പ് 56.നമ്പർ

പാർപ്പിടം

അന്ന്	ഇന്ന്
നാട്ടിൽ നിലനിന്ന് വന്നിരുന്ന കൂട്ടുകുടുംബ വ്യവസ്ഥിതി 1996 ന് മുന്നേ തന്നെ നാമവശേഷമായിരുന്നു . അത് കൊണ്ട് തന്നെ വീടുകളുടെ ആവശ്യകത വർദ്ധിച്ചു വന്നു . പഞ്ചായത്തിൽ 7267 വീടുകൾ ആണ് അന്നുണ്ടായിരുന്നത് . അതിൽ രണ്ടായിരത്തോളം വീടുകൾ വൈക്കോൽ മേഞ്ഞതോ , ഓലപ്പുരയോ ആയിരുന്നു .പട്ടികജാതി , പട്ടികവർഗ്ഗത്തിൽപ്പെട്ട 119 കുടുംങ്ങളുടെ വീടുകളുടെ അവസ്ഥ വളരെ ദയനീയമായിരുന്നു. കൂടാതെ സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത 85 കുടുംബങ്ങളും അന്നുണ്ടായിരുന്നു . ഭൂരിപക്ഷം വീടുകളിലും ശുചിത്വമുള്ള കക്കൂസുകൾ ഉണ്ടായിരുന്നില്ല . നാല് ലക്ഷം വീട് കോളനികളും രണ്ട് പുനരധിവാസ കോളനികളും പഞ്ചായത്തിൽ ഉണ്ടായിരുന്നു . 1971 ൽ നിർമിച്ച ലക്ഷം വീടുകളിൽ പലതും , അപകടാവസ്ഥയിൽ ആണ് നിലനിന്നുരുന്നത് . വർഷത്തിൽ പരമാവധി 25 പേർക്കാണ് , വിവിധ പദ്ധതികൾ വഴി വീട് നിർമാണത്തിന് നാമ മാത്രമായ തുകകൾ ലഭിച്ചിരുന്നത് . പുറമ്പോക്കിൽ താമസിക്കുന്ന 30 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ സഹായത്തോടെ പഞ്ചായത്ത് തോന്നൂർക്കരയിൽ 1995 ൽ ഒരു ഏക്കർ 20 സെന്റ് സ്ഥലം വാങ്ങിയിരുന്നു .	ഭക്ഷണവും വസ്ത്രവും കഴിഞ്ഞാൽ മനുഷ്യന് ഒഴിച്ച് കൂടാനാകാത്ത ഒരാവശ്യമാണ് പാർപ്പിടം. 1996 ൽ ഉണ്ടായിരുന്ന വീടുകളിൽ രണ്ടായിരത്തിൽ കൂടുതൽ വീടുകൾ ഓല മേഞ്ഞതോ വൈക്കോൽ മേഞ്ഞതോ ആയിരുന്നു . എന്നാൽ ഇന്ന് പഞ്ചായത്തിൽ അത്തരം വീടുകൾ ഇല്ല എന്നാണ് മനസിലാക്കുന്നത് . പഞ്ചായത്തിലാകെ 11115 കുടുംബങ്ങൾ ഇന്ന് നിലവിലുണ്ട്. അതിൽ 1447 കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിൽ പെട്ടവരും . 21 കുടുംബങ്ങൾ പട്ടിക വർഗ്ഗത്തിൽ പെട്ടവരുമാണ് . എന്നാൽ വാസയോഗ്യമായ വീടില്ലാത്തവരുടെയും , സ്വന്തമായി തലചായ്ക്കാൻ ഇമ്മിള്ളാത്തവരുടെതുമായി ഇന്നും പാർപ്പിടമേഖലയിൽ പ്രശ്നങ്ങൾ ബാക്കി നിൽക്കുന്നു. പഞ്ചായത്തിൽ 4 ലക്ഷംവീട് കോളനികളും 2 പുനരധിവാസ കോളനികളും നിലവിലുണ്ട്. ചില കുടുംബങ്ങൾക്കെങ്കിലും ശുചിത്വമുള്ള കക്കൂസുകൾ ഇല്ല എന്നത് ശ്രദ്ധേയമായ കാര്യമാണ്. പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി 1995ൽ തോന്നൂർക്കരയിൽ വാങ്ങിയ ഒരു ഏക്കർ 20 സെന്റ് സ്ഥലത്ത് 30 കുടുംബങ്ങൾക്ക് പിന്നീട് ഭവനങ്ങൾ വെച്ച് നൽകിയ പുനരധിവസിപ്പിച്ചു. കഴിഞ്ഞ 25 വർഷക്കാലം പാർപ്പിട രംഗത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികൾ വഴി പഞ്ചായത്തിലെ നിരവധി പേർക്ക് ഭവന നിർമാണം സാധ്യമായിട്ടുണ്ട്. അതിൽ പ്രധാന പദ്ധതികളാണ് EMS ഭവന നിർമാണ പദ്ധതി , ലൈഫ് ഭവന നിർമാണ പദ്ധതി , IAY എന്ന പേര് മാറി വന്ന PMAY പദ്ധതി എന്നിവ. സംസ്ഥാനത്ത് ലൈഫ് ഭവന നിർമാണ പദ്ധതി ആരംഭിച്ചതിനെ തുടർന്ന് , കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പഞ്ചായത്തിൽ 339 കുടുംബങ്ങൾക്ക് ലൈഫ് പദ്ധതി പ്രകാരവും , 25 കുടുംബങ്ങൾക്കും PMAY പദ്ധതി പ്രകാരവും , വീട് നിർമ്മിച്ച് നൽകുവാൻ അവസരം ലഭിച്ചു. മാത്രമല്ല കഴിഞ്ഞ 3 വർഷം കൊണ്ട് ജനറൽ വിഭാഗത്തിൽപ്പെട്ട 370 പേർക്കും പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട 190 പേർക്കും വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം നൽകുന്നതിനും കഴിഞ്ഞിട്ടുണ്ട്. ശുചിത്വമുള്ള ടോയ്‌ലറ്റുകൾ നിർമിക്കുന്നതിന് 60 കുടുംബങ്ങൾക്കും കക്കൂസ് മെയിന്റൻസിന് 232 കുടുംബങ്ങൾക്കും ധനസഹായം നൽകുന്നതിനും കഴിഞ്ഞിട്ടുണ്ട്. നിലവിൽ അന്വേഷണം കഴിഞ്ഞ് തയ്യാറായി ഇരിക്കുന്ന 719 പേരുൾപ്പെടുന്ന PMAY ലിസ്റ്റിൽ 42 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കും 17 ജനറൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കും ഭവനനിർമ്മാണ ധനസഹായം നൽകുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

	ലൈഫ് ഭവന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച " 2083 " അപേക്ഷകരുടെ അർഹത പരിശോധിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ അന്വേഷണം പൂർത്തീകരിച്ചുവരുന്നു. 2022 ജനുവരി 31 നുള്ളിൽ അന്വേഷണ റിപ്പോർട്ട് പൂർത്തീകരിക്കും. സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറക്ക് അർഹാരായവർക്ക് ധനസഹായം നൽകുന്നതിനുള്ള ഫണ്ടും പദ്ധതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂരഹിത ഭവന രഹിത പദ്ധതി പ്രകാരം പഞ്ചായത്തിൽ 167 ആളുകൾ ഉൾപ്പെടുന്ന ഗുണഭോക്തൃ ലിസ്റ്റ് അന്വേഷണം പൂർത്തീകരിച്ച് നിലവിലുണ്ട്. അവരെ പുനരധിവസിപ്പിക്കുന്നതിന് ഫ്ളാറ്റ് നിർമിക്കുനതിനുള്ള സ്ഥലം കണ്ടെത്തുന്നതിന് ഇതിനകം കഴിഞ്ഞിട്ടുണ്ട് എങ്കിലും ബാക്കി നടപടികൾ നടന്നു വരുന്നതെയുള്ളു. അത് കൊണ്ട് തന്നെ സ്വന്തമായി സ്ഥലം കണ്ടെത്തുന്നവർക്ക് പരമാവധി 2,00,000 രൂപ സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനുള്ള നടപടിയെകുറിച്ച് ഭരണസമിതി ആലോചിച്ചുവരികയാണ്. വരുന്ന 4 വർഷത്തിനകം പഞ്ചായത്തിലെ വാസയോഗ്യമായ വീടില്ലാത്ത മുഴുവൻ പേർക്കും വീട് വെക്കുവാൻ ധനസഹായം നൽകണമെന്ന ഉറച്ച തീരുമാനത്തിലാണ് ഭരണസമിതി പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്.

സംസ്കാരം

അന്ന്	ഇന്ന്
ശ്രീമൂലം തിരുനാളിന്റെ ദയാ വായ്പ്പും , ടിപ്പുവിന്റെ പടയോട്ടവും നെഞ്ചിൽ കെടാതെ സൂക്ഷിക്കുന്ന നാടാണ് ചേലക്കര. സർവ്വ മത സഹോദര്യത്തിന്റെ മഹനീയ മാതൃകകൾ കാഴ്ച വെക്കുന്ന നാട് . തെക്ക് കാളിയാറോഡ് പള്ളി ജാറവും , വടക്ക് വെങ്ങാനെല്ലൂർ ശിവക്ഷേത്രവും , കിഴക്ക് ചൊവ്വാക്കാവ് ഭഗവതി ക്ഷേത്രവും , പടിഞ്ഞാറ് എമൂർ ഭഗവതി ക്ഷേത്രവും , മധ്യ ഭാഗത്തായി ക്രിസ്ത്യൻ പള്ളികളും അന്തിമാഹാകാളൻ കാവ് ക്ഷേത്രവും ചേലക്കരയുടെ ആത്മീയ കേന്ദ്രങ്ങളായി നിറഞ്ഞു നിൽക്കുന്നു . ഇവിടങ്ങളിലെ ആചാരനുഷ്ഠാനങ്ങൾ വൈവിധ്യം നിറഞ്ഞതും ഭക്തി നിർഭരവുമാണ് . പഞ്ചായത്തിലെ സാമൂഹ്യ സാംസ്ക്കാരിക നവോത്ഥാനത്തിന് രൂപം നൽകുന്നതിൽ മുഖ്യ പങ്ക് വഹിച്ചത് വായനശാലകളായിരുന്നു . ഓരോ പ്രദേശത്തിന്റെയും സർഗ്ഗാത്മകമായ കൂട്ടായ്മയുടെ സജീവ വേദി ആയിരുന്നു വായനശാലകൾ . വായനയോടൊപ്പം ചർച്ചകളും , കലാ കായിക പ്രവർത്തനങ്ങളും ഒരുമിക്കുന്ന സമ്പന്നമായ സായാഹ്നങ്ങൾ നഷ്ട്ടപ്പെടുന്ന അവസ്ഥയാണ് അന്നുണ്ടായിരുന്നത് . പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിലായി 7 വായനശാലകൾ അന്ന് പ്രവർത്തിച്ചിരുന്നു . പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ ടിവി , കേബിൾ ടിവി , എന്നിവ നിലവിൽ ഉണ്ടായിരുന്നു . പഞ്ചായത്തിലെ മൂവായിരത്തോളം കുടുംബങ്ങൾ ആണ് ദിനപത്രങ്ങൾ വാങ്ങിയിരുന്നത് . 80 ശതമാനം വീടുകളിൽ റേഡിയോ ഉണ്ടായിരുന്നു . പഞ്ചായത്തിൽ കലാ സാഹിത്യാതി രംഗങ്ങളിൽ മാതൃക പരമായ പ്രവർത്തങ്ങൾ നടന്നിരുന്നു . വാദ്യ രംഗത്ത് പ്രശസ്തരായ ആളുകൾ വെങ്ങാനെല്ലൂർ , തോന്നൂർക്കര , പുലാക്കോട് പ്രദേശങ്ങളിൽ അന്ന് ഉണ്ടായിരുന്നു . അമ്പലപറമ്പുകളിൽ പഞ്ചായത്തിന്റെ മഹിമ ഉയർത്തി പിടിക്കുന്ന പ്രശ്സ്തരായിരുന്നു അവരെല്ലാം .	ചേലക്കര മുമ്പ് കൊച്ചിരാജ്യത്തിൽ ഉൾപ്പെട്ടിരുന്ന ഒരു താലൂക്കായിരുന്നു. ഏകദേശം 200 വർഷങ്ങൾക്കുമുമ്പ് ടിപ്പുസുൽത്താൻ മുള്ളൂർക്കര പാലിയം പിടിച്ചടക്കാൻ ചേലക്കരയിലൂടെ പടയോട്ടം നടത്തുകയുണ്ടായി. അന്തിമഹാകാളൻകാവ്, കാളിയറോഡ് പള്ളിയാറം, യാക്കോബായ സുറിയാനി പള്ളി, കത്തോലിക്കപ്പള്ളി, തൃശ്ശൂർ ജില്ലയിലെ തന്നെ ഏക അഹമ്മദീയ മുസ്ലീം പള്ളിയായ വല്ലങ്ങിപ്പാറ പള്ളി, വെങ്ങാനെല്ലൂർ മഹാ ശിവക്ഷേത്രം എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന ദേവാലയങ്ങൾ . ഈ ദേവാലയങ്ങളോടനുബന്ധിച്ച് അരങ്ങേറാറുള്ള ഉത്സവങ്ങളിലും പെരുന്നാളുകളിലും പൂരങ്ങളിലും ജാതി മത ഭേദമന്യേ പ്രദേശവാസികൾ മുഴുവൻ പങ്കെടുക്കുന്നു. പഴയകാലത്ത് ഇവിടം തിരുവാതിര, കൈകൊട്ടിക്കളി, പുള്ളുവൻപ്പാട്ട്, കോലടിക്കളി, കൊയ്ത്തുപാട്ട്, വെള്ളാട്ട്, കളമെഴുത്ത്, കാളകളി, തോൽപ്പാവക്കൂത്ത്, ചോഴി, കാളവേല, പൂതൻ, തെയ്യം, തിറ, പാക്കനാർകൂത്ത്, പരിശമുട്ടുക്കളി, ഉടുക്കുപാട്ട്, പാക്കനാർ പാട്ട്, ഓണത്തല്ല് എന്നിങ്ങനെയുള്ള പാരമ്പര്യ കലാരൂപങ്ങൾക്ക് പ്രസിദ്ധമായിരുന്നു. കേരളത്തിലെ സുപ്രസിദ്ധ മുസ്ലീം ദേവാലയങ്ങളാണ് കാളിയാറോഡ് പള്ളി ജാറം. മധ്യകേരളത്തിലെ പേരുകേട്ട ഒരു ഹൈന്ദവാരാധനാകേന്ദ്രമാണ് അന്തിമഹാകാളൻ കാവ് ക്ഷേത്രം. വെങ്ങാനെല്ലൂർ ശിവക്ഷേത്രം, ചേലക്കര ശ്രീനരസിംഹമൂർത്തി ക്ഷേത്രം തുടങ്ങിയവയാണ് പ്രധാന ക്ഷേത്രങ്ങൾ. 1805ന് സ്ഥാപിക്കപ്പെട്ട പ്രാചീന ക്രിസ്ത്യൻ പള്ളിയാണ് യാക്കോബായ സുറിയാനിപള്ളി. ചേലക്കരയിൽ പഴയകാലത്ത് പേരുകേട്ട ആയൂർവ്വേദ ആചാര്യന്മാർ രോഗചികിത്സ നടത്തിയിരുന്നു. ചേലക്കരയിലെ നാട്ട്യൻചിറയിലുണ്ടായിരുന്ന ഉഴിച്ചിൽ വിദഗ്ദ്ധന്റെ സേവനവും ഈ രംഗത്ത് എടുത്തുപറയേണ്ടതാണ്. മാറാരോഗങ്ങൾ പോലും ചികിത്സിച്ചു ഭേദപ്പെടുത്തിയിരുന്നു. ചെമ്മാട്ടുമാധവൻ നായർ, രാമചന്ദ്രയ്യർ തുടങ്ങിയവർ ഈ പഞ്ചായത്തിൽ നിന്നും ദേശീയസ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തവരായിരുന്നു. ഇന്നത്തെ ശ്രീമൂലം തിരുന്നാൾ ഹയർസെക്കണ്ടറി സ്കൂളിന്റെ മുൻ വശത്തുണ്ടായിരുന്ന ഗാന്ധി മൈതാനം എന്നറിയപ്പെട്ടിരുന്ന സ്ഥലത്ത് ദേശീയ പതാക ഉയർത്തലും , പൊതുയോഗങ്ങൾ സംഘടിപ്പിക്കലും ഉണ്ടായിരുന്നതായി പഴയ തലമുറയിൽപ്പെട്ടവർ ഓർക്കുന്നു. 1940ലാണ് ഈ പഞ്ചായത്തിൽ ആദ്യത്തെ ഗ്രാമീണവായനശാലയായ ചേലക്കര ഗ്രാമീണവായനശാല ആരംഭിച്ചത്. തൃശൂർതിരുവില്വാമല റോഡാണ് ഈ പഞ്ചായത്തിനെ ജില്ലാ ആസ്ഥാനവുമായി ബന്ധിപ്പിക്കുന്ന പ്രധാന റോഡ്.

സാഹിത്യരംഗത്ത് ചുരുക്കം ചിലരുടെ കൃതികളെ പ്രസിദ്ധീകരിച്ചിട്ടുള്ള് എങ്കിലും , അക്ഷരത്തോട് ജനങ്ങൾക്കുള്ള ബന്ധം ഗാഢവും, ദൃഢവും ആയിരുന്നു . പ്രശസ്ത സാഹ്യത്യകാരനായ കെ പി നിർമൽ കുമാർ "ചേലക്കരയുടെ അധീത സ്വപ്നങ്ങൾ" എന്ന തന്റെ സൃഷ്ടി വഴി പഞ്ചായത്തിന്റെ അഭിമാനം വാനോളം ഉയർത്തി. സർവ്വാധരനീയനായ എൻ വി നാരായണൻ മാസ്റ്ററുടെ "ചന്ദനത്തിരി" എന്നാ കാവ്യ സമാഹാരം , ഏറെ ചർച്ച ചെയ്യപ്പെട്ട കൃതിയാണ് . കുറുമാല നാരായണൻ കുട്ടിയുടെ ഏകാങ്ക നാടകങ്ങൾ എടുത്തു പറയേണ്ട ഒന്നാണ് .പഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുന്ന പത്ത് കലാ കായിക സംഘടനകൾ ആണ് ഉണ്ടായിരുന്നത് . അവയുടെ പ്രവർത്തനം വഴി തദ്ദേശീയരുടെ , കലാ കായിക അഭിരുചി വളർത്തിയെടുക്കുന്നതിന് ഒരു പരിധി വരെ അന്ന് കഴിഞ്ഞിരുന്നു .

ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാകൂ എന്ന ചൊല്ല് യാഥാർത്യമാക്കുന്നതിനു വേണ്ടി പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ ഒക്കെത്തന്നെ ചെറു സംഘങ്ങളായുള്ള പ്രവർത്തനങ്ങൾ നടന്നിരുന്നു . പഞ്ചായത്തിന്റെ കായിക നിലവാരം പൊതുവേ മോശം അവസ്ഥയിലായിരുന്നു . പലർക്കും അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അതാത് പ്രദേശങ്ങളിൽ ഉണ്ടായിരുന്നില്ല . പഞ്ചായത്തിൽ കായിക പ്രകടനങ്ങൾക്ക് സൗകര്യ പ്രദമായ ഒരു പൊതു വേദി ചേലക്കര SMTHS സ്കൂൾ ഗ്രൗണ്ട് മാത്രമാണ് ഉണ്ടായിരുന്നത് . വേണ്ടത്ര സംരക്ഷണം ഇല്ലാത്തതിന്റെ പേരിൽ ആ മൈതാനവും മലീമസമായികൊണ്ടിരിക്കയിരുന്നു.

ആരാധനാലയങ്ങൾ

അനുഷ്ഠാനങ്ങൾ ആഘോഷങ്ങൾ

കേരളത്തിലെ സുപ്രസിദ്ധ മുസ്ലീം ദേവാലയമാണ് കാളിയാറോഡ് പള്ളി ജാറം. ഈ ജാറത്തെകുറിച്ച് ഒരു ഐതീഹ്യം നിലനിൽക്കുന്നുണ്ട്. ടിപ്പുവിന്റെ പടയോട്ടകാലത്ത് ഒരു ദിവ്യൻ കാളിയാറോഡ് പ്രദേശത്ത് വന്ന് താമസിച്ചെന്നും അദ്ദേഹം പിന്നീട് ഇവിടെതന്നെയുള്ള തേമ്പാളതിൽ കുന്നിൽ തപസ് ചെയ്തെന്നും പറയപ്പെടുന്നു. അദ്ദേഹം ദിവംഗതനായപ്പോൾ മുസ്ലീം മതാചാരപ്രകാരം കബറടക്കം ചെയ്ത സ്ഥലമാണ് കാളിയാറോഡ് പള്ളി ജാറം. കുംഭമാസത്തിൽ നടത്തപ്പെടുന്ന നേർച മതസാഹോദര്യത്തിന്റെ വിളിച്ചറിയിപ്പാണ്.

മധ്യകേരളത്തിലെ പേരുകേട്ട ഒരു ഹൈന്ദവ ആരാധനാ കേന്ദ്രമാണ് അന്തിമഹാകാളൻകാവ് ക്ഷേത്രം. മൂന്ന് ഭാഗവും വിസ്തൃതമായ വയലുകളാൽ ചുറ്റപ്പെട്ട പ്രകൃതി രമണീയമായ പാടത്ത് സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രത്തിലെ പ്രതിഷ്ഠ കിരാതമൂർത്തിയായ ശിവൻ ആണെന്ന് പറയപ്പെടുന്നു. മീനമാസത്തിലെ (മാർച്ച് മാസത്തിൽ) രണ്ടാം ശനിയാഴ്ച്ച ആഘോഷിക്കുന്ന അന്തിമഹാകാളൻകാവ് വേല അക്ഷരാർത്ഥത്തിൽ ഒരു ജനകീയ ഉത്സവം തന്നെയാണ്. അഞ്ച് ദേശക്കാർ ആഘോഷപൂർവ്വം നടത്തുന്ന വേലയുടെ അനുഷ്ഠാനങ്ങളും ആകർഷണീയമായ വെടിക്കെട്ടും ഏവരേയും വേലപറമ്പിലേക്ക് ആകർഷിക്കും.

1789 ൽ കുന്നംകുളം ഭാഗത്ത് ടിപ്പുവിന്റെ പടയോട്ടത്തെ തുടർന്ന് താനിക്കൽ വീട്ടുകാർ എന്ന ക്രിസ്ത്യൻ കുടുംബം ചേലക്കരയിലെത്തി. 1804 ൽ താനിക്കൽ വറീത്, കുഞ്ഞുവറീത് എന്നീ സഹോദരന്മാരുടെ ശ്രമഫലമായി കൊച്ചി മഹാരാജാവ് അനുവദിച്ച സ്ഥലത്ത് യാക്കോബായ സുറിയാനി പള്ളി സ്ഥാപിച്ചു. ഈ പള്ളി പിന്നീട് കാലാഹരണപ്പെട്ടപ്പോൾ ശക്തൻ തമ്പുരാന്റെ അനന്തരവന്മാർ കരമൊഴിവായി കൊടുത്ത സ്ഥലത്ത് ഒരു കുരിശ് പള്ളി 1805 ൽ സ്ഥാപിക്കപ്പെട്ടു. ഈ ദേവാലയമാണ് ചേലക്കരയിലെ ഏറ്റവും പ്രാചീന ക്രിസ്ത്യൻ ദേവാലയമായ യാക്കോബായ സുറിയാനി പള്ളി. ഇവിടെ ഡിസംബർ 3, 4 തിയതികളിൽ നടക്കുന്ന പെരുനാൾ മഹോത്സവം അതിപ്രധാനമാണ്. പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് നിൽക്കുന്ന കത്തോലിക്ക പള്ളി ചേലക്കരയുടെ തിലകകുറിയാണ്.

സാംസ്കാരിക മേഖലയിൽ കഴിഞ്ഞ 25 വർഷത്തിനുള്ളിൽ വലിയ തോതിലുള്ള മാറ്റമാണ് ഉണ്ടായിട്ടുള്ളത്. സാർവത്രികമായി ദൃശ്യ മാധ്യമങ്ങൾ പ്രചാരത്തിലായതോടെ അതിന്റെ സ്വാധീനം സാംസ്കാരിക രംഗത്ത് വലിയ മാറ്റമുണ്ടാക്കിയിട്ടുണ്ട്. ദൃശ്യ മാധ്യമങ്ങളുടെയും സമൂഹ മാധ്യമങ്ങളുടെയും വരവോടെ ലോകത്തെവിടെയും നടക്കുന്ന സാംസ്കാരിക ചലനങ്ങൾ വളരെ പെട്ടെന്ന് നമുക്ക് അനുഭവവേദ്യമാകാൻ തുടങ്ങി. അതോടോപ്പം തന്നെ നമ്മുടെ ഗ്രാമീണ സംസ്കൃതി ക്രമേണ നമ്മളിൽ നിന്ന് നഷ്ടപ്പെടുകയും ചെയ്യുന്നുണ്ട്. നാട്ടിൻ പുറങ്ങളിലെ

	വാർഷികാഘോഷങ്ങളും അതതു പ്രദേശങ്ങളിലെ സജീവമായ സാംസ്കാരികാഘോഷങ്ങൾ ആയിരുന്നു. നാട്ടിൻ പുറങ്ങൾ നഷ്ടപ്പെട്ടതോടെ നമ്മുടെ പ്രാദേശിക സാംസ്കാരിക വൈവിധ്യവും ഇല്ലാതാകുന്നുണ്ട് എന്ന അവസ്ഥ നമ്മൾ കാണാതിരുന്നു കൂട. വാദ്യ രംഗത്ത് സംസ്ഥാനത്ത് തന്നെ ശ്രദ്ധേയരായ നിരവധി കലാകാരന്മാർ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. വെങ്ങാനെല്ലൂർ സഹോദരന്മാർ എന്ന പേരിലറിയപ്പെട്ടിരുന്ന കുട്ടപ്പൻ നായർ , ഉണ്ണികൃഷ്ണൻ നായർ , ഗോപിനാഥൻ എന്നീ താള വിദഗ്ധർ കേരളത്തിലാകെ പ്രശസ്തരായിരുന്നു. തൃശൂർ പൂരത്തിന് മഠത്തിൽ വരവ് പഞ്ചവാദ്യത്തിന് താള പ്രമാണം വിവിധ കാലയളവുകളിൽ ഇവർ നിർവഹിച്ചിട്ടുണ്ട്. ഇതിൽ തന്നെയുള്ള ഗോപിനാഥൻ തേലക്കാട്ട് നമ്മുടെ പഞ്ചായത്ത് ഭരണസമിതിയിൽ രണ്ട് തവണ അംഗമായിട്ടുണ്ട്. വെങ്ങാനെല്ലൂർ നാരായണൻ നായർ കുഴൽ വാദന രംഗത്ത് വലിയ തോതിൽ ശ്രദ്ധേയനായിരുന്നു. പഞ്ചായത്തിൽ നിരവധി കലാകാരന്മാർ ഉടുക്ക് കൊട്ട് മേഖലയിൽ പ്രഗൽഭരായിട്ടുണ്ട്. ഏതൊരു പ്രദേശത്തിന്റെയും സാംസ്കാരിക നവോത്ഥാനത്തിന് രൂപം നൽകുന്നതിൽ എക്കാലത്തും മുഖ്യ പങ്കുവഹിച്ചത് വായനശാലകളായിരുന്നു. ഓരോ പ്രദേശത്തിന്റെയും സർഗാത്മകമായ കൂട്ടായ്മയുടെ സജീവ വേദിയായിരുന്നു ഒരു കാലത്ത് വായനശാലകൾ. വായനയോടൊപ്പം ചർച്ചകളും കലാകായിക പ്രവർത്തനങ്ങളും ഒരുമിക്കുന്ന സമ്പന്നമായ സായാഹ്നങ്ങൾ നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അനൗപചാരിക വിദ്യഭ്യാസത്തിനുള്ള വേദി എന്നതോടൊപ്പം ഗ്രാമീണ ജീവിതത്തിന്റെ മിടിപ്പ് ഉൾക്കൊള്ളാവുന്ന അനന്തസാധ്യതകൾ ഈ സ്ഥാപനങ്ങൾക്കുണ്ട്. പഞ്ചായത്തിൽ ചേലക്കര വായനശാല, തോന്നൂർക്കര വായനശാല, പങ്ങാരപ്പിള്ളി ആതിര വായനശാല, വെങ്ങാനെല്ലൂർ വായനശാല എന്നിവ നല്ലനിലയിൽ പ്രവർത്തിക്കുന്ന വായനശാലകളാണ്. മറ്റ് പല പ്രദേശങ്ങളിലും വായനശാലകൾ പ്രവർത്തിയ്ക്കുന്നുണ്ട് എങ്കിലും മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തി മുന്നേറാൻ സാധിച്ചിട്ടില്ല. ദൃശ്യമാധ്യമങ്ങളുടെ വരവോടെ കുട്ടികളിലും മുതിർന്നവരിലും വായനാശീലം വളരെ കുറഞ്ഞിട്ടുണ്ട്. ഈ പ്രവണത വായനശാലകളുടെ മുന്നേറ്റത്തിന് ചെറിയ തോതിലെങ്കിലും തടസ്സമായി മാറുന്നുണ്ട്. പഞ്ചായത്തിന്റെ കായിക സംസ്കാരം പരിശോധിച്ചാൽ നമുക്ക് സന്തോഷം നൽകുന്ന പേരുകൾ പലതുമുണ്ട്. മുമ്പ് പലവിഭാഗങ്ങളിലായി സംസ്ഥാനതല ജേതാക്കൾ നമുക്കുണ്ടായിരുന്നു. എന്നാൽ ചേലക്കര പഞ്ചായത്തിലെ കുമാരി. ഷീന അന്താരാഷ്ട്ര നിലവാരത്തിൽ കായിക രംഗത്ത് അവാർഡ് കരസ്ഥമാക്കിയ ജേതാവാണ്.അവരുടെ വീട് നിർമ്മാണത്തിന് സംസ്ഥാന സ്പോർട്സ് കൗൺസിൽ 18.5 ലക്ഷം രൂപയാണ് ഈ വർഷം അനുവദിച്ചിട്ടുള്ളത്.

	അടുത്ത ദിവസം കുമാരി.ഷീനയെ പഞ്ചായത്ത് തലത്തിൽ ആദരിക്കുന്നതിനും ഭരണസമിതി തീരുമാനിച്ചിരിക്കുകയാണ്. സമൂഹത്തിന്റെ സർവ്വോന്മുഖമായ വികാസത്തിന്റെ അടിസ്ഥാനം ജനതയുടെ മാനസികവും കായികവുമായ ആരോഗ്യമാണ്. ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാകു എന്നത് ഏവർക്കും അറിയാവുന്നതാണ്. കായിക ബോധം ചെറുപ്പകാലം മുതലേ വളർത്തിയെടുക്കേണ്ട സിദ്ധിയാണെന്നും ഔപചാരിക വിദ്യാഭ്യാസത്തിലൂടെ പൂർണ്ണത കൈവരിക്കേണ്ടതാണെന്നും ഭരണസമിതി കരുതുന്നു. പഞ്ചായത്തിന്റെ കായിക പരിശീലനത്തിന് ചേലക്കര മുഖാരിക്കുന്ന് സ്കൂൾ ഗ്രൗണ്ട് മാത്രമാണ് നിലവിലുള്ളത്. വില്ലേജിൽ ഒരു കളിസ്ഥലം എന്ന കാഴ്ച്ചപാടോടുകൂടി ഭരണസമിതി അടുത്ത വർഷം തോന്നൂർക്കര വില്ലേജിൽ കളി സ്ഥലം വാങ്ങുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ഓരോ വർഷവും ഓരോ വില്ലേജുകളിൽ കളിസ്ഥലം ലഭ്യമാക്കുക എന്നതാണ് ഭരണസമിതി ലക്ഷ്യമിടുന്നത്. പഞ്ചായത്തിൽ മാത്രം നിലനിൽക്കുന്ന ഒരു കായിക മത്സരമാണ് തലമപന്തുകളി. ഓണത്തോടനുബന്ധിച്ച് ചേലക്കര മുഖാരിക്കുന്ന് സ്കൂൾ ഗ്രൗണ്ടിൽ സംഘടിപ്പിച്ചുവരുന്ന ഈ മത്സരം പഞ്ചായത്തിലെ ഏവരുടേയും ഉത്സവമാണ്.

അന്തിമഹാകാളൻകാവ്

മല്ലിശ്ശേരികാവ്

വെങ്ങാനെല്ലൂർ അമ്പലം

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

KALIYAROAD MASJID

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

ANTHIMAHAKALAN KAVU

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

CHOVVAKAVU ADAKODE

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

MALLISSERY KAVU
VATTULLY

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

THONOORKKARA
EMOORKKAVU

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

MAHA SIVA KSHETHRAM
VENGANELLUR

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

FORANE CHURCH &
JACOBITE CHURCH

വനിത ക്ഷേമം ,കുടുംബശ്രീ സംവിധാനം	
അന്ന്	ഇന്ന്
പഞ്ചായത്തിൽ എണ്ണത്തിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകൾ ആണ് എങ്കിലും വിദ്യാഭ്യാസപരമായി സ്ത്രീകൾ പിന്നിലാണ് . സ്ത്രീകളിൽ ഭൂരിഭാഗവും വീട്ടു ജോലികളുമായി ബന്ധപ്പെട്ടു കഴിയുന്നവരാണ് . ജോലി എടുക്കുന്നവരിൽ ഭൂരിപക്ഷം സ്ത്രീകളും കാർഷിക മേഖലയിലാണ് ആശ്രയം കണ്ടെത്തുന്നത് . കെട്ടിട നിർമാണം , റോഡു പണി തുടങ്ങിയ മേഖലകളിൽ ചെറിയൊരു ശതമാനം സ്ത്രീകൾ തൊഴിലെടുക്കുന്നു . സ്ത്രീകളുടെതായ തൊഴിൽ സംരംഭങ്ങളും , വ്യാവസായിക യൂണിറ്റുകളും വളരെ കുറവായിരുന്നു . ടി വി , സിനിമ തുടങ്ങിയ ദൃശ്യ മാധ്യമങ്ങളും ചില ആനുകാലിക പ്രസിദ്ധീകരണങ്ങളും കാരണം , സ്ത്രീകളിൽ ചെറിയൊരു ശതമാനം ആഡംബര സംസ്ക്കാരത്തിന് അടിമകളായി അന്ന് കണ്ടിരുന്നു. ഇത് സമൂഹത്തിന്റെ സാംസ്കാരിക അധ:പതനത്തിനും , കുടുംബ ഭദ്രത നഷ്ടപ്പെടുന്നതിനും കാരണമായിരുന്നു.	കഴിഞ്ഞ 25 വർഷത്തെ വിവിധ തരം പ്രവർത്തനങ്ങൾ വഴി വനിതകൾക്ക് സാമൂഹികവും , സാംസ്കാരികവും , സാമ്പത്തികവുമായ പുരോഗതി നേടുന്നതിന് ഒരു പരിധിവരെ ഇതിനകം കഴിഞ്ഞിട്ടുണ്ട് . മറ്റു പല പഞ്ചായത്തുകളെപ്പോലെ തന്നെ ചേലക്കര പഞ്ചായത്തിലും ജന സംഖ്യയിൽ അധികം വരുന്നത് വനിതകളാണ്. മുമ്പ് അപൂർവ്വം ചില വനിതകൾ മാത്രം ഉന്നത വിദ്യാഭ്യാസം നേടി ജോലി കരസ്ഥമാക്കി വരുന്ന ഒരു സാഹചര്യമാണ് നിലനിന്നിരുന്നത്. അക്കാലത്ത് ഭൂരിപക്ഷം സ്ത്രീകളും കുടുംബങ്ങളിൽ ഒതുങ്ങി കഴിയുന്ന ഒരവസ്ഥയാണ് ഉണ്ടായിരുന്നത്. ചെറിയ ഒരു ശതമാനം വനിതകൾ കാർഷിക മേഖലയിൽ തൊഴിലെടുക്കുന്നവരായിരുന്നു. എന്നാൽ ഇന്ന് കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി കൊണ്ട് ആൺകുട്ടികളെ പോലെ തന്നെയോ അതിൽ കൂടുതലോ പെൺകുട്ടികൾ വിദ്യാഭ്യാസം നേടുകയും ജോലി കരസ്ഥമാക്കുകയും ചെയ്തു വരുന്നുണ്ട്. ഒരു കാലത്ത് വീടുകളിൽ മാത്രം ഒതുങ്ങി കഴിഞ്ഞിരുന്ന വനിതകൾ ഇന്ന് പുറത്തിറങ്ങി അവരവരുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് പ്രാപ്തരായിട്ടുണ്ട് . ഇതിന് പ്രധാന കാരണം 1998 ൽ പ്രവർത്തനം ആരംഭിച്ച വനിതകളുടെ ഒരു സംഘടന സംവിധാനമായ സ്ത്രീ ശക്തി യൂണിറ്റുകാണ്. സ്ത്രീകളുടെ ശാക്തീകരണവും , സാംസ്കാരികവും , സാമൂഹികവും ആയ പുരോഗതി ലക്ഷ്യമിട്ട് കൊണ്ടാണ് ഇത്തരമൊരു പ്രവർത്തനം ആരംഭിച്ചത്. ഈ സംഘടന സംവിധാനത്തിന്റെ വിജയം ബോധ്യപ്പെട്ട സംസ്ഥാന സർക്കാർ ദാരിദ്ര്യ നിർമാർജജന മിഷന്റെ കീഴിൽ കൊണ്ടുവരുകയും സ്ത്രീ ശക്തി എന്നത് മാറ്റി കുടുംബശ്രീ സ്വയം സഹായ സംഘങ്ങൾ എന്ന പേര് നൽകുകയും ചെയ്തു. 2008 ൽ ആരംഭിച്ച ഈ മാറ്റത്തിന് ശേഷം സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷൻ വഴി കോടിക്കണക്കിന് രൂപയാണ് ഓരോ ജില്ല മിഷനും നൽകികൊണ്ടിരിക്കുന്നത്. ഇതിൽ ഓരോ ജില്ലാ മിഷനും ഓരോ സി ഡി എസ് വഴി വർഷംതോറും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. സംസ്ഥാനത്തെ 45 ലക്ഷം കുടുംബങ്ങൾ കുടുംബശ്രീ സ്വയം സഹായ സംഘങ്ങളിൽ അംഗങ്ങളാണ് . സാമ്പത്തിക ശാക്തീകരണം , സാമൂഹിക ശാക്തീകരണം, സ്ത്രീ ശാക്തീകരണം എന്ന അടിസ്ഥാന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനു ആവശ്യമായ വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ കുടുംബശ്രീ മിഷൻ വഴി നടപ്പിലാക്കി വരുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ

	, വിവിധ മിഷനുകൾ എന്നിവയുമായി ചേർന്ന് സംയുക്ത പ്രവർത്തനങ്ങൾ നടത്തി വരുന്നു . ദേശീയ അന്തർ ദേശീയ തലത്തിലും നിരവധി അംഗീകാരങ്ങൾ ഇതിനോടകം കുടുംബശ്രീക്ക് ലഭിച്ചിട്ടുണ്ട് . സംസ്ഥാന സർക്കാരിന്റെ നവകേരള സൃഷ്ടിയിൽ കഴിഞ്ഞ നാല് വർഷമായി വിവിധങ്ങളായ പ്രവർത്തനങ്ങൾ സുസ്ഥിരമായ രീതിയിൽ നടത്തി കേരള സമൂഹത്തിന്റെ അംഗീകാരം നേടുന്നതിന് സാധിച്ചിട്ടുണ്ട് . സംസ്ഥാനത്ത് 1064 സി ഡി എസ്സുകളുടെ കീഴിൽ 19,489 എ ഡി എസ്സുകളും ഇവയുടെ കീഴിൽ 2,94,436 കുടുംബശ്രീ സ്വയം സഹായ യൂണിറ്റുകളിലായി 45,85,677 കുടുംബങ്ങൾ ഇതിൽ അംഗങ്ങളായി പ്രവർത്തിച്ചു വരുന്നു. കൂടാതെ 48 യൂണിറ്റുകളിലായി 550 ട്രാൻസ് ജെണ്ടർ വിഭാഗത്തിൽ പെട്ടവരും സംസ്ഥാനത്ത് അംഗങ്ങളാണ്. തൃശൂർ ജില്ലയിൽ നൂറു CDS കളുടെ പരിധിയിൽ 1789 ADS കളും , 25,153 അയൽകൂട്ടങ്ങളും , 3,72,899 കുടുംബങ്ങളും ഇന്ന് ജില്ലയിൽ ഈ സംഘടന സംവിധാനത്തിന്റെ കീഴിൽ അണിനിരന്നു പ്രവർത്തിക്കുന്നു. ചേലക്കര ഗ്രാമപഞ്ചായത്തിൽ 353 കുടുംബശ്രീ യൂണിറ്റുകളും, 5146 അംഗങ്ങളും പ്രവർത്തിച്ചു വരുന്നു. 7,06,00,000 രൂപ ഇത്രയും കുടുംബങ്ങളുടെ സമ്പാദ്യം എന്ന നിലക്ക് സ്വരൂപിക്കുന്നതിന് ഇതിനകം കഴിഞ്ഞിട്ടുണ്ട്. വിവിധ മേഖലകളിലെ പ്രവർത്തനം വഴി ദാരിദ്ര്യം ഇല്ലായ്മ ചെയ്യുക എന്ന ഉദ്ധേശത്തോടുകൂടി കഴിഞ്ഞ സാമ്പത്തിക വർഷം ജില്ല മിഷൻ വഴി 86.48 കോടി രൂപയാണ് ചിലവഴിച്ചത്. അടുത്ത സാമ്പത്തിക വർഷം 240 പദ്ധതികൾക്കായി 110 കോടി രൂപ ജില്ല മിഷൻ വഴി നടപ്പാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കുടുംബശ്രീ യൂണിറ്റുകളിൽ അംഗങ്ങൾ അല്ലാത്ത 18 വയസ്സുമുതൽ 40 വരെയുള്ള വനിതകളെ ഉൾപ്പെടുത്തി 22 വാർഡുകളിലായി 22 ഓക്സിലറി ഗ്രൂപ്പുകൾ പ്രവർത്തിച്ചു വരുന്നു . ഇതിൽ 513 അംഗങ്ങൾ ഈ സംഘടന സംവിധാനത്തിൽ വരുന്നവരാണ് . കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്ക് ബാങ്കുകൾ നൽകി വരുന്ന വായ്പ്പകൾ കൂടാതെ , cds വഴി ലഭിക്കുന്ന പലിശ രഹിത വായ്പ്പുകളും , മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വിഭാഗത്തിൽപ്പെട്ട വായ്പ്പകളും, പിന്നോക്ക വിഭാഗ കോർപ്പറേഷനിൽ നിന്നും ലഭിക്കുന്ന കുറഞ്ഞ പലിശ നിരക്കുള്ള വായ്പകളും നൽകിവരുന്നു. കുടുംബശ്രീ യൂണിറ്റിലെ അംഗങ്ങൾക്കും, കുടുംബാംഗങ്ങൾക്കും തൊഴിലതിഷ്ടിത പദ്ധതി ആരംഭിക്കുന്നതിന് മുന്നോടിയായി വിവിധ തരം തൊഴിൽ പരിശീലന പരുപാടികളും സംഘടിപ്പിക്കുന്നതിനു CDS ന് ഇതിനകം കഴിഞ്ഞിട്ടുണ്ട്. CDS ന്റെകീഴിയിൽ 32 ജെ.എൽ.ജി ഗ്രൂപ്പുകളിലായി 164 അംഗങ്ങൾ വിവിധതരം സംഘ കൃഷി നടത്തി വരുന്നു. ഇവർക്ക് ജില്ല മിഷൻ നൽകിവരുന്ന സബ്സീഡി ഇനത്തിൽ 45,85,000 രൂപ ഇതിനകം നൽകാൻ കഴിഞ്ഞിട്ടുണ്ട് . ഒരു ജെ.എൽ.ജി ഗ്രൂപ്പിന് 5000 രൂപയുടെ കാർഷിക ഉപകരണങ്ങൾ നൽകുന്നതിനും കഴിഞ്ഞിട്ടുണ്ട് . 201920 ൽ ഉണ്ടായ പ്രളയത്തിൽ കൃഷി നാശം സംഭവിച്ച

	8 ജെ എൽ ജി ഗ്രൂപ്പുകൾക്ക് 20,000 രൂപ വെച്ച് 1,60,000 രൂപ ദുരിതാശ്വാസ സഹായം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനം വഴി വനിതകൾക്ക് ഒരു പരിധിവരെ സ്വയം പര്യാപ്തത കൈ വരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വനിതകളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി സ്ഥലം MLA യും മന്ത്രിയുമായ ശ്രീ കെ രാധാകൃഷ്ണന്റെ ഇടപെടലുകൾ വഴി വനിതാവികസന കോർപ്പറേഷന്റെ സബ് ജില്ല ഓഫീസ് ചേലക്കരയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് എന്നത് വനിതകളെ സംബന്ധിച്ചിടത്തോളം ഏറെ സന്തോഷം നൽകുന്ന കാര്യമാണ്. ഈ ഓഫീസിന്റെ പ്രവർത്തനം സാധാരണ വനിതകൾക്കിടയിൽ എത്തുന്നതിനാവിശ്യമായ ഇടപെടലുകളും പ്രവർത്തനങ്ങളും പഞ്ചായത്തിന്റെ ഭരണ സമിതി നടത്തി വരുന്നുണ്ട്. ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ആരംഭിച്ച ഘട്ടത്തിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും ആവശ്യമായ ബോധവൽക്കരണ ക്ലാസുകൾ നടത്തുകയും തുടർന്ന് 2005 മുതൽ ചേലക്കര ഗ്രാമ പഞ്ചായത്തിലെ പ്ലാൻ ക്ലർക്കായി പ്രവർത്തി ച്ചിരുന്നതുമായ അകാലത്തിൽ നമ്മെ വിട്ടുപോയ ശ്രീ " ശിവശങ്കരൻ" മാസ്റ്ററുടെ ദീർഘവീക്ഷണത്തോട് കൂടിയുള്ള വനിതാ തൊഴിൽ സംരംഭമായ ജൂട്ട് ബാഗ് നിർമാണം 2 യൂണിറ്റുകൾ ലാഭകരമായ രീതിയിൽ നടത്തിവരുന്നു എന്നത് പ്രശംസനീയമാണ് . ഇവർ ഉൽപാദിപ്പിക്കുന്ന ബാഗുകൾ അന്താരഷ്ട്ര നിലവാരത്തിൽ തന്നെ ശ്രദ്ധേയമായ ഒരു ഉൽപന്നമാണ്. ആയതിന്റെ ഭാഗമായി കിലയും , മറ്റു സ്ഥാപനങ്ങളെ പോലെ ഈ ബാഗ് ഉപയോഗിച്ചു വരുന്നു .

ഗതാഗതം	
അന്ന്	ഇന്ന്
ആറു റവന്യൂ വില്ലേജുകളിലായി 59.76 ച. കിലോമീറ്റർ വിസ്തൃതിയുള്ള പഞ്ചായത്തിൽ , പഞ്ചായത്തിന്റെതായി 184 കിലോമീറ്റർ റോഡും , പൊതുമരാമത്ത് വകുപ്പിന്റെതായി 16.8 കിലോമീറ്റർ റോഡുമാണ് അന്നുണ്ടായിരുന്നത് . പഞ്ചായത്ത് റോഡിൽ 15 കിലോമീറ്റർ ടാർ ചെയ്തതും , 12 km മെറ്റൽ ചെയ്തതും , 157 km മണ്ണ് റോഡുമാണ് അന്നുണ്ടായിരുന്നത് . ബഹുഭൂരിഭാഗം റോഡുകളും ഗതാഗത യോഗ്യമല്ലായിരുന്നു . ചേലക്കര പഴയന്നൂർ റോഡ് . ചേലക്കര എളനാട് റോഡ് , ചേലക്കര കറുക കടവ് റോഡ് എന്നീ PWD റോഡുകളിൽ മാത്രമാണ് ബസ് ഗതാഗതം ഉണ്ടായിരുന്നത് . പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വരുന്ന എല്ലാ PWD റോഡുകളും കുണ്ടും , കുഴികളും നിറഞ്ഞു , വാഹന ഗതാഗതത്തിന് കഴിയാത്ത അവസ്ഥയിലായിരുന്നു. പഞ്ചായത്ത് റോഡുകൾ ഏറെ ഉണ്ടെങ്കിലും , മിക്ക റോഡുകളുടെയും സ്ഥിതി വളരെ മോശമായിരുന്നു. പഞ്ചായത്തിന് ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് , റോഡ് അറ്റകുറ്റ പണികൾ നടത്താൻ പോലും കഴിയാത്ത അവസ്ഥ ആയിരുന്നു ഉണ്ടായിരുന്നത് . പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും ചേലക്കര ടൗണിൽ എത്തിചേരണം എങ്കിൽ കിലോമീറ്ററുകളോളം നടന്നു വരേണ്ട സ്ഥിതി ആണ് ഉണ്ടായിരുന്നത് .	കഴിഞ്ഞ 25 വർഷക്കാലത്തെ വിവിധ പദ്ധതികൾ ഉപയോഗിച്ച് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വഴി പഞ്ചായത്തിന് മുഴുവൻ പ്രദേശങ്ങളിലും ഒരു പരിധി വരെ ഇന്ന് വാഹന ഗതാഗതം സാധ്യമാണ്. പഞ്ചായത്തിൽ ഉൾപ്പെടുന്ന PWD റോഡുകൾ മാത്രമാണ് മുമ്പ് ബസ് യാത്രക്ക് ഉപയോഗിച്ചിരുന്നത് എങ്കിൽ ഇന്ന് ഭൂരിഭാഗം പഞ്ചായത്ത് റോഡുകൾ വഴിയും ബസ് ഗതാഗതം സാധ്യമാണ്. പഞ്ചായത്ത് പ്രദേശത്ത് കൂടി നിലവിലുള്ള വാഴക്കോട്പ്ലാഴി സംസ്ഥാന പാതയുടെ പുനർനിർമാണം 105 കോടി രൂപ ഉപയോഗിച്ച് നടന്നു വരികയാണ് . ചേലക്കര കറകകടവ് റോഡിന്റെ ആദ്യ ഘട്ട പുനർനിർമാണം കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പാക്കി കഴിഞ്ഞു. രണ്ടാം ഘട്ട പുനർനിർമ്മാണത്തിന് അനുവദിച്ച 57 ലക്ഷം ഉപയോഗിചുള്ള നിർമാണ പ്രവർത്തികൾ തുടക്കം കുറിച്ചിരിക്കുകയാണ് . പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മേപ്പാടം എളനാട് PWD റോഡിന്റെ നിർമാണം 12 കോടി രൂപ ഉപയോഗിച്ച് കഴിഞ്ഞ സാമ്പത്തിക വർഷം പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ വെങ്ങാനെല്ലൂർ , ഏച്ചാടി , മെതുക് , അടക്കോട് , കുട്ടാടൻ , പടിഞ്ഞാറെ പങ്ങാരപ്പിള്ളി , അന്തിമാഹാകാളൻകാവ് , പത്തുകുടി , കുറുമല , വട്ടുള്ളി , തോട്ടേക്കോട് , തോന്നൂർക്കര , കോളത്തൂർ എന്നീ പ്രദേശങ്ങൾ വഴി ബസ് ഗതാഗതം വളരെ നല്ല രീതിയിൽ നടന്നു വരുന്നുണ്ട് . പഞ്ചായത്തിൽ 225.45 KM വരുന്ന ടാറിംഗ് റോഡും 18.5 KM വരുന്ന കോൺക്രീറ്റ് റോഡും , 0.612 KM വരുന്ന ഇന്റർലോക്ക് റോഡും 43.99 KM വരുന്ന മെറ്റൽ റോഡും 53.1 KM വരുന്ന മണ്ണ്റോഡുമാണ് നിലവിലുള്ളത്. 25 വർഷം മുമ്പ് പഞ്ചായത്ത് വഴി കടന്നു പോകുന്ന PWD റോഡു പോലും ഗതാഗതത്തിന് പ്രയാസമുള്ള അവസ്ഥയായിരുന്നു എങ്കിൽ ഇന്ന് പഞ്ചായത്തിലെ ഭൂരിഭാഗം വരുന്ന റോഡുകളും ടാറിങ്ങും , കോൺക്രീറ്റ് ചെയ്യുക വഴി വാഹന ഗതാഗതത്തിന് അനുയോജ്യമാണ്. ഗതാഗത മേഖലയുടെ സുരക്ഷിതത്വത്തിന് ട്രാഫിക് റെഗുലേറ്റർ കമ്മിറ്റി (TRC) രൂപീകരിക്കുന്നതിനും ഇത്തരത്തിൽ രൂപീകരിക്കുന്ന കമ്മിറ്റിയുടെ യോഗങ്ങൾ എല്ലാ മാസങ്ങളിലും ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കും ഡ്രൈവർമാർക്കും ഗതാഗത മേഖലയിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിന് ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രത്തിന്റെ (NATPAC) സേവനം ഉപയോഗിക്കുന്നതിനും തീരുമാനിച്ചിരിക്കുകയാണ്.

മങ്ങാട് റോഡ്

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

CHELAKKARA BUS STAND

സഹകരണം

അന്ന്	ഇന്ന്
പഞ്ചായത്തുകളുടെ വികസനത്തിലും സാമ്പത്തിക വളർച്ചയിലും നിർണായക പങ്ക് വഹിക്കാൻ കഴിയുന്ന സംവിധാനമാണ് സഹകരണ പ്രസ്ഥാനം . കാർഷിക വായ്പ സഹകരണ സംഘങ്ങൾ എന്ന നിലയിലാണ് ആദ്യ കാലങ്ങളിൽ പ്രാഥമിക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചിരുന്നത് . 1996 ന് മുമ്പുള്ള മോഡൽ പഞ്ചായത്ത് കോപ്പറേറ്റീവ് സൊസൈറ്റി എന്ന പേരിൽ ഒരു സഹകരണ സംഘം പഞ്ചായത്തിൽ ഉണ്ടായിരുന്നു . പഞ്ചായത്ത് പ്രസിഡന്റും ഭരണസമിതി അംഗങ്ങളും അടങ്ങുന്ന ഈ സംഘത്തിന്റെ പ്രസിഡന്റ് പഞ്ചായത്ത് പ്രസിഡണ്ട് തന്നെയായിരുന്നു . അത്തരം സംഘത്തിന്റെ ആദ്യത്തെ പ്രസിഡന്റ് കൊതനാത്ത് ശങ്കരമേനോനും, സെക്രട്ടറി കഴുങ്കിൽ കൃഷ്ണൻ എഴുത്തച്ചനും ആയിരുന്നു . ജില്ലയിൽ സഹകരണ പ്രസ്ഥാനം ആരംഭിച്ച ഘട്ടത്തിൽ തന്നെ 1916 ൽ ഇന്നത്തെ വെങ്ങാനല്ലൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ അന്നത്തെ രൂപമായ വെങ്ങാനല്ലൂർ വിവിതോദ്ദേശ സഹകരണം സംഘം പ്രവർത്തനമാരംഭിച്ചു . 1964 ൽ ഇത് ഇരുപത്തി രണ്ടാം നമ്പർ വെങ്ങാനല്ലൂർ സർവ്വീസ് സഹകരണ സംഘമായി രൂപാന്തരപെട്ടു. 1989 ൽ ഇത് സർവ്വീസ് സഹകരണ ബാങ്ക് ആയി ഉയർത്തപ്പെട്ടു . 1960 ൽ ആണ് പുലാക്കോട് സർവ്വീസ് സഹകരണ സംഘം പ്രവർത്തനം ആരംഭിച്ചത് . 1975 ൽ ഇതൊരു പുലാക്കോട് സർവ്വീസ് സഹകരണ ബാങ്കായി ഉയർത്തപ്പെട്ടു . 1964 ൽ തോന്നൂർക്കര സർവ്വീസ് സഹകരണ സംഘം പ്രവർത്തനമാരംഭിച്ചു .ചേലക്കര സർവ്വീസ് സഹകരണ ബാങ്ക് എന്ന പേരിൽ , ചേലക്കര , കുറുമല വില്ലേജുകൾ പ്രവർത്തന പരിധിയാക്കി ഒരു സർവ്വീസ് സഹകരണ ബാങ്ക് മുമ്പ് പ്രവർത്തിച്ചിരുന്നു എങ്കിലും , 1981 ൽ ഇതിന്റെ പ്രവർത്തനം നിലച്ചു .	പഞ്ചായത്തിൽ വെങ്ങാനെല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ,പുലാക്കോട് സർവ്വീസ് സഹകരണ ബാങ്ക് ,തോന്നൂർക്കര സർവ്വീസ് സഹകരണ സംഘം ,ചേലക്കര മൾട്ടി പർപ്പസ് സഹകരണ സംഘം ,തലപ്പിള്ളി താലൂക്ക് ഹയർ പർച്ചേഴസ് സൊസൈറ്റി , വെങ്ങാനെല്ലൂർ ക്ഷീര സഹകരണ സംഘം , പുലാക്കോട് ക്ഷീര സഹകരണ സംഘം, തോന്നൂർക്കര ക്ഷീര സഹകരണ സംഘം, കുറുമല ക്ഷീരോൽപാദക സഹകരണ സംഘം എന്നിവ പ്രവർത്തിച്ചുവരുന്നു. <u>വെങ്ങാനെല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്</u> 1916 ൽ 22ാം നമ്പറായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം 1964ൽ സർവ്വീസ് സഹകരണ സംഘമായും , 1989ൽ സഹകരണ ബാങ്കായും ഉയർത്തപ്പെട്ട് പ്രവർത്തിച്ചുവരുന്നു. എം.വി. മനോജ് കുമാർ പ്രസിഡന്റ് ആയ ഭരണ സമിതിയാണ് നിലവിൽ ഭരണം നടത്തി വരുന്നത്. വെങ്ങാനെല്ലൂർ ഹെഡ് ഓഫീസായി പ്രവർത്തിച്ചു വരുന്ന ഈ ബാങ്കിന് ചേലക്കരയിലും മേപ്പാടത്തും ഓരോ ശാഖകൾ പ്രവർത്തിക്കുന്നുണ്ട്. ബാങ്കിന്റെ കീഴിൽ ചേലക്കരയിൽ സാധാരണക്കാർക്ക് ന്യായമായ വിലയിൽ മരുന്ന് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി “നീതി സ്റ്റോറും” ചേലക്കരയിൽ തന്നെ ഒരു നീതി ലാബും പ്രവർത്തിച്ചു വരുന്നു. മുമ്പ് വെങ്ങാനെല്ലൂർ വില്ലേജുകളിൽ മാത്രമായി ഒതുങ്ങി നിന്നിരുന്ന ബാങ്കിന്റെ പ്രവർത്തന മേഖല ചേലക്കര , കുറുമല, വില്ലേജുകളിൽ കൂടി വ്യാപിപ്പിച്ചതോടുകൂടി വിപുലമായ അടിത്തറ ബാങ്കിന് ഇന്ന് കൈവന്നിരിക്കുകയാണ്. 11 സ്ഥിരം ജീവനക്കാരടക്കം 33 ആളുകൾ ബാങ്കുമായി സഹകരിച്ച് ജോലി ചെയ്തു വരുന്നു. <u>പുലാക്കോട് സർവ്വീസ് സഹകരണ ബാങ്ക്</u> 1960 ൽ 185 ാം നമ്പറായി പ്രവർത്തനം ആരംഭിച്ച പുലാക്കോട് സർവ്വീസ് സഹകരണ സംഘം 1975ൽ സർവ്വീസ് സഹകരണ ബാങ്കായി ഉയർത്തപ്പെട്ട് പ്രവർത്തിച്ചു വരുന്നു. ബാങ്കിന് പുലാക്കോട് സെന്ററിൽ 21 സെന്റ് സ്ഥലവും സ്വന്തമായി ഉണ്ട് . ശ്രീ സന്തോഷ് ചെറിയാൻ പ്രസിഡന്റ് ആയ ഭരണ സമിതിയാണ് ഇപ്പോൾ ബാങ്കിന്റെ പ്രവർത്തനം നടത്തി വരുന്നത്. പുലാക്കോട് , പങ്ങാരപ്പിള്ളി വില്ലേജുകളിലാണ് ഈ ബാങ്കിന്റെ പ്രവർത്തന മേഖല.

സംഘത്തിന് 17 സെന്റ് സ്ഥലവും , ചേലക്കര ടൗണിനോട് ചേർന്ന് സ്വന്തമായി ഉണ്ട് . കൂടാതെ തോന്നൂർക്കരയിൽ തൊഴിലാളികൾക്ക് ഇരുന്നു പണിയുന്നതിനും , കുട്ടകൾ സൂക്ഷിക്കുന്നതിനും ഗോഡൗൺ സൗകര്യത്തോട് കൂടിയ വർക്ക്ഷെഡ് ഉണ്ട് .

ക്ഷീര സഹകരണ മേഖലയിൽ 1976 ൽ ആരംഭിച്ച പുലാക്കോട് ക്ഷീരോൽപാദക സഹകരണ സംഘം, 1978 ൽ പ്രവർത്തനം ആരംഭിച്ച കുറുമല ക്ഷീരോൽപാദക സഹകരണ സംഘം , 1984 ൽ പ്രവർത്തനം ആരംഭിച്ച തോന്നൂർക്കര ക്ഷീരോൽപാദക സഹകരണ സംഘം, 1976 ൽ ആരംഭിച്ച വെങ്ങാനെല്ലൂർ ക്ഷീര വ്യാവസായിക സഹകരണ സംഘം എന്നീ സഹകരണ സംഘങ്ങൾ ക്ഷീര കർഷകരുടെ പുരോഗതിക്ക് വേണ്ടി പ്രവർത്തി ച്ചിരുന്നു .

സഹകരണ മേഖലയിൽ പഞ്ചായത്തിലെ റബർ കർഷകരുടെ ക്ഷേമത്തിന് വേണ്ടി തോന്നൂർക്കര , പങ്ങാരപ്പിള്ളി , കുറുമല , പുലാക്കോട് , വെങ്ങാനെല്ലൂർ വില്ലേജുകളിലായി അഞ്ചു റബർ ഉൽപാദക സംഘങ്ങളും പ്രവർത്തിച്ചിരുന്നു .

<u>തോന്നൂർക്കര സർവ്വീസ് സഹകരണ ബാങ്ക്</u>

1964 ൽ 2640ാം നമ്പറായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ബാങ്കിന്റെ പ്രവർത്തന പരിധി തോന്നൂർക്കര വില്ലേജിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. തോന്നൂർക്കരയിൽ സംഘത്തിന്റെ പേരിൽ 15 സെന്റ് സ്ഥലവും കെട്ടിടവും സ്വന്തമായി ഉണ്ട്. ശ്രീ ഇ വേണുഗോപലമേനോൻ പ്രസിഡന്റായ ഭരണ സമിതിയാണ് ബാങ്കിന്റെ പ്രവർത്തനം നടത്തി വരുന്നത്.

<u>ചേലക്കര മൾട്ടി പർപ്പസ് സഹകരണ സംഘം</u>

പഞ്ചായത്തിലെ ജനങ്ങൾക്ക് കാർഷികേതര വായ്പ്പ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി 2004 ൽ 1189 നമ്പറായി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന ഈ ബാങ്കിന്റെ ഭരണം ശ്രീ സുദേവൻ പള്ളത്ത് പ്രസിഡന്റായ ഭരണ സമിതിയാണ് നടത്തി വരുന്നത്.

<u>തലപ്പിള്ളി താലൂക്ക് ഹയർ പർച്ചേഴ്സ് സൊസൈറ്റി</u>

ചേലക്കര ആസ്ഥാനമായി 2005ൽ 1198 നമ്പറായി പ്രവർത്തനനം ആരംഭിച്ച ഈ സംഘത്തിന്റെ ഭരണം ശ്രീ രതീഷ് പ്രസിഡന്റായ ഭരണ സമിതിയാണ് നടത്തി വരുന്നത്.

<u>വെങ്ങാനെല്ലൂർ കിസാൻ നീതി ലിമിറ്റഡ്</u>

വെങ്ങാനെല്ലൂർ കിസാൻ നീതി ലിമിറ്റഡ് 2020ൽ പ്രവർത്തനം ആരംഭിച്ചു. ഈ സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ ആയി പള്ളിക്കര ജയകൃഷ്ണൻ പ്രവർത്തിച്ചുവരുന്നു.

<u>ചേലക്കര ജനനിധി ലിമിറ്റഡ്</u>

2011ൽ പ്രവർത്തനം ആരംഭിച്ച ഈ ധനകാര്യ സ്ഥാപനത്തിന്റെ ഭരണം കാവുങ്ങൽ രാജഗോപാലൻ പ്രസിഡന്റായ ഭരണ സമിതിയാണ് നടത്തി വരുന്നത്.

<u>വെങ്ങാനെല്ലൂർ ക്ഷീര വ്യവസായ സഹകരണ സംഘം</u>

1976 ൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിന്റെ നിലവിലുള്ള പ്രവർത്തനം മേപ്പാടം കേന്ദ്രമായാണ് നടന്നു വരുന്നത്. 1990വരെ ഈ സ്ഥാപനം വെങ്ങാനെല്ലൂരിലാണ് പ്രവർത്തിച്ചിരുന്നത്. ശ്രീ സന്തോഷ് ചെറിയാൻ പ്രസിഡന്റായ ഭരണ സമിതിയാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം നടത്തി വരുന്നത്.

	<u>തോന്നൂർക്കര ക്ഷീരോൽപാദക സഹകരണ സംഘം</u> 1984 ൽ അപ്കോഡിന്റെ കീഴിൽ നിലവിൽ വന്ന ഈ സംഘത്തിന്റെ ആദ്യത്തെ പ്രസിഡന്റ് ശ്രീ.കെ.ആർ.പ്രകാശൻ മാസ്റ്റർ ആണ്. ശ്രീ.പി.കെ.മുരളീധരൻ പ്രസിഡന്റായ ഭരണസമിതിയാണ് ഇപ്പോൾ സംഘത്തിന്റെ ഭരണം നടത്തിവരുന്നത്. <u>പൂലാക്കോട് ക്ഷീരോൽപാദക സഹകരണ സംഘം</u> 1976 ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിന്റെ ആദ്യ പ്രസിഡന്റ് കുങ്കുമത്ത് ബാലകൃഷ്ണൻ നായരായിരുന്നു. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ഈ സംഘത്തിന്റെ ഇപ്പോഴത്തെ ഭരണം ശ്രീ.കെ.സി.ജോസ് പ്രസിഡന്റായ ഭരണസമിതിയാണ് നടത്തുന്നത്. <u>കൂറൂമല ക്ഷീരോൽപാദക സഹകരണ സംഘം</u> 1978 ൽ പ്രവർത്തനം ആരംഭിച്ച സംഘത്തിന്റെ പ്രഥമ പ്രസിഡന്റ് റവ: ഫാ: അബ്രഹാം കാടമല എന്നവരായിരുന്നു. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ഈ സംഘത്തിന്റെ ഇപ്പോഴത്തെ ഭരണം ശ്രീ.കെ.പി.തങ്കച്ചൻ പ്രസിഡന്റായ ഭരണസമിതിയാണ് നടത്തുന്നത്.

മാർക്കറ്റ്	
അന്ന്	ഇന്ന്
പഞ്ചായത്തിൽ ടൗണിനോട് ചേർന്ന് , പഞ്ചായത്ത് വക സ്ഥലത്താണ് മാർക്കറ്റ് സ്ഥിതി ചെയ്യുന്നത് . മത്സ്യ കച്ചവടവും, മാട് , ആട് , അറവു വിൽപ്പനയും മാത്രമണ് അവിടെ നടന്നിരുന്നത് . 1969 ൽ ഒരു കന്നുകാലി ചന്ത ആരംഭിച്ചു എങ്കിലും , ചുരുങ്ങിയ കാലത്തിന് ശേഷം തുടർന്ന് കൊണ്ടുപോകാൻ കഴിഞ്ഞില്ല. പഞ്ചായത്തിലെ പൊതുവിപണി പ്രധാനമായും നിയന്ത്രിക്കുന്നത് സ്വകാര്യ കച്ചവടക്കാർ ആണ് . തന്മൂലം കർഷകർക്ക് ന്യായമായ വില ലഭിക്കുന്നില്ല .	പഞ്ചായത്തിൽ ടൗണിനോട് ചേർന്ന് പഞ്ചായത്ത് വക സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഒരു കേന്ദ്രമാണ് മാർക്കറ്റ് . ഇവിടെ ആട് മാടുകളുടെയും , കോഴി , താറാവ് എന്നിവയുടെയും കശാപ്പും വിൽപനയുമാണ് പ്രധാനമായും നടക്കുന്നത്. ആഴ്ചയിൽ ഒരു ദിവസം പോർക്കിനെ കശാപ്പ് ചെയ്തു വിൽപ്പനയും നടന്നു വരുന്നു . കൂടാതെ ഉണക്കമീൻ വിൽപ്പന കേന്ദ്രവും പ്രവർത്തിച്ചു വരുന്നു. ആധുനിക സൗകര്യങ്ങളോടുകൂടിയ അറവു ശാല പണി പൂർത്തീകരിച്ചിട്ടുണ്ട് എങ്കിലും നിലവിൽ ആ സൗകര്യം പ്രവർത്തനക്ഷമമല്ല . എത്രയും പെട്ടെന്ന് തന്നെ ആധുനിക അറവുശാലയുടെ പ്രവർത്തനങ്ങളെ കുറിച്ച് കശാപ്പുകാർക്ക് ബോധവൽകരണം നടത്തി പ്രവർത്തനം ആരംഭിക്കുന്നതിനു ആവശ്യമായ പദ്ധതികളും ഇടപെടലുകളും ഭരണ സമിതി നടത്തി വരുന്നുണ്ട്. സംസ്ഥാന പാതയിൽ നിന്ന് മാർക്കിറ്റിലേക്ക് പ്രവേശിക്കുന്ന ഭാഗത്ത് നിലവിലുള്ള പഞ്ചായത്ത് കട മുറികളിൽ പലതരത്തിലുള്ള കച്ചവടങ്ങളും നടന്ന് വരുന്നു . ഈ കെട്ടിടത്തിന്റെ ഫസ്റ്റ് ഫ്ളോറിൽ രണ്ട് ഗ്രൂപ്പുകളിലായി കുടുംബശ്രീ പ്രവർത്തകർ ജ്യൂട്ട് ബാഗ് നിർമ്മാണം നടത്തി വരുന്നു. പരമാവധി സൗകര്യം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി അടുത്ത സാമ്പത്തിക വർഷം ഗ്രൗണ്ട് ഫ്ളോർ മാത്രം നിലനിൽക്കുന്ന ഭാഗത്ത് ഫസ്റ്റ് ഫ്ളോർ നിർമിക്കുന്നതിന് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട് .

പട്ടികജാതി

അന്ന്	ഇന്ന്
ചേലക്കര പഞ്ചായത്തിൽ മൊത്തം ജനസംഖ്യയുടെ 15 ശതമാനത്തോളം പട്ടികജാതിക്കാരാണ് എന്ന് കണക്കാകിയിരുന്നു . പട്ടികവർഗ്ഗ ത്തിൽപെട്ട 54 പേരും ഉണ്ടായിരുന്നു . ഒരു പട്ടിക വർഗ്ഗ കോളനി പഞ്ചായത്തിൽ ഉണ്ട് . 1270 വീടുകളിലായി 5615 പേർ പഞ്ചായത്തിൽ താമസിച്ചു വന്നിരുന്നതയാണ് അന്നത്തെ കണക്ക് . അതിൽ ഭൂരിഭാഗം ആളുകളും തൊഴിൽ രഹിതരും , സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരും ആയിരുന്നു . പഞ്ചായത്തിൽ യുവാക്കളിൽ ഭൂരിഭാഗവും സാമാന്യ വിദ്യാഭ്യാസം നേടിയിട്ടുള്ളവരായിരുന്നു. പ്രായമുള്ളവരിൽ ഭഹുഭൂരിപക്ഷവും അക്ഷരാഭ്യാസം ഇല്ലാത്തവരാണ് . പഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പലരും സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ നേതൃസ്ഥാനത്തേക്ക് ഉയർന്ന് വന്നിരുന്നു . അന്നത്തെ പട്ടികജാതി –പട്ടിക വർഗ്ഗ വികസനവകുപ്പ് മന്ത്രി ശ്രീ കെ രാധാകൃഷ്ണൻ പഞ്ചായത്ത് നിവാസിയാണ് . പഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കൃഷി ഭൂമി ഉള്ളവർ വളരെ കുറവാണ് . സർക്കാർ സഹായത്തോടെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഭൂമി വങ്ങുമ്പോൾ സ്റ്റാബ് ഡ്യൂട്ടി അടക്കേണ്ടി വരുന്നത് , ഭൂമി വാങ്ങുന്നതിന് തടസ്സമായി നിന്നിരുന്ന കാരണമായിരുന്നു . യുവാക്കൾക്ക് ഉന്നത വിദ്യഭ്യാസത്തിനോ,സാങ്കേതിക വിദ്യാഭ്യാസത്തിനോ പഞ്ചായത്തിൽ സൗകര്യങ്ങളോ , സ്ഥാപനങ്ങളോ ഇല്ലായിരുന്നു . എന്തിനേറെ കോളനികളിൽ പൊതു ചടങ്ങുകൾക്ക് പോലും സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല .	നൽകിയവരായിരുന്നു ശ്രീനാരായണഗുരു, കേളപ്പൻ, അയ്യങ്കാളി, സഹോദരൻ അയ്യപ്പൻ, എ.കെ.ജി, പി.കൃഷ്ണപ്പിള്ള, ഇ.എം.എസ് തുടങ്ങിയവർ. 1936 ലെ ക്ഷേത്ര പ്രവേശന വിളംബരത്തോടെ ക്ഷേത്ര കവാടങ്ങൾ എല്ലാ വിഭാഗം ഹൈന്ദവർക്കുമായി തുറന്നുകൊടുക്കപ്പെട്ടു. വിശ്രമ കേന്ദ്രങ്ങളും, പൊതു ഇടങ്ങളും, വിദ്യാലയങ്ങളും പൊതുകിണറുകളും എല്ലാ വിഭാഗം ജനങ്ങൾക്കും ഉപയോഗിക്കാവുന്ന സ്ഥിതിയായി. പട്ടികജാതി വിഭാഗക്കാർക്കെതിരെയുള്ള വിവേചന പെരുമാറ്റം ശിക്ഷാർഹവുമായി. ഇതുപ്രകാരവും സംസ്ഥാനത്ത് മാറിമാറി വന്ന പുരോഗമന സർക്കാരുകളുടെ ഇടപെടലുകൾ മൂലവും ഈ വിഭാഗത്തെ ഒരു പരിധിവരെ സമൂഹത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിന് കഴിഞ്ഞു. ഒരു കാലത്ത് അമ്പലങ്ങളുടെ പരിസരം വഴിപോകാൻ അധികാരമില്ലാതിരുന്ന ഈ വിഭാഗത്തിൽപ്പെട്ടവരാണ് ഇന്ന് പല അമ്പലങ്ങളിലേയും പൂജാരിമാർ. ഈ ധീരമായ തീരുമാനം കൈകൊണ്ട സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾ പ്രശംസനീയം തന്നെയാണ്. ജനപ്രതിനിധികളിൽ സംവരണം നിർബന്ധമാക്കിയത് വഴി അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് അവസരങ്ങൾ വർദ്ധിച്ചു. ചേലക്കര ഗ്രാമപഞ്ചായത്തിൽ 22 മെമ്പർമാരിൽ സംവരണ പ്രകാരം 4 അംഗങ്ങൾ പട്ടികജാതി വിഭാഗത്തിൽ പെട്ടവരാണ് ഉണ്ടാകേണ്ടത്. എന്നാൽ നിലവിൽ 5 അംഗങ്ങൾ ഈ വിഭാഗത്തിൽ പെടുന്നവരാണ്. ചേലക്കര ഗ്രാമ പഞ്ചായത്തിൽ 73 പട്ടികജാതി കോളനികൾ ഉണ്ട് . അതിൽ 1436 കുടുംബങ്ങളിലായി 5950 ആളുകളും ഉണ്ട്. 3084 പുരുഷന്മാരും 2866സ്ത്രീകളും ഉണ്ട് . പട്ടികജാതി വിഭാഗത്തിൽ വളരെയധികം മാറ്റങ്ങളും പുരോഗതിയും കൈവരിച്ചിട്ടുണ്ട്. കോളനികളുടെ അടിസ്ഥാന വികസന സൗകര്യങ്ങൾ വളരെയധികം മെച്ചപ്പെടുത്തിയിട്ടുണ്ട് . റോഡുകൾ നിർമ്മിച്ചു, പഴയ റോഡുകൾ നവീകരിച്ചു, വഴിവിളക്കുകൾ സ്ഥാപിച്ചു, കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി. പൊതു പരിപാടികൾ സംഘടിപ്പിക്കുവാൻ കമ്മ്യൂണിറ്റി ഹാളുകൾ നിർമിച്ചു . 50 ൽ അധികം കുടുംബങ്ങൾ ഉള്ള കോളനികൾ തെരഞ്ഞെടുത്ത് “സ്വാശ്രയഗ്രാമം” പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി . കോളനികളിൽ കോൺക്രീറ്റ് വീടുകൾ നിർമിച്ചു. ചില കോളനികളിൽ ഒന്നിൽ കൂടുതൽ കുടിവെള്ള പദ്ധതികളും ഉണ്ട് . റോഡുകളും , കാനകളും നിർമിച്ചു . ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെട്ടു . ത്രിതല പഞ്ചായത്തുകൾ വഴി മേൽപറഞ്ഞ പ്രവർത്തനങ്ങൾ നടപിലക്കിയിട്ടുണ്ട് .ഭൂരഹിതരായ ആളുകൾക്ക് ഭൂമി വാങ്ങുന്നതിനുള്ള

	ധനസഹായം തുടർന്നു കൊണ്ടിരിക്കുന്നു (സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നും ഇക്കൂട്ടരെ ഒഴിവാക്കിയിട്ടുണ്ട്) നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ • . വാത്സല്യ നിധി • . ചികിത്സാ ധനസഹായം • . വിവാഹ ധനസഹായം • . മിശ്ര വിവാഹ ധനസഹായം • . വിദേശ തൊഴിൽ ധനസഹായം . കുടുംബത്തിലെ ഏക വരുമാന ദായകൻ മരണപ്പെട്ടാൽ ആശ്രിതർക്ക് ധനസഹായം കൂടാതെ വിദ്യാഭ്യാസമേഖലകളിലും നിരവധി സ്കോളർഷിപ്പ് നൽകുന്ന പദ്ധതികൾ നടപ്പിലാക്കികൊണ്ടിരിക്കുന്നു .ലപ്സം ഗ്രാന്റ് , അയ്യങ്കാളി സ്കോളർഷിപ്പ് , EBT സ്കോളർഷിപ്പ് (9 , 10 ക്ലാസുകൾ) , പാരലൽ കോളേജ് ഗ്രാന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകി വരുന്നു . പഠനസൗകര്യം വർദ്ധിപ്പിക്കുന്നതിനായി " പഠന മുറി " പദ്ധതി നടപ്പിലാക്കുന്നതിൽ പഞ്ചായത്ത് മികച്ച രീതിയിൽ വിജയം കൈവരിച്ചിട്ടുണ്ട്. ഉന്നത പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ് , സ്കോളർഷിപ്പ് എന്നിവ പഞ്ചായത്ത് വിജയകരമായി നടപ്പിലാക്കി വരുന്നു . ഹൈസ്കൂൾ വരെയുള്ള കുട്ടികൾക്ക് ഫർണീച്ചർ വിതരണവും പഞ്ചായത്ത് നടപ്പിലാക്കുന്നു . പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികൾക്ക് താമസിച്ചു പഠിക്കുന്നതിന് പ്രീമെട്രിക് ഹോസ്റ്റൽ ഉണ്ട്. ആൺകുട്ടികൾക്കുള്ള മോഡൽ റസിഡൻഷ്യൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രവർത്തിക്കുന്നു. കുടുംബശ്രീ വഴി പട്ടികജാതിക്കാർക്ക് സ്വയം തൊഴിൽ പദ്ധതികൾ ധാരാളം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട് . തന്മൂലം തൊഴിൽ രഹിതരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വരുത്തുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. . അഭ്യസ്തവിദ്യരുടെ എണ്ണം വർദ്ധിച്ചു . അനേകം പേർ മത്സരപരീക്ഷകളിൽ കഴിവ് തെളിയിച്ചു കൊണ്ട് ഉന്നത തൊഴിൽ മേഖലകളിലെത്തി . കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നവരുടെ എണ്ണവും വർദ്ധിച്ചു .

വിഡിയോ കാണുന്നതിനായി
ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

SC HOSTAL

ബ്ലോക്ക് പട്ടികജാതി വികസന വകുപ്പ് മുഖേന നൽകിയ ആനുകൂല്യങ്ങൾ

വർഷം	ഭവനം	ഭവന റിപ്പയർ	കക്കൂസ്	പഠനമുറി
2007-08	7			
2008-09	17			
2009-10	27			
2010-11	6			
2011-12	10			
2012-13	8		58	
2013-14	13	7	63	
2014-15	7	10	39	
2015-16	10	10	13	
2016-17	24	8		
2017-18	15			8
2018-19				9
2019-20				6
2020-21				14
2021-22				10
ആകെ	144	35	173	47

പട്ടികവർഗ്ഗം

അന്ന്	ഇന്ന്
പഞ്ചായത്തിലെ ഏക പട്ടികവർഗ്ഗ കോളനിയാണ് കളപ്പാറ ഗിരിജൻ കോളനി . 18 കുടുംബങ്ങളിലായി 54 അംഗങ്ങൾ താമസിച്ചിരുന്നു. 14 കുടുംങ്ങൾക്ക് ഓട് മേഞ്ഞ വീടും , 4 വീടുകൾക്ക് അന്ന് ഓല മേഞ്ഞ വീടും ആയിരുന്നു ഉണ്ടായിരുന്നത് . വീടുകൾ ഒന്നും വൈദ്യുതീകരിച്ചിരുന്നില്ല . സഞ്ചാരയോഗ്യമായ റോഡോ , ശുദ്ധ ജലമോ ഉണ്ടായിരുന്നില്ല . കുറച്ചു കുട്ടികൾ അംഗനവാടിയിലും , അടുത്തുള്ള എൽ പി സ്കൂളിലും പോയിരുന്നു .	പഞ്ചായത്തിലെ വാർഡ് 11 ൽ ഉൾപ്പെടുന്ന കളപ്പാറ ആദിവാസി കോളനിയാണ് " ഗിരിജൻ കോളനി " പഞ്ചായത്തിലെ ഏക ആദിവാസി കോളനി. 21 കുടുംബങ്ങളാണ് ഈ കോളനിയിൽ ഉൾപ്പെടുന്നത്. ഇവിടെ 31 പുരുഷന്മാരും , 35 സ്ത്രീകളും , 15 ആൺകുട്ടികളും , 10 പെൺകുട്ടികളും ഉൾപ്പടെ 91 പേരാണ് അധിവസിക്കുന്നത്. ഇതിൽ 16 കുട്ടികൾ പഠിക്കുന്നു. ഇതിൽ ചില കുട്ടികൾ ഉന്നത വിദ്യഭ്യാസം ചെയ്യുന്നവരാണ്. പരമ്പരാഗതമായ രീതിയിൽ വനത്തിൽ നിന്ന് വിഭവങ്ങൾ ശേഖരിക്കുന്ന തൊഴിലാണ് ഭൂരിഭാഗം ആളുകളും ചെയ്തു വരുന്നത്. കൂടാതെ പുരുഷന്മാരിൽ ചിലർ മറ്റുള്ളവരെ പോലെ നാട്ടിൻപുറത്തെ കൂലി പണിയെടുക്കുന്നതിനും തയ്യാറാകുന്നുണ്ട്. സ്ത്രീകളിൽ 20 പേർ തൊഴിലുറപ്പ് തൊഴിലാളികളായി പണിയെടുത്തു വരുന്നു. സാധാരണ ജനറൽ വിഭാഗങ്ങൾക്കും , പട്ടിക ജാതി വിഭാഗങ്ങൾക്കും തൊഴിലുറപ്പ് പദ്ധതി പ്രകാരം 100 തൊഴിൽ ദിനങ്ങളാണ് ലഭിക്കുന്നത് എങ്കിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ വർഷത്തിൽ 150 തൊഴിൽ ദിനങ്ങളാണ് നൽകിവരുന്നത് . ഇത് പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം 15 സ്ത്രീ തൊഴിലാളികൾ 150 പണി പൂർത്തീകരിച്ചവരായി ഈ കോളനിയിൽ ഉണ്ട്. ഇത് ഇവരുടെ ജീവിത നിലവാരത്തെ സാരമായി മാറ്റം വരുത്തുന്നതിന് കാരണമായിട്ടുണ്ട്. 14 വനിതകൾ കുടുംബശ്രീ സ്വയം സഹായ സംഘാംഗങ്ങളാണ്. കോളനിയിൽ 21 കുടുംബങ്ങൾ ഉള്ളതിൽ 6 കുടുംബങ്ങളുടെ വീടുകൾ 2005 ൽ പണി പൂർത്തീകരിച്ചതാണ് . 2018-19 ൽ ലൈഫ് ഭവന നിർമാണ പദ്ധതി പ്രകാരം 12 കുടുംബങ്ങൾക്ക് വീട് പണി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏതാനും ചില വീടുകളുടെ അവസ്ഥ നിലവിൽ പരിതാപകരമാണ്. മുഴുവൻ വീടുകളിലും അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി , വെള്ളം , ഗതാഗത സൗകര്യം എന്നിവ നിലവിലുണ്ട്. ഇവിടെ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു സാംസ്കാരിക നിലയം കോളനിക്കാരുടെ ആവശ്യങ്ങൾക്കായി പണി പൂർത്തീകരിച്ചിട്ടുണ്ട്. കുട്ടികളുടെയും , ഗർഭിണികളുടെയും , വനിതകളുടെയും , ക്ഷേമത്തിനായി ഒരു അംഗനവാടിയും കോളനിയിൽ നിലവിലുണ്ട്. ഇവരുടെ സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിന് വേണ്ടി സർക്കാർ കോളനി സ്ഥലത്ത് നടപ്പിലാക്കിയ റബർ കൃഷി വഴി ചില കുടുംബങ്ങൾക്ക് സാമ്പത്തിക വരുമാനവും ലഭിക്കുന്നു. കഴിഞ്ഞ 25 വർഷക്കാലം കോളനിയിൽ നടപ്പിലാക്കിയ വിവിധ ക്ഷേമ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും വഴി കോളനിയിലെ കുടുംബങ്ങളുടെ ജീവിത നിലവാരം ഒരു പരിധി വരെ ഉയർന്നിട്ടുണ്ട്. വരുന്ന പത്തു വർഷകക്കാലത്തെ പ്രവർത്തനങ്ങൾ വഴി സമൂഹത്തിന്റെ മുൻപിൽ മറ്റുള്ളവരെ പോലെ ഇക്കൂട്ടർക്കും നിവർന്നു നിൽക്കാൻ കഴിയും എന്നാണ് ഭരണ സമിതി ചിന്തിക്കുന്നത്. ധനസഹായം തുടർന്നു കൊണ്ടിരിക്കുന്നു (സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നും ഇക്കൂട്ടരെ ഒഴിവാക്കിയിട്ടുണ്ട്) .

വിഭവ സമാഹരണം

അന്ന്	ഇന്ന്
പഞ്ചായത്തിലെ ആവശ്യങ്ങൾ നിരവധിയും, പരിഹാര സാധ്യതകൾ പരിമിതമാകുമ്പോഴാണ് ആസൂത്രണത്തിന്റെ പ്രസക്തി ഏറി വരുന്നത്. വിഭവ സമാഹരണ ചർച്ചകളിൽ ചരിത്രത്തിൽ ആദ്യമായി ജനകീയ പങ്കാളിത്തത്തിന്റെ പ്രസക്തി ഉയർന്നു വന്നു എന്നതാണ് 1996 ലെ പദ്ധതി രൂപീകരണത്തിന്റെ ഏറ്റവും വലിയ നേട്ടം .	ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ആരംഭത്തോടെ പഞ്ചായത്തിന്റെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവാണ് ഓരോ വർഷവും ഉണ്ടായി കൊണ്ടിരിക്കുന്നത്. 1995-96 ൽ പഞ്ചായത്തിന്റെ തനത് വരവ് 23,32,670.65 രൂപയും , വിവിധ ഗ്രാന്റുകളായി സർക്കാരിൽ നിന്ന് ലഭിച്ചത് 19,31,258 രൂപയും ആണ്. എന്നാൽ 2021-22 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ തനത് വരുമാനം മാത്രം 1,27,88,745 രൂപയാണ്. കൂടാതെ മറ്റു വരവുകളും , വിവിധ ഇനങ്ങളിലായി ബ്ലോക്ക് , ജില്ല പഞ്ചായത്തുകളിൽ നിന്നും , കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നുമായി 13,50,50,600 രൂപയാണ് ഈ സാമ്പത്തിക വർഷം പഞ്ചായത്തിൽ ലഭിച്ചിരിക്കുന്നത്. പഞ്ചായത്തിലെ തനത് വരുമാനം വർധിപ്പിക്കുന്നതിന് വേണ്ടി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാവസായിക സ്ഥാപനങ്ങളിൽ നിന്നും , ബാങ്ക് ഉൾപ്പടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് ശേഖരിക്കുന്നതിനും , പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സ്ഥലം എം എൽ എ വഴി കോടികണക്കിന് രൂപയാണ് പഞ്ചായത്തിലെ വിവിധ മേഖലയിലെ വികസന പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം നൽകിയിരിക്കുന്നത്. ഇത്തരത്തിൽ ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് സ്ഥായിയായ വികസന പദ്ധതികൾക്കാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്. ധനസഹായം തുടർന്നു കൊണ്ടിരിക്കുന്നു (സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നും ഇക്കൂട്ടരെ ഒഴിവാക്കിയിട്ടുണ്ട്) .

1995-96 ലെ വരവ് സംബന്ധിച്ച വിവരങ്ങൾ	
നികുതിയിനങ്ങൾ	തുക
കെട്ടിടനികുതി	291010.00
തൊഴിൽ നികുതി	204905.00
വിനോദ നികുതി	67005.40
അധിക വിനോദ നികുതി	40581.10
പ്രദർശന നികുതി	48800.60
പ്രദർശന നികുതിമേലുള്ള സർചാർജ്	1231.50
ലൈസൻസ് ഫീസ്	33100.00
വസ്തു കൈമാറ്റ നികുതി	16457.75
സർക്കാർ ഗ്രാന്റ് മറ്റും ഒഴികെയുള്ള മറ്റ വരവുകൾ	244375.00
സർക്കാർ ഗ്രാന്റ് മറ്റും ഒഴികെയുള്ള മറ്റ വരവുകൾ	1190246.80
ഡിപ്പോസിറ്റ്	238878.00
ആകെ	2376591.15

അന്ന് മറ്റ് വകുപ്പുകളിൽ നിന്ന് ചിലവഴിച്ച തുക	
ഇനങ്ങൾ	ഫണ്ട്
ഭരണം	6,67,059
പൊതുമരാമത്ത്	10,96,418
വിദ്യാഭ്യാസം	8,926
പൊതുജനാരോഗ്യം	1,89,454
തെരുവ് വിളക്ക് കത്തിക്കുന്നത്	1,21,240
മറ്റുള്ളവ	2,53,827
ആകെ	23,36,924

2021-22ലെ വരവ് സംബന്ധിച്ച വിവരങ്ങൾ	
തനത് വരവ്	തുക
കെട്ടിട നികുതി	75,38,470
പ്രൊഫഷണൽ നികുതി	27,77,610
വാടക	20,36,615
ലൈസൻസ് ഫീസ്	4,36,050
ആകെ	12,788,745

മറ്റുവരവുകൾ	തുക
പദ്ധതി വിഹിതം (ജനറൽ)	2,52,06,000
എസ്.സി.ഫണ്ട്	2,55,87,000
എസ്.ടി ഫണ്ട്	2,43,000
കേന്ദ്ര ധനകാര്യ കമ്മീഷൻ ഫണ്ട്	1.49.79,600
നോൺ റോഡ്	1,04,25,000
റോഡ്	1,86,75,000
കേന്ദ്ര വിഹിതം	32,00,000
സംസ്ഥാന വിഹിതം	80,00,000
ബ്ലോക്ക് വിഹിതം	1,21,50,000
ജില്ല പഞ്ചായത്ത് വിഹിതം	1,51,50,000
ലൈഫ് വായ്പ തുക	82,00,000
ഗുണഭോക്തൃ വിഹിതം	41,35,000
ആകെ	13,50,50,600

2021-22 ലെ ചെലവ് സംബന്ധിച്ച വിവരങ്ങൾ	
ഇനം	തുക
പൊതുമരാമത്ത്	3,44,00,021
സാമൂഹ്യക്ഷേമം	89,47,050
കൃഷി	38,44,988
ക്ഷീരം	8,60,650
ആരോഗ്യം	34,64,750
മൃഗസംരക്ഷണം	25,10,000
ദരിദ്ര ലഘൂകരണം	1,33,98,354
പൊതുഭരണം	96,28,114
വിദ്യാഭ്യാസം	12,05,000
ആകെ	7,47,94,187

ശുചിത്വം

കേരള പഞ്ചായത്തിരാജ് നിയമം, മുനിസിപ്പാലിറ്റി നിയമം എന്നിവ പ്രകാരം അനിവാര്യ ചുമതലയായ ശുചിത്വമാലിന്യ സംസകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും ഖരദ്രവ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് കേന്ദ്ര സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ചിട്ടുള്ള വിവിധ ചട്ടങ്ങളും നിയമങ്ങളും നടപ്പിലാക്കുന്നതിനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനാണ് ശുചിത്വ മിഷൻ രൂപീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി ശുചിത്വമാലിന്യ സംസ്കരണ പദ്ധതികളുടെ ആസൂത്രണം , തയ്യാറാക്കൽ , നിർവഹണം , തുടർ പരിപാലനം , വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ (ഐ.ഇ.സി.) , ശേഷിവികസന പ്രവർത്തനങ്ങൾ (കപ്പാസിറ്റി ബില്ഡിംഗ്) എന്നീ വിഷയങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനുള്ള ഏജൻസി ആയിട്ടാണ് ശുചിത്വ മിഷൻ പ്രവർത്തിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ശുചിത്വമാലിന്യ സംസ്കരണപദ്ധതികളുടെ നോഡൽ ഏജൻസിയായി 2008 മുതൽ തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിൽ ശുചിത്വ മിഷൻ പ്രവർത്തിച്ചുവരുന്നു.

മാലിന്യ മുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിന് വേണ്ട ശുചിത്വമാലിന്യ പരിപാലന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലക്കുന്നതിനാണ് ശുചിത്വ മിഷൻ നില കൊള്ളുന്നത്. സുരക്ഷിത മനുഷ്യ വിസർജ്ജ്യ നിർമാർജ്ജനം , ഖരദ്രവമാലിന്യ പരിപാലനം , കുടിവെള്ള ശുചിത്വം , വ്യക്തിഗതസാമൂഹ്യസ്ഥാപന ശുചിത്വം പരിസര ശുചിത്വം ഇവയിൽ പൂർണനേട്ടം കൈവരിക്കുക , ഈ നേട്ടങ്ങൾ എക്കാലവും നിലനിർത്തുക എന്നതാണ് ശുചിത്വ മിഷന്റെ ദൗത്യങ്ങൾ .

നിർദ്ദേശങ്ങൾ

- ശുചിത്വ മാലിന്യ സംസ്ക്കരണ പ്രോജക്ടുകൾ പഞ്ചായത്തുകൾക്ക് വിദഗ്ദ്ധ ഉപദേശം നൽകൽ, പ്രോജകടുകളുടെ വിലയിരുത്തലും , പഠനവും , റിപ്പോർട്ടി ങ്ങും .
- പഞ്ചായത്തുകൾ തയ്യാറാക്കുന്ന ഖരദ്രവമാലിന്യ സംസ്കരണ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതിക അംഗീകാരവും , സാമ്പത്തിക സഹായവും നൽകൽ
- പദ്ധതികൾക്ക് സംസ്ഥാന ബഡ്ജറ്റിൽ നിന്നും , കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും സാമ്പത്തിക വിഹിതം അനുവദിക്കൽ.
- ശുചിത്വ മേഖലയിൽ പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളും /വകുപ്പുകളുമായി പഞ്ചായത്തിനെ കൂട്ടിയോജിപ്പിക്കുക.
- പൊതുജനങ്ങളിൽ ശുചിത്വബോധം സൃഷ്ടിച്ചു കൊണ്ട് വൃത്തിയും ശുചിത്വവുമുള്ള പരിസരം വീടുകളിലും ,തൊഴിലിടങ്ങളിലും, പൊതുയിടങ്ങളിലും ഉറപ്പുവരുത്തി ഗ്രാമ പ്രദേശങ്ങളുടെ പരിസ്ഥിതി മെച്ചപെടുത്തുക

പ്രവർത്തന മേഖല

1. ഖരമാലിന്യ പരിപാലന പദ്ധതികൾ
2. ദ്രവമാലിന്യ പരിപാലന പദ്ധതികൾ
3. അപകടകരമായ മാലിന്യം /ഇ മാലിന്യ പരിപാലന പദ്ധതികൾ
4. ശൗചാലയ പദ്ധതികൾ
5. അറവ് മാലിന്യ പരിപാലന പദ്ധതികൾ
6. ആധുനിക വാതക ശ്മശാനം
7. മാലിന്യ കൂനകൾ നീക്കം ചെയ്യൽ
8. മഴക്കാലപൂർവ ശുചീകരണ ക്യാമ്പയിൻ പ്രവർത്തചനങ്ങൾ

ഹരിതകർമസേന

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വീടുകളിലും , സ്ഥാപനങ്ങളിലും പൊതുയിടങ്ങളിലും രൂപപ്പെടുന്ന അജൈവ പാഴ്വസ്തുക്കൾ ശേഖരിച്ച് തരംതിരിച്ച് സംഭരിച്ച് പുന:രുപയോഗത്തിനും പുന:ചംക്രമണത്തിനും കൈമാറുന്നതിനും മാലിന്യ സംസ്ക്കരണം സംരംഭം മാതൃകയിൽ നടപ്പിലാക്കുന്നതിനും വേണ്ടി ഹരിത കേരളം മിഷന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീയുടെ മേൽനോട്ടത്തിൽ രൂപം നൽകിയ സംവിധാനമാണ് ഹരിതകർമസേന. അജൈവ പാഴവസ്തുക്കൾ ശേഖരിക്കുമ്പോൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന യൂസർ ഫീ , ശേഖരിച്ച പാഴ്വസ്തുക്കൾ വിൽക്കപെടുമ്പോൾ ലഭിക്കുന്ന തുക , പ്രകൃതി സൗഹൃത സംരഭങ്ങൾ , ഗ്രീൻ പ്രോട്ടോക്കോൾ യൂണിറ്റ് നടത്തിപ്പ് തുടങ്ങിയവയിൽ നിന്ന് ലഭിക്കുന്ന തുകയാണ് ഹരിതകർമസേനയുടെ പ്രധാന വരുമാനം. വരുമാനം കുറവുള്ള യൂണിറ്റുകൾക്ക് കുറവ് നികത്തുന്നതിന് സർക്കാർ ഉത്തരവ് പ്രാകാരം വയബിലിറ്റി ഗ്യാപ്പ് ഫണ്ട് പ്രയോജനപ്പെടുത്താം.

മിനി എം.സി.എഫ്.

ഹരിതകർമസേന ശേഖരിക്കുന്ന പാഴ്വസ്തുക്കൾ താത്കാലികമായി സംഭരിച്ചു വയ്ക്കുന്നതിന് വാർഡ് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്ന ക്യാബിനുകളാണ് മിനി എം.സി.എഫ്. ഒരു മിനി എം.സി.എഫ്. നിർമി ക്കുന്നതിന് ഏകദേശം 69,000/ രൂപ ചെലവ് വരും . പലതരം ,മാതൃകകൾ നിലവിലുണ്ട് . തൊഴിലുറപ്പ് പദ്ധതികൾ , പ്ലാൻ ഫണ്ട് , ശുചിത്വമിഷൻ ഫണ്ട് എന്നിവ ഇതിനായി വിനിയോഗിക്കാം.

എം.സി.എഫ്

മിനി എം.സി.എഫ് കളിൽ നിന്നും ശേഖരിക്കുന്ന പാഴ്വസ്തുക്കൾ രണ്ടാം ഘട്ട മൂല്യ വർദ്ധിത തരം തിരിക്കലിന് വിധേയമാക്കുന്ന കേന്ദ്രങ്ങളാണ് എം.സി.എഫ്കൾ . 500 മുതൽ 1500 വരെ ച.അടി വലിപ്പമുള്ള ഷെഡുകളാണ് ഇതിനായി നിർമിച്ച് ഉപയോഗിക്കുന്നത്.

കുടുംബശ്രീ ജനകീയ ഹോട്ടൽ

കേരള സർക്കാരിന്റെ 2020-2021 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുന്ന വിശപ്പുരഹിത പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന കുടുംബശ്രീ സംരംഭ പദ്ധതിയാണ് കുടുംബശ്രീ ജനകീയ ഹോട്ടലുകൾ പൊതുജനങ്ങൾക്ക് ന്യായവിലയിൽ ഉച്ചഭക്ഷണം ലഭ്യമാക്കുന്നതിന് പ്രാധാന്യം കൊടുത്തുകൊണ്ട് നടപ്പിലാക്കുന്ന ഈ പദ്ധതി പഞ്ചായത്തിന്റെയും, കുടുംബശ്രീയുടെയും, സിവിൽ സപ്ലൈ കോയുടെയും കൂട്ടായ പ്രവർത്തനം വഴിയാണ് നടന്നുവരുന്നത്. 20 രൂപയ്ക്ക് ഭക്ഷണം ലഭ്യമാക്കുന്ന ന്യായവിലയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സംരംഭമാണ് ജനകീയ ഹോട്ടൽ.

07.06.2021 മുതൽ പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് പ്രത്യേകം സൗകര്യപ്പെടുത്തിയ കെട്ടിടത്തിൽ ചേലക്കര പഞ്ചായത്തിന്റെ നിള ജനകീയ ഹോട്ടൽ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്ത് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ (വൈദ്യുതി, വെള്ളം, കെട്ടിട സൗകര്യം)ഒരുക്കി നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 3.45 ലക്ഷം രൂപ അടുക്കളയുടെ സൗകര്യം ഒരുക്കുന്നതിന് ചിലവഴിച്ചിട്ടുണ്ട്. കൂടാതെ 5 ലക്ഷം രൂപ ഫർണീച്ചർ വാങ്ങുന്നതിനും വകയിരുത്തിയിട്ടുണ്ട്. പാത്രങ്ങളും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിന് സി.ഡി.എസ്. കമ്മ്യൂണിറ്റി എന്റർ പ്രൈസ് ഫണ്ടിൽ നിന്നും (സി.ഇ.എഫ്)5000 രൂപ 4% പലിശ നിരക്കിൽ വായ്പയായി നൽകി. ഈ തുക പ്രതിമാസം 4350 രൂപ വെച്ച് തിരിച്ചടവ് വരുന്നു. വർക്കിംഗ് ഗ്രാന്റായി ജില്ലാപഞ്ചായത്ത് 30000 രൂപയും ഈ പദ്ധതി വഴി ഇതിനോടകം നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാ മിഷൻ വഴി നൽകുന്ന 50000 രൂപ റിവോൾവിംഗ് ഫണ്ട് ലഭിക്കുന്നതിനുള്ള നടപടിയും നടന്ന് വരുന്നു.

പഞ്ചായത്തിൽ പരിശീലനം ലഭിച്ച കുടുംബശ്രീ അംഗങ്ങളിൽ നിന്നും തിരഞ്ഞെടുത്ത 5 അംഗങ്ങളാണ് നിള ജനകീയ ഹോട്ടൽ നടത്തി വരുന്നത്. ഞായറാഴ്ച്ചകൾ ഒഴികെ മറ്റെല്ലാ ദിവസങ്ങളിലും 12.15 ജാ മുതൽ 3 ജാ വരെയുള്ള സമയം ഇവിടെ നിന്നും 20 രൂപ നിരക്കിൽ ഉച്ചഭക്ഷമം നൽകിവരുന്നു. ഇത്തരത്തിൽ നൽകുന്ന ഉച്ചഭക്ഷണത്തിന് ഊൺ ഒന്നിന് 10 രൂപ വെച്ച് ജില്ലാ മിഷൻ വഴി സബ്സിഡിയും നൽകിവരുന്നു. മറ്റ് യാതൊരുവിധമാർഗ്ഗവും ഇല്ലാത്ത ഇതിദരിദ്രരായ ഭക്ഷണത്തിന് പ്രയാസപ്പെടുന്ന ആളുകൾക്ക് ജനകീയ ഹോട്ടൽ വഴി സൗജന്യമായി നൽകുന്ന ഭക്ഷണത്തിന്റെ വിലസംഖ്യ പഞ്ചായത്ത് സ്പോൺസർ ഷിപ്പിലൂടെ കണ്ടെത്തുന്നു. എല്ലാദിവസത്തെയും വരവ് ചിലവുകണക്കുകൾ സി.ഡി.എസ്.അക്കൗണ്ടന്റിന്റെ സഹായത്തോടെ ജനകീയ ഹോട്ടൽ ഗ്രൂപ്പിന്റെ കണ്ടവീനർ എഴുതി തയ്യാറാക്കുന്നു. മാസത്തിൽ ഒരിക്കൽ സി.ഡി.എസ്. അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ ഈ കണക്കുകൾ പരിശോധിക്കുന്നു. ജനകീയ ഹോട്ടലിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് 10 പേരടങ്ങുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റിയും നിലവിലുണ്ട്. ഈ കമ്മിറ്റി 3 മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. താഴെപറയുന്നതാണ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ഘടന

1 ചെയർമാൻ പഞ്ചായത്ത് പ്രസിഡന്റ്

2 വർക്കിംഗ് ചെയർമാൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

3. കൺവീനർ- അസിസ്റ്റന്റ് സെക്രട്ടറി

4 ജോയിന്റ് കൺവീനർ- സ്ഥലം എ.ഡി.എസ്. ചെയർപേഴ്സൺ

അംഗങ്ങൾ

1 സി.ഡി.എസ്. ചെയർപേഴ്സൺ

2 സ്ഥലം വാർഡ് മെമ്പർ

3 ഗ്രൂപ്പ് കൺവീനർ (ജനകീയ ഹോട്ടൽ)

4 ഹെൽത്ത് ഇൻസ്പെക്ടർ

5 സന്നദ്ധ പ്രവർത്തകർ-1

6 സംഘടന പ്രതിനിധി-1

ഇപ്പോൾ നല്ലനിലയിൽ ജനകീയ ഹോട്ടലിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

തൊഴിലുറപ്പ് പദ്ധതി

തൊഴിൽ ഇല്ലായ്മ മൂലം ദാരിദ്ര്യം അനുഭവിക്കുന്ന പാവപ്പെട്ട ജനവിഭാഗത്തിന് തൊഴിൽ സ്ഥിരത ഉറപ്പ് വരുത്തുന്നതിന് 07.09.2005 ൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ പദ്ധതിയാണ് മാഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.01.04.2008ലാണ് ഈ പദ്ധതി വഴി രാജ്യത്ത് പ്രവർത്തികൾ ആരംഭിച്ചത് അവിദഗ്ധ തൊഴിലാളി കുടുംബങ്ങൾക്ക് തൊഴിൽ സുരക്ഷിതത്വം ലക്ഷ്യമാക്കിയിട്ടുള്ള ഈ പദ്ധതിയിൽ ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ സ്വന്തം നാട്ടിൽ ഉറപ്പ് നൽകുന്നു. അതോടൊപ്പംതന്നെ ഉൽപാദന വർദ്ധനവ്, സ്ഥിര ആസ്തി സൃഷ്ടിക്കുക, പരിസ്ഥിതി സംരക്ഷണം, ജീവിത നിലവാരം ഉയർത്തുക എന്നിവയും എന്നിവയും ലക്ഷ്യമിടുന്നു. ഈ പദ്ധതിയിൽ ഗ്രാമസഭകളുടെ വർദ്ധിച്ച പങ്കാളിത്തം കൂടാതെ സാമൂഹിക ആഡിറ്റിംഗ്, പങ്കാളിത്ത ആസൂത്രണം, നടത്തിപ്പിലും മേൽ നോട്ടത്തിലും തദ്ദേശ സ്ഥാപനങ്ങളുടെ വർദ്ധിച്ച ഉത്തരവാദിത്വം എന്നീ കാര്യങ്ങളാൽ ജനകീയ അടിത്തറ നിലവിൽ വരുന്നു.തൊഴിലുനുള്ള മൗലിക അവകാശവും, മിനിമം കൂലിയും, സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യവേതനവും ഉറപ്പുനൽകുന്നു എന്ന സവിശേഷതയും ഈ പദ്ധതിയുടെ പ്രധ—ന ഗുണങ്ങളാണ്. ഈ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും ത്രിതല പഞ്ചായത്തുകളുടേയും പൊതു ജനങ്ങളുടേയും സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്. കൂടാതെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഒട്ടനവധി ചുമതലകളും ഉത്തരവാദിത്വങ്ങളും പാലിക്കേണ്ടവയായിട്ടുണ്ട്. തൊഴിലിനിടെ സംഭവിക്കുന്ന അപകടങ്ങൾക്ക് ചികിത്സാ സഹായവും നൽകുന്ന രീതിയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. തൊഴിലിനിടയിൽ ഉണ്ടാകുന്ന മരണത്തിന് 25000 രൂപ ധനസഹായവും ഈ പദ്ധതി വഴി ഉറപ്പുനൽകുന്നു. തൊഴിൽ സ്ഥലങ്ങളിൽ കുട്ടികളെ പരിചരിക്കുന്നതിന് സൗകര്യം, കുടിവെള്ളം, പ്രാഥമിക ചികിത്സക്കായുള്ള മരുന്നുകളുടെ സജ്ജീകരണം, ജോലിയുടെ മോണിറ്ററിംഗ് എന്നിവയും സംസ്ഥാനത്തിന്റെ ചുമതലകളിൽ പെടുന്നവയാണ്. ജനറൽ വിഭാഗത്തിൽ പെട്ടവർക്കും പട്ടിക ജാതി വിഭാഗത്തിൽ പെട്ടവർക്കും ഈ പദ്ധതി വഴി 100 തൊഴിൽ ദിനങ്ങളും ഓരോ തൊഴിൽ ദിനത്തിനും 291 രൂ

പ വേതനവുമാണ് നിലവിൽ ലഭിച്ചുവരുന്നത് എന്നാൽ പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് ഒരു സാമ്പത്തിക വർഷം 150 തൊഴിൽ ദിനങ്ങൾ ലഭിച്ചുവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഈ പദ്ധതി പ്രകാരം 1509 പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്കും 24 പട്ടിക വർഗ വിഭാഗത്തിൽ പെട്ട വർക്കും ഉൾപ്പെടെ ആകെ 5547 അംഗങ്ങൾക്കായി 156789 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം പഞ്ചായത്തിൽ 585.85 ലക്ഷം രൂപയാണ് തൊഴിലുറപ്പ് പദ്ധതി വഴി ചിലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷം പട്ടിക ജാതി വിഭാഗത്തിൽപെട്ട 272 പേരും ജനറൽ വിഭാത്തിൽപെട്ട 531 പേരും 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ചു. പട്ടികവർഗ്ഗത്തിൽ പെട്ട 5 പേർ 150 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ചവരാണ് എന്നത് ശ്രദ്ധേയമാണ്.

ഈ പദ്ദതി വഴി വൃക്ഷതൈ നടൽ, മഴക്കുഴി നിർമ്മാണം, മണ്ണ്, ജലസംരക്ഷണം, ഭൂവികസനം, കുളം നിർമ്മാണം, കുളങ്ങളുടെ പുനരുദ്ധാരണം, ചെക്ക്ഡാം നിർമ്മാണം, മുളകൃഷി, ആട്ടിൻകൂട് നിർമ്മാണം, തൊഴുത്ത് നിർമ്മാണം, അഴുക്കുചാൽ നിർമ്മാണം, തോടുകളുടെ ആഴം കൂട്ടി കയർ ഭൂവസ്ത്രം സ്ഥാപിക്കൽ, സോക്പിറ്റ് നിർമ്മാണം, കമ്പോസ്റ്റ് നിർമ്മാണം, തീറ്റപുൽകൃഷി, കോഴിക്കൂട് നിർമ്മാണം, കിണർ നിർമ്മാണം, കിണർ റീച്ചാർജിംഗ്, എന്നിവയും നടപ്പിലാക്കുന്നു. കൂടാതെ അതിവിദഗ്ധ തൊഴിലാളികളെ വേതനത്തോടൊപ്പം തൊഴിൽ പരിശാലനം നൽകി വിദഗ്ധ തൊഴിലാളികളാക്കി മാറ്റുന്ന പ്രവർത്തികളും പഞ്ചായത്തിൽ നല്ലനിലയിൽ നടന്നുവരുന്നു. പഞ്ചായത്തിലെ യുവജനങ്ങളുടെ കായിക പരിശീലന സൗകര്യം വർദ്ധിപ്പിക്കുന്നതിന് വേണ്ടി വിവിധ പ്രദേശങ്ങളിൽ ഷട്ടിൽ കോർട്ട്, വോളിബോൾ കോർട്ട് എന്നിവയും ഈ പദ്ധതിവഴി നടപ്പിലാക്കി വരുന്നു. നല്ല നിലയിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ചേലക്കര ഗ്രാമപഞ്ചായത്തിൽ നടന്നുവരുന്നു.

ബാലസഭ

വിവധ വാർഡുകളിലായി 18 യൂണിറ്റുകൾ പഞ്ചായത്തിൽ ുണ്ട്. 5 മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളെ ഉൾപ്പെടുത്തിയിട്ടുള്ള ഇത്തരം ബാലസഭ യൂണിറ്റുകളിൽ നിന്നും തെരെഞ്ഞടുത്ത 30 പേർക്ക് ഫുട്ബോള പരിശാലനം നൽകി വരുന്നു. ഇവരുടെ കലാകായിക വാസനകൾ വികസിപ്പികാനാവശ്യമായ വിവധ പദ്ധതികളും CDS ന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു

സാന്ത്വനം

കുറഞ്ഞ നിരക്കിൽ വീടുകളിലെത്തി രക്ത പരിശോധന നടത്തുന്നതിന് ഇഉട ന്റെ കീഴിൽ പരിശാലനം ലഭിച്ച ഒരു വനിതാ വളണ്ടിയർ പ്രവർത്തിച്ചു വരുന്നു.

കാർഷിക കർമ്മസേന

വാർഡ് 2,12 എന്നിവടങ്ങളിൽ 20-25 അംഗങ്ങളെ ഉൾപ്പെടുത്തി കൊണ്ട് കാർഷിക മേഖലയിലെ പണികൾ നടത്തുന്നതിന് രൂപീകരിച്ച കാർഷിക കർമസേന നിലവിൽ നല്ല നിലക്ക് പ്രവർത്തിച്ചു വരുന്നു.

ചേലക്കര ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ 2022

വാർഡ്	ആകെ വീടുകൾ	ജനസംഖ്യ	ആൺ	പെൺ	എസ്.സി. കോളനികൾ	പട്ടികജാതി കുടുംബം	ആൺ	പെൺ	എസ്.സി. ജനസംഖ്യ
1	530	1850	906	944	4	81	146	171	317
2	510	1921	926	995	2	71	137	131	268
3	519	1946	954	992	7	80	1691	203	372
4	504	2115	1061	1054	1	95	511	179	690
5	529	2215	1018	1197	3	87	180	188	368
6	509	2080	1015	1065	4	50	94	99	193
7	600	2301	1168	1133	4	92	150	159	309
8	583	2268	1044	1224	3	114	224	252	476
9	454	1833	929	904	3	114	204	236	440
10	485	2095	1011	1084	2	29	58	49	107
11	530	2254	1110	1144	5	62	103	111	214
12	597	2191	963	972	3	46	89	119	208
13	573	2305	1209	1096	2	54	97	101	198
14	437	1912	978	934	0	1	1	3	4
15	493	1886	941	945	3	88	178	185	363
16	547	2065	966	1099	2	34	94	83	177
17	498	2030	1000	1030	2	68	126	135	261
18	471	1877	936	941	3	87	174	154	328
19	482	2254	1117	1137	2	74	142	126	268
20	448	1854	875	979	3	89	250	237	487
21	376	1383	705	678	0	0	0	0	0
22	440	1754	876	878	1	31	66	84	150
									0
	111115	44389	21708	22425	59	1447	3193	3005	6198

ക്യാൻസർ രോഗികൾ	ആൺ	പെൺ	ഹൃദയ സംബന്ധമായ അസുഖം	ആൺ	പെൺ	ടി.ബി. രോഗികൾ	ആൺ	പെൺ	വികലാംഗരുടെ എണ്ണം	ആൺ	പെൺ	വിധവകളുടെ എണ്ണം	മന്ദബുദ്ധി ആയവരുടെ എണ്ണം	ആൺ	പെൺ
6	2	4	21	11	10	2	2	0	9	5	4	156	7	4	3
2	2	0	29	13	16	0	0	0	6	5	1	113	2	2	0
7	2	5	33	22	11	0	0	0	9	6	3	128	4	3	1
3	1	2	111	73	38	0	0	0	8	4	4	86	8	3	5
8	2	6	21	15	6	0	0	0	7	6	1	124	3	2	1
8	3	5	37	23	14	0	0	0	14	9	5	110	6	2	4
6	3	3	47	35	12	0	0	0	19	8	11	159	14	4	10
5	3	2	45	21	24	0	0	0	8	6	2	149	0	0	0
8	1	7	35	19	14	0	0	0	11	9	2	119	5	3	2
6	2	4	43	33	10	1	0	0	7	4	3	116	2	1	1
7	1	6	24	14	10	1	0	0	18	11	7	168	6	4	2
10	2	8	25	15	10	2	1	1	8	7	1	135	4	2	2
14	2	12	57	31	26	1	1	0	13	7	6	131	3	2	1
10	1	9	29	23	6	0	0	0	15	11	4	88	9	5	4
10	4	6	19	13	6	0	0	0	14	8	6	126	8	4	4
11	3	8	22	16	6	0	0	0	9	4	5	92	2	1	1
6	4	2	74	45	29	2	1	1	19	14	5	94	4	4	0
7	1	6	23	16	7	0	0	0	8	5	3	148	7	2	5
4	1	3	8	6	2	2	1	1	15	13	2	169	2	1	1
8	3	5	35	23	12	2	0	2	13	7	6	66	1	1	0
8	3	5	19	8	11	0	0	0	3	1	2	51	6	3	3
12	2	10	75	36	40	0	0	0	12	8	4	107	4	2	2
166	48	116	833	511	320	13	6	7	245	158	87	2635	107	55	51

വാർഡ്	കുട്ടികൾ ഇല്ലാത്ത ദമ്പതികൾ	ഷുഗർ രോഗികൾ	ആൺ	പെൺ	പ്രഷർ രോഗികൾ	ആൺ	പെൺ	ഒറ്റക്ക് താമസിക്കുന്നവർ	അച്ഛനും അമ്മയും നഷ്ടപ്പെട്ട് അനാഥരായവർ	പട്ടികവർഗ കുടുംബം	പട്ടികവർഗ ജനസംഖ്യ	ആൺ	പെൺ
1	1	146	65	81	157	68	89	24	0	0	0	0	0
2	3	155	49	106	207	86	121	40	0	0	0	0	0
3	16	161	75	86	163	77	86	22	0	0	0	0	0
4	5	250	59	191	253	145	108	23	0	0	0	0	0
5	4	209	114	95	222	109	113	25	0	0	0	0	0
6	6	190	85	105	220	101	119	12	0	0	0	0	0
7	8	100	55	45	116	54	62	26	0	0	0	0	0
8	13	152	52	100	179	85	94	28	0	0	0	0	0
9	5	86	41	45	186	85	101	34	0	0	0	0	0
10	6	113	61	52	154	69	85	11	0	21	91	46	45
11	3	320	171	149	240	121	119	24	0	0	0	0	0
12	6	221	93	128	234	130	104	19	0	0	0	0	0
13	10	149	66	83	156	53	103	30	1	0	0	0	0
14	6	88	42	46	150	68	82	22	0	0	0	0	0
15	7	106	46	60	105	45	60	30	0	0	0	0	0
16	14	102	47	55	116	56	60	11	0	0	0	0	0
17	8	166	77	89	179	97	82	26	0	0	0	0	0
18	13	137	67	70	180	74	106	14	0	0	0	0	0
19	3	148	68	80	132	54	78	12	1	0	0	0	0
20	4	182	80	102	167	94	73	20	0	0	0	0	0
21	4	56	28	28	62	30	32	17	0	0	0	0	0
22	6	184	93	91	175	65	110	19					
ആകെ	151	3421	1534	1887	3753	1766	1987	489	2	21	91	46	45

വാർഡ്	HIV	കുഷ്ഠ രോഗികൾ	കോവിഡ് മരണം	ആൺ	പെൺ	കിടപ്പിലായ ആളുകൾ	ആൺ	പെൺ
1	0	0	4	2	2	10	3	7
2	0	0	5	2	3	11	2	9
3	0	0	10	6	4	12	2	10
4	0	0	4	1	3	6	4	2
5	0	0	4	2	2	4	2	2
6	0	0	5	3	2	7	3	4
7	0	0	3	3	0	3	2	1
8	1	0	4	3	1	12	3	9
9	0	0	4	1	3	4	2	2
10	0	0	5	3	2	18	7	11
11	0	0	6	2	4	10	4	6
12	0	0	1	0	1	19	7	12
13	0	0	2	2	0	10	3	7
14	0	0	4	2	2	17	7	10
15	0	0	3	1	2	30	11	19
16	0	0	5	3	2	12	8	4
17	0	0	5	4	1	42	15	27
18	0	0	3	2	1	7	2	5
19	1	0	4	2	2	8	2	6
20	0	0	2	2	0	12	4	8
21	0	0	2	1	1	5	2	3
22	1	0	5	3	2	7	3	4
ആകെ	3	0	90	50	40	266	98	168

വാർഡ്	ഡയാലിസിസ് രോഗ്കളുടെ എണ്ണം	കാഴ്ച ഇല്ലാത്തവർ	കേൾവി ഇല്ലാത്തവർ	സംസാര ശേഷി ഇല്ലാത്തവർ	കിഡ്നി മാറ്റി വെച്ചവർ	കിഡ്നി രോഗികൾ	മാനസിക രോഗികൾ
1	0	1	2	2	0	7	6
2	1	1	4	1	0	7	14
3	0	2	2	3	0	5	8
4	1	1	9	3	0	2	8
5	0	0	0	0	1	3	5
6	2	2	3	6	2	0	10
7	2	1	3	5	0	7	10
8	3	2	5	3	1	3	10
9	0	2	7	2	0	3	5
10	1	1	3	2	1	8	7
11	3	2	2	5	0	6	8
12	2	2	2	3	0	7	4
13	0	0	2	7	1	3	6
14	1	2	2	6	2	8	7
15	0	2	6	4	0	4	7
16	1	1	3	0	3	3	7
17	1	2	1	0	0	13	4
18	0	0	9	1	0	7	21
19	.	3	0	1	0	2	5
20	1	1	2	2	0	4	2
21	1	2	6	0	0	4	6
22	0	1	5	0	1	12	8
ആകെ	20	31	78	56	12	118	168

5 വയസ്സിന് താഴെ	ആൺ	പെൺ	18 വയസ്സിന് താഴെ	ആൺ	പെൺ	18–59 വയസ്സ്	ആൺ	പെൺ	60 വയസ്സിന് മുകളിൽ	ആൺ	പെൺ
81	41	40	290	155	135	1167	532	635	312	178	134
110	57	53	424	201	223	1019	511	508	368	163	205
133	71	62	415	219	196	1078	511	567	320	153	167
125	54	71	467	256	211	1197	583	614	326	168	158
96	45	51	422	198	224	1245	565	680	452	210	242
124	56	68	419	209	210	1203	605	598	334	145	189
169	95	74	432	213	219	1327	690	637	373	170	203
139	65	74	475	191	284	1387	665	722	267	123	144
72	23	49	423	223	200	992	536	456	346	147	199
128	62	66	401	183	218	1266	627	639	300	139	161
146	72	74	501	246	255	1289	652	637	318	140	178
110	60	50	439	182	257	962	393	569	680	314	366
137	71	66	472	247	225	1332	679	653	364	212	152
118	62	56	373	180	193	1042	544	498	379	176	203
117	50	67	315	168	147	1119	571	548	335	152	183
97	51	46	284	132	152	1241	595	646	443	188	255
90	47	43	376	181	195	1215	605	610	349	165	184
105	58	47	312	159	153	1154	599	555	306	120	186
152	77	75	233	118	115	1552	768	784	317	154	163
91	44	47	322	163	159	1139	534	605	302	134	168
56	30	26	373	190	183	700	356	344	254	129	125
82	39	43	292	165	127	1077	532	545	303	140	163
2478	1230	1248	8460	4179	4281	25703	12653	13050	7748	3620	4128

ചേലക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

ചേലക്കര ഗ്രാമപഞ്ചായത്ത് ഓഫീസ് സ്റ്റാഫ് അംഗങ്ങൾ

ചേലക്കര ഗ്രാമപഞ്ചായത്ത്
എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ് സ്റ്റാഫ് അംഗങ്ങൾമ

ചേലക്കര ഗ്രാമപഞ്ചായത്ത് ആശ വർക്കേർസ്

കുടുംബശ്രീ അംഗങ്ങൾ

ചേലക്കര ഗ്രാമപഞ്ചായത്ത് MGNREGS ഓഫീസ് സ്റ്റാഫ് അംഗങ്ങൾ

ചേലക്കര ഗ്രാമപഞ്ചായത്ത് കുടുംബശ്രീ ഓഫീസ് സ്റ്റാഫ് അംഗങ്ങൾ

CHELAKKARA
GRAMA PANCHAYAT

Chelakkara Post, Thrissur Dt., Kerala -680586
Phone: 04884-252037, Email id - chelakkaragp@gmail.com